


COLLEGE LIBRARY, BANGALORE



നവദമ്പതിമാക്ക്
ഞങ്ങളുടെ
മധുരാശംസകൾ.
കല്ല്യാണസാരികൾക്കും
മറെറല്ലാ തുണിത്തരങ്ങൾ
ക്കും: ചാക്കോളാസ് സില്ക്ക് ഹൌസ്
Chakolas
SILK HOUSE
TRICHUR & ERNAKULAM




CHANDRIKA
AYURVEDIC SOAP
CHANDRIKA SOAP
AYURVEDIC TOILET
ചർമ്മരോഗങ്ങൾ
വരാതിരിപ്പാനും
വന്നതിനെ മാററുവാനും
ചന്ദ്രിക ഔഷധസോപ്പ്
പതിവായി ഉപയോഗിക്കുക

അഖിലകേരള സൊഡാലിററി മാസിക

ഒററപ്രതി: 17ന.പ
ആണ്ടിൽ: 2 രൂപ.
(മുൻകൂർ)

പത്രാധിപർ: ഫാദർ ജെ. ചെമ്മണ്ണൂർ, ബി. എ.

# മേരിവിജയം

PHONE: 603
TRICHUR

പുസ്തകം XIV ★ 1964 ജൂലായ് ★ ലക്കം VII

## നെഹ്റുവിന്റെ ചൈതന്യം

സ്വതന്ത്രഭാരതത്തിന്റെ ആദ്യത്തെ പ്രധാനമന്ത്രിയും, നവഭാരതത്തിന്റെ ശില്പിയും, സ്വാതന്ത്ര്യത്തിന്റെ കാവൽഭടനും, ജനകീയഭരണത്തിന്റെ നെടുംതൂണും, ന്യൂനപക്ഷങ്ങളുടെ രക്ഷാകേന്ദ്രവുമായ ജവഹർലാൽ നെഹ്റു നിര്യാതനായിക്കഴിഞ്ഞു. നെഹ്റുവിനു ശേഷം ഇന്ത്യയിൽ വിപ്ലവങ്ങൾ പൊട്ടിപ്പുറപ്പെടുമെന്ന് പ്രതീക്ഷിച്ചിരുന്നവരുടെ കണക്കുകൂട്ടലുകളെയെല്ലാം തകിടംമറിച്ചുകൊണ്ട് സമാധാനപരമായ അന്തരീക്ഷത്തിൽ ലാൽബഹദൂർശാസ്ത്രിയും സഹമന്ത്രിമാരും ഭരണകൂടം ഏറെറടുക്കുകയും ചെയ്തു. അങ്ങനെ ഭാരതത്തിന്റെ ജനായത്തഭരണം സുഭദ്രതയുടെയും വിജയത്തിന്റെയും വെന്നിക്കൊടികൾ പറപ്പിക്കുകയാണ്. നെഹ്റുവിന്റെ നയങ്ങൾതന്നെ പിൻതുടരുമെന്നും പ്രവൃത്തിയിലേയ്ക്കു പകർത്തുമെന്നും ശാസ്ത്രി പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. നെഹ്റുവിന്റെ വിശാലമനസ്കതയും, ഏകലോകവീക്ഷണഗതിയും, ഏററവും നിസ്സാരനായ വ്യക്തിയോടുപോലുമുള്ള ബഹുമാനവും സ്നേഹവും, മർദ്ദിക്കപ്പെടുന്നവരോടുള്ള അനുഭാവവും, സർവ്വോപരി ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ വകവെച്ചുകൊടുത്ത് ഭൂരിപക്ഷത്തിന്റെ മർദ്ദനത്തിൽനിന്ന് അവരെ സംരക്ഷിക്കുന്നതിലുള്ള ജാഗ്രതയും പുതിയ ഭരണനേതാക്കളുടെ നയങ്ങളിലും ആദർശങ്ങളിലും അലിഞ്ഞുചേർന്നുകാണുവാൻ ഞങ്ങൾ അഭിലഷിക്കുന്നു. ഇന്ത്യ ഹിന്ദുക്കൾക്കു മാത്രം, ന്യൂനപക്ഷങ്ങൾ നശിക്കണം, എന്നും മററുമുള്ള മൃഗീയഭൂരിപക്ഷത്തിന്റെ ചില പ്രവണതകൾ അങ്ങിങ്ങായി തലപൊക്കി നാട്ടിലെ സമാധാനവും ഭദ്രതയും ശിഥിലമാക്കിക്കളയാതിരിക്കാൻ നമ്മുടെ ഭരണമേധാവികൾ കരുതലോടെ പ്രവർത്തിക്കേണ്ടതാണ്. ഇന്ത്യയിലെ ക്രിസ്ത്യാനികളും മുസ്ളീമുകളും ഈ മണ്ണിന്റെ മക്കൾതന്നെയാണെന്നും മതസംബന്ധമായ കാര്യങ്ങളിൽമാത്രമേ അവർ ഹിന്ദുക്കളിൽനിന്നു വ്യത്യസ്തരായിരിക്കുന്നുള്ളുവെന്നും മനസ്സിലാക്കിക്കൊണ്ട് ഭരണഘടനയനുസരിച്ചുള്ള അവകാശങ്ങളും സംരക്ഷണയും ന്യൂനപക്ഷങ്ങൾക്കു നൽകുവാൻ നമ്മുടെ ഭരണകൂടം മുന്നോട്ടു വരേണ്ടതാണ്. അങ്ങനെ നെഹ്റുവിന്റെ ചൈതന്യം ഇന്ത്യൻ ഭരണനേതാക്കളിലൂടെ നെടുനാൾ നിവസിക്കട്ടെ.

---

കവർചിത്രം:
വിശുദ്ധ മരിയ ഗൊരേററി (തിരുനാൾ: ജൂലായി, 6.)

## ദേവാലയധ്വംസനങ്ങൾ

കേരളത്തിലെ പതിനാറിലധികം ക്രൈസ്തവ ദേവാലയങ്ങൾ ധ്വംസിക്കപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്. അക്രമികളുടെ പേക്കൂത്തുകൾ പലതും അവയിൽ നടന്നു; അൾത്താരകളും സക്രാരികളും അവർ തകർത്തു; തിരുവോസ്തികൾ ചിതറുകയും ചവിട്ടിത്തേയ്ക്കുകയും ചെയ്തു; തിരുസ്വരൂപങ്ങൾ തല്ലിപ്പൊളിച്ചു. ദൈവവിശ്വാസികളേവരുടേയും, പ്രത്യേകിച്ച് ക്രൈസ്തവരുടേയും, ഉൽക്കടമായ ഉൽകണ്ഠയ്ക്കും ആളിക്കത്തുന്ന അമർഷത്തിനും കാരണമായിത്തീർന്നിട്ടുണ്ട് ഈ ഹീനസംഭവങ്ങൾ. രണ്ടു കാര്യങ്ങളാണ് ഇക്കാര്യത്തിൽ കത്തോലിക്കർക്ക് കരണീയമായിട്ടുള്ളത്. ഒന്നാമത്, നിന്ദിക്കപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്ത ക്രിസ്തുനാഥന് ആരാധനയും പരിഹാരകൃത്യങ്ങളും അർപ്പിക്കുക. അതിനായി, മരിയസഖ്യാംഗങ്ങൾ മുന്നോട്ടു വരേണ്ടിയിരിക്കുന്നു. പതിമൂന്നു മണിക്കൂർ ആരാധനയും ഒരു മണിക്കൂർ ആരാധനകളും പ്രത്യേകമായി നടത്തുക, രാത്രിയിൽ പള്ളിസംരക്ഷണം ഊഴമനുസരിച്ച് നടത്തുക, പരിഹാരപ്രദക്ഷിണങ്ങൾ നടത്തുക—എന്നിങ്ങനെ പലതും നമുക്കു ചെയ്യാൻ കഴിയും. രണ്ടാമതായി, ഇത്രയെല്ലാം ദേവാലയധ്വംസനങ്ങൾ നടന്നിട്ടും, കുററക്കാരെ കണ്ടുപിടിക്കുന്നതിൽ ഗവമ്മെണ്ട് കാണിക്കുന്ന ലജ്ജാകരമായ അനാസ്ഥയിൽ കടുത്ത പ്രതിഷേധം പ്രകടിപ്പിക്കുക. ഇതിനായി മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ടുള്ള ശക്തിയായ പ്രകടനങ്ങൾ നടത്തുക, മഹായോഗങ്ങൾ സംഘടിപ്പിക്കുക, പ്രമേയങ്ങൾ പാസ്സാക്കി അയയ്ക്കുക—എന്നിങ്ങനെയുള്ള വിവിധ പരിപാടികൾ നാം സ്വീകരിക്കേണ്ടതാണ്. കാഷ്മീരിൽ മുഹമ്മദ് നബിയുടെ തിരുമുടി മോഷ്ടിക്കപ്പെട്ടപ്പോൾ, രണ്ടു ദിവസത്തിനുള്ളിൽത്തന്നെ സംസ്ഥാനഗവമ്മെണ്ടും കേന്ദ്രഗവമ്മെണ്ടുംകൂടി കള്ളന്മാരെ കണ്ടുപിടിച്ചു. എന്നാൽ ക്രിസ്തുവിന്റെ പരിപാവനശരീരമാകുന്ന വി. കുർബ്ബാന നിലത്തിട്ട് ചവുട്ടിയിട്ടും, കുററവാളികളെ കണ്ടുപിടിക്കുന്നതിൽ ഗവമ്മെണ്ട് അനാസ്ഥയാണ് കാണിക്കുന്നത് എന്നുള്ളത് ക്രിസ്ത്യാനികൾക്ക് സൂചനാസമൃദ്ധമായ ഒരു ചുമരെഴുത്താണ്. ദിവ്യകാരുണ്യത്തോടുള്ള നമ്മുടെ ഭക്തിയെ ചൂടുപിടിപ്പിക്കുന്നതിനും സജീവമാക്കുന്നതിനും ഈ സന്ദർഭം വിനിയോഗിക്കുവാനും നാം മറന്നുപോകരുത്.

— പത്രാധിപർ

# സൊഡാലിററി ഒപ്പീസ്

— ഫാദർ മാത്യു മങ്കുഴിക്കരി —

*എറണാകുളം അതിരൂപതയിലെ മുൻസൊഡാലിററി പ്രൊമോട്ടറും സുപ്രസിദ്ധ ധ്യാനപ്രാസംഗികനും ഗ്രന്ഥകാരനുമായ ഫാദർ മങ്കുഴിക്കരി ഈ പംക്തികളിൽകൂടി സൊഡാലിററി ഒപ്പീസിന്റെ വിജ്ഞാനപ്രദമായ ഒരു വിവരണം നൽകുന്നതായിരിക്കും. — പത്രാധിപർ.*

അമലോത്ഭവമാതാവിന്റെ ചെറിയ ഒപ്പീസ് രചിച്ചതു് ആരാണെന്നു പറയുവാൻ ഇനിയും സാദ്ധ്യമല്ലാതെയാണിരിക്കുന്നതു്. 16-ാം നൂററാണ്ടിന്റെ മദ്ധ്യഘട്ടത്തിൽ ഈ ഒപ്പീസ് ഏതാണ്ടു് ഇന്നു കാണുന്ന വിധത്തിൽ ചൊല്ലിയിരുന്നു. ഈശോസഭയിലെ ഒരു സന്യാസസഹോദരനായിരുന്ന വി. അൽഫോൻസ് റൊഡ്രിഗസ് തന്റെ ജീവിതത്തിന്റെ ഒടുവിലത്തെ നാല്പതുകൊല്ലം പ്രസ്തുത ഒപ്പീസ് ചൊല്ലിയിരുന്നതായി കാണുന്നുണ്ടു്. 1615-ൽ അഞ്ചാം പോൾ മാർപ്പാപ്പ അ. മ. ചെറിയ ഒപ്പീസിനു് അംഗീകാരം നൽകുകയുണ്ടായി. 1621 ആയതോടുകൂടി ഇതു മുദ്രണംചെയ്യപ്പെടുകയും പല ഭാഷകളിലേയ്ക്കും തർജ്ജമചെയ്യപ്പെടുകയും ചെയ്തു. എന്നാൽ ചില തെററിദ്ധാരണകൾ മൂലം 1678-ൽ ഈ പ്രാർത്ഥന ഔദ്യോഗികമായി നിരോധിക്കപ്പെട്ടു. പക്ഷേ ഓസ്ട്രിയൻ ചക്രവർത്തി ലെയോപ്പോൾഡ് ഒന്നാമനും സ്പെയിൻ രാജാവു് ചാൾസ് രണ്ടാമനും കൂടി 11-ാം ഇന്നസെൻറ് മാർപ്പാപ്പായ്ക്കു് അപേക്ഷ സമർപ്പിച്ചതിന്റെ ഫലമായി അടുത്ത കൊല്ലംതന്നെ ഈ നിരോധനം നീക്കപ്പെട്ടു. 9-ാം പീയൂസ് മാർപ്പാപ്പ പ്രസ്തുത ഒപ്പീസ് ചൊല്ലുന്നവർക്ക് 300 ദിവസത്തെ ദണ്ഡവിമോചനം നൽകിയിട്ടുണ്ടു്.

## വിഭാഗങ്ങൾ

വൈദികരുടെ കാനോനിക ജപംപോലെ അ. മാ. ഒപ്പീസ് സമയക്രമമനുസരിച്ചു് യാമങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. മൂന്നു മണിക്കൂർവീതം ഇടവിട്ടു നടത്തേണ്ട പ്രാർത്ഥനയാകയാലാണ് യാമങ്ങൾ എന്നു പറയുന്നതു്. ഈ ഒപ്പീസിൽ ഏഴ് യാമപ്രാർത്ഥനകളേയുള്ളു. അവയുടെ പേരും സമയക്രമവും ഇങ്ങനെയാണ്.

1. ഉഷസ്സിനു മുമ്പേ ചൊല്ലേണ്ട പ്രഭാതജപം.
2 രാവിലെ ആറുമണിക്കുള്ള ഒന്നാംയാമം.
3. ഒമ്പതു മണിക്കുള്ള മൂന്നാംയാമം.
4. പന്ത്രണ്ടു മണിക്കുള്ള ആറാംയാമം.
5. ഉച്ച കഴിഞ്ഞു മൂന്നു മണിക്കുള്ള ഒമ്പതാംയാമം
6. ആറു മണിക്കുള്ള സന്ധ്യാജപം.
7. അനന്തരമുള്ള ജപം.

എന്നാൽ ഇപ്രകാരം യാമങ്ങൾതോറും പ്രാർത്ഥിക്കുവാൻ സാധാരണജനങ്ങൾക്കു് സാദ്ധ്യമല്ലാത്തതിനാൽ എല്ലാ ഭാഗങ്ങളുംകൂടി ഒരുമിച്ചു ചൊല്ലിവരുന്നു.

## പരിശുദ്ധാത്മാവിനോടുള്ള ജപം

ഒപ്പീസിനു പ്രാരംഭമായി പരിശുദ്ധാത്മാവിനോടുള്ള ജപം ചൊല്ലുന്നുണ്ടല്ലോ. എന്നാൽ ഇതു് അ. മാ. ഒപ്പീസിന്റെ ഒരു ഭാഗമല്ല. എങ്കിലും എല്ലാ നല്ല കാര്യങ്ങളുടേയും ആരംഭത്തിൽ പരിശുദ്ധാത്മാവിന്റെ സഹായവും സംരക്ഷണവും പ്രാർത്ഥിക്കുന്ന പതിവനുസരിച്ചു് ഈ ജപം ഏററം അവസരോചിതംതന്നെ. ദൈവികകാര്യങ്ങൾ ശരിയായി ഗ്രഹിക്കുവാനായി നമ്മുടെ ബുദ്ധിക്കു പ്രകാശവും, അവ യഥാവിധി പ്രവൃത്തിയിലാക്കുവാനായി മനസ്സിനു ശക്തിയും നല്കണമെന്നാണു് പരിശുദ്ധാത്മാവിനോടു നാം അപേക്ഷിക്കുന്നതു്.

## ഒപ്പീസിന്റെ മുഖ്യമായ ഉദ്ദേശ്യം

പരി. കന്യകയെ മഹത്വപ്പെടുത്തിയ ദൈവത്തിന്റെ മഹത്വം ഏററുപറയുകയാണ് ഈ ഔദ്യോഗിക പ്രാർത്ഥനയുടെ മുഖ്യമായ ഉദ്ദേശമെന്നു് സഖ്യാംഗങ്ങൾ പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ഓരോ യാമത്തിലും ആവർത്തിച്ചു ചൊല്ലുന്ന ജപങ്ങൾതന്നെ ഈ കാര്യം വ്യക്തമാക്കുന്നുണ്ടു്. അവ താഴെ പറയുന്നവയാണ്.

1. സകല സൃഷ്ടികളോടും ചേർന്നു് സകല കാലങ്ങളിലും ദൈവത്തെ സ്തുതിക്കുന്നതിനുള്ള ത്രിത്വസ്തുതി.

2. "കർത്താവിനെ നിങ്ങൾ സ്തുതിക്കുക" എന്നർത്ഥമുള്ള ഹല്ലേലൂയ്യ. അതിനു പകരം നോമ്പുകാലത്തു് "നിത്യമഹത്വത്തിന്റെ രാജാവായ കർത്താവേ, അങ്ങേയ്ക്കു സ്തുതി" എന്നു ചൊല്ലുന്നു.

3. യാമപ്രാർത്ഥനകളുടെ അവസാനത്തിലുള്ള "കാർത്താവിനെ നാം വാഴ്ത്തുക, ദൈവത്തിനു് സ്തുതി" എന്ന ഭാഗം. ആകയാൽ ഈ ഭാഗങ്ങൾ മാതാവിനോടുകൂടി ചൊല്ലി പരിശുദ്ധത്രിത്വത്തെ നമ്മൾ പ്രകീർത്തിക്കണം.

ആത്മാക്കളുടെ രക്ഷയ്ക്കായി പ്രാർത്ഥിക്കുന്നതും ദൈവത്തെ മഹത്വപ്പെടുത്തുവാൻ പ്രയോജനപ്പെടുമല്ലോ. ആകയാൽ ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കളുടെ മോചനത്തിനായി അപേക്ഷിച്ചുകൊണ്ടു് ഓരോ യാമവും അവസാനിപ്പിക്കുന്നു.

## പ്രഭാതജപം

യാമപ്രാർത്ഥനകളിൽ ഒന്നാമതു വരുന്നതു് പ്രഭാതജപമാണ്. അതു് മരിയകീർത്തനങ്ങൾക്കുള്ള ഒരു നല്ല പ്രാരംഭവുമാകുന്നു. "ഓ, എന്റെ അധരങ്ങളേ, നിങ്ങൾ

(ശേഷം 221-ാം പേജിൽ)

ആരക്കുഴ അപ്പച്ചൻ

ചെറുകഥ

# വേദനിക്കുന്ന നിമിഷങ്ങൾ

"ചെമ്പുപാത്രം പൂശാനുണ്ടോ? ചെമ്പുപാത്രം നന്നാക്കാനുണ്ടോ? പാത്രം പൂശാനുണ്ടോ?........"

ഇടതടവില്ലാതെ ആ ചോദ്യം കേട്ടുതുടങ്ങിയിട്ട് കുറെ നേരമായി. ആരും അതിനുത്തരം നൽകിയില്ല.

ആ സ്വരത്തിനു ശക്തി കുറഞ്ഞുവന്നു. എങ്കിലും അവൻ അതേവാക്കുകൾതന്നെ ആവൎത്തിച്ചുകൊണ്ടിരുന്നു. അതാണ് ജീവിതസമരത്തിലെ അവന്റെ ഏകായുധം. അടർക്കളത്തിൽ തളൎന്നുവീഴുന്നതുവരെ അവനതുകൊണ്ടു പടപൊരുതും.

അവൻ ആ ഗെയിററിനടുത്തു തന്റെ കൊച്ചു ചാക്കുകെട്ട് നിലത്തു വച്ചു.

"അമ്മാ, പാത്രം പൂശാനുണ്ടോ....?" സൎവ്വശക്തിയും ഉപയോഗിച്ചു വിളിച്ചുചോദിച്ചു.

"ബൌ, ബൌ, ബൌ," കിണ്ണത്തിൽനിന്നു പാൽ കുടിക്കുന്നതിനിടയിൽ അൾസേഷൻനായ മാത്രം അവനെ ശ്രദ്ധിച്ചു.

"അമ്മച്ചീ, ദേ, ഒരു ധൎമ്മക്കാരൻ." കാപ്പി കഴിഞ്ഞു പന്തുമായി മുററത്തിറങ്ങിയ കുട്ടികളിൽ ആരോ അവനെ കുടുംബനായികയ്ക്കു പരിചയപ്പെടുത്തി.

"ഞാൻ ധൎമ്മക്കാരനല്ല" അവന്റെ അഭിമാനം തലപൊക്കി. അതു കേട്ടുകൊണ്ടാണ് സൂസന്നാമ്മ വരാന്തയിലേയ്ക്കു ഇറങ്ങിവന്നതു്.

"നീ പിന്നെ ആരാടാ ചെറുക്കാ?" അവൾ പുച്ഛരസത്തിൽ ചോദിച്ചു.

"പാത്രം പൂശിത്തരാം അമ്മാ."

"ഓ! പാത്രം പൂശുകാരനാണല്ലെ! നിനക്കു പൂശാനറിയാമോടാ?"

"ഉവ്വ് അമ്മാ."

"നിന്നെ കണ്ടിട്ടു തോന്നുന്നില്ലല്ലോടാ."

"ഉവ്വ അമ്മാ. എനിക്കു നന്നായറിയാം."

"ആട്ടെ, ഒന്നു പരീക്ഷിച്ചുകളയാം." അവൾ വേലക്കാരി പാറുവിനു കല്പനകൊടുത്തു, കൂലിക്കാൎക്കു് അരി വയ്ക്കുന്ന ചെമ്പുകലം എടുത്തു് മുററത്തുവയ്ക്കുവാൻ.

അവൻ ഗെയിററു തുറന്നു മുററത്തു പ്രവേശിച്ചു.

"എവിടെയാണ് ഉല പിടിപ്പിക്കുന്നതു് അമ്മാ?"

"ആ വിറകുപുരയ്ക്കടുത്തെങ്ങാനും ഉണ്ടാക്കിക്കോടാ" അവർ അകത്തേയ്ക്കു പോയി.

അവൻ ചളി കുഴച്ച് ഉല പിടിപ്പിച്ചിട്ട് അടുക്കളവാതുക്കൽ ചെന്നു. പാറു അകത്തു മീൻ പൊരിയ്ക്കുകയാണു്. അതു കണ്ടപ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞു. നാലു മാസം മുൻപുവരെ മീൻ വറുത്തു കൂട്ടാതെ അവ ചോറുണ്ടിട്ടില്ല.

ജോലികഴിഞ്ഞു് അന്തിമയങ്ങുന്നതിനുമുൻപ് എന്നും അപ്പൻ വീട്ടിലെത്തും അരിയും വീട്ടുസാമാനങ്ങളുമായി. എന്തു വില കൊടുത്താലും മീൻ വാങ്ങാൻ അപ്പൻ മുടക്കം വരുത്തുകയില്ല.

"വിശക്കുന്നതിനു വല്ലതും തന്നേ അമ്മാ" അവൻ കണ്ണുകൾ തുടച്ചിട്ടു ചോദിച്ചു.

"ജോലി തുടങ്ങുന്നതിനു മുൻപ് ഇവൻ കൂലി ചോദിച്ചുതുടങ്ങിയല്ലൊ മാതാവേ! ഇക്കണക്കിനു് ഇതു പൂശിക്കഴിയുമ്പോഴേയ്ക്കും പുരയിടത്തിന്റെ പകുതി എഴുതിക്കൊടുക്കേണ്ടിവരുമെന്നാ തോന്നുന്നേ!"

"ഇന്നലെ ഉച്ചയ്ക്കു് ഒരു പാത്രം ചായ കുടിച്ചതാണമ്മാ"


## ഇതും വായിക്കേണ്ടതാണു്.

*ആയിരത്തിത്തൊള്ളായിരത്തി അമ്പത്തിനാലു് പകുതിയും കഴിഞ്ഞു. മാസികയുടെ വരിസംഖ്യ എപ്പോഴും മുൻകൂറായി അടച്ചിരിക്കേണ്ടതാണെന്നു് എല്ലാവൎക്കും അറിയാമെങ്കിലും ഇക്കൊല്ലത്തെ വരിപ്പണം തീൎക്കാത്ത കുറേപ്പേർ ഇനിയുമുണ്ടു്. നിങ്ങളുടെ വരിസംഖ്യയല്ലാതെ വേറെ മൂലധനം മേരിവിജയത്തിനില്ല. ഏജണ്ടുമാരും വരിക്കാരും കഴിയുംവേഗം വരിപ്പണം തീർത്തുതരുവാൻ അഭ്യൎത്ഥിക്കുന്നു.*

ഏജണ്ടുമാരുടെ പണമിടപാടുകളിൽ കശപിശയുണ്ടാകാതിരിക്കുവാൻ രശീതു് ചോദിച്ചുവാങ്ങുന്നതും ചോദിക്കാതെ നല്കുന്നതും നല്ലതാണു്. രശീതുപുസ്തകങ്ങൾ തയ്യാറുണ്ടു്. ഏജണ്ടുമാൎക്കു് സൌജന്യം. വേണ്ടവർ എഴുതുക. പണമിടപാടുകളിലും കത്തിടപാടുകളിലും തങ്ങളുടെ മേൽവിലാസനമ്പർ കാണിക്കുവാൻ മറക്കരുതു എന്നു് വീണ്ടും ഓൎമ്മപ്പെടുത്തുന്നു. മാസികയുടെ കവർപേജിൽ കാണുന്ന K. 300 എന്നതല്ല, മാസിക നിങ്ങൾക്കു കിട്ടുമ്പോൾ നിങ്ങളുടെ മേൽവിലാസത്തിന്നടുത്തു് അച്ചടിച്ചിരിക്കുന്നതാണു് മേൽവിലാസനമ്പർ എന്നുകൂടി അറിഞ്ഞിരുന്നാൽ നന്നു്. — മാനേജർ.

പാറ ഒരു കിണ്ണം അവന്റെ മുൻപിൽ കൊണ്ടുവച്ചു. നിറയെ തണുത്തു മരച്ച കഞ്ഞിവെള്ളം. അതിന്റെ ആഴമറിയാൻ മുങ്ങിനോക്കേണ്ടിവന്നില്ല. അവൻ കൈ താഴ്ത്തിനോക്കി, അതിനടിയിൽ വല്ല വററും ഉണ്ടോ എന്ന്. എന്തോ ചിലതു് കൈയിൽ തടഞ്ഞു.

"അഞ്ചാറ വററുംകൂടി അമ്മാ" അവൻ കെഞ്ചി.

അതു കേൾക്കാഞ്ഞിട്ടോ, അതോ, കേട്ടില്ലാന്നു നടിച്ചിട്ടോ, ആരും അങ്ങോട്ടു തിരിഞ്ഞുനോക്കിയില്ല. ഒററ വലിക്കു് അതു മുഴുവൻ അവനകത്താക്കി. അറിയാതെ അതിൽ വീണതാകാം, അടിയിൽക്കിടന്ന അഞ്ചാറ വററുകളും പെറുക്കി വായിലിട്ടു.

കിണ്ണം കഴുകി തിണ്ണയിൽ വച്ചിട്ടു് ഒരു ചിരട്ട കൊടുത്തു തീ വാങ്ങുവാൻ. പാറ കുറെ തീക്കനലുകൾ കോരിക്കൊടുത്തു. അവൻ അതു കൊണ്ടുപോയി, ഉലയിൽ തീ പിടിപ്പിച്ചു. ചെമ്പുകലം ചൂടുപിടിപ്പിച്ചു് ചളുങ്ങിയിരുന്നിടത്തു് ഒന്നു മുട്ടി. അപ്പോഴേയ്ക്കും സൂസന്നാമ്മ എവിടെനിന്നോ അവിടെ ഓടിയെത്തി.

"നോട്ടമില്ലെങ്കിൽ ഇതുങ്ങളൊക്കെ തോന്നിയതുപോലെ കാട്ടിവെയ്ക്കും. കൂലി കൊടുക്കുന്നതല്ലെ." താൻ വന്നതിന്റെ ന്യായീകരണം അവർ ഉറക്കെ ആത്മഗതംചെയ്തു.

"നിനക്കു പണിയറിയാമല്ലോടാ." അല്പനേരത്തെ നിരീക്ഷണത്തിനുശേഷം അവൾ സർട്ടിഫിക്കററു നൽകി. ആ അഭിനന്ദനത്തിൽ അവൻ ഒന്നു പുഞ്ചിരിക്കുക മാത്രം ചെയ്തു.

തന്റെ പണി അവൾക്കിഷ്ടപ്പെട്ടു. ഒരു രൂപായെങ്കിലും തരാതിരിക്കുകയില്ല. ഒന്നര രൂപാ കിട്ടിയെങ്കിലെ മുതലാകൂ. ഒന്നരരൂപ കിട്ടിയിരുന്നെങ്കിൽ നാളെ ക്രിസ്മസിനു വീട്ടിലെത്താം. അവൻ ആശിച്ചു.

ഒന്നര രൂപാ വണ്ടിക്കൂലി കൊടുത്താൽ മൂവാററുപുഴ എത്തും. അവിടന്നു നാലു മൈൽ ഉണ്ടു് വീട്ടിലേയ്ക്കു്. അതു് എങ്ങനെയും നടന്നെത്താം.

"നിന്റെ വീട്ട് എവിടയാ കൊച്ചെ?" ആ ചോദ്യം അവനെ ചിന്തയിൽനിന്നു തട്ടിയുണർത്തി.

"അങ്ങു് മൂവാററുപുഴയടുത്ത്...."

"നിന്റെ പേരെന്താ?"

"ജോസ് എന്നാണ്."

"നിനക്കു് അപ്പനും അമ്മയും ഒക്കെ ഉണ്ടോ?"

"ഉവ്വ്; എല്ലാവരുമുണ്ടു്."

"പിന്നെ ഇത്ര ചെറുപ്പത്തിലെ നീ പണിക്കിറങ്ങിയതു്? ഇങ്ങനെ അലഞ്ഞുതിരിഞ്ഞു നടന്നു പണതാൽ നിന്റെ ചങ്കു കരിഞ്ഞുപോകും കേട്ടോ."

"എങ്ങനെയെങ്കിലും ജീവിക്കണ്ടെ അമ്മാ?"

"നിന്റെ അപ്പനും അമ്മയ്ക്കും എന്താ ജോലി?"

"അപ്പച്ചനു മരം വെട്ടായിരുന്നു ജോലി. മരത്തിൽനിന്നു വീണ് കൈ ഒടിഞ്ഞു കിടപ്പായിട്ടു് നാലു മാസമായി. അമ്മച്ചിക്കു് ഞങ്ങളുടെ മുതലാളിയുടെ വീട്ടിൽ മുററമടിയാണ് ജോലി. വേറെ പണിക്കു പോകാൻ പററില്ലമ്മാ."

"നിനക്കു മൂത്ത ചേട്ടന്മാരാരുമില്ലേ?"

"ഇല്ലാ. രണ്ടനുജന്മാരും ഇളയ ഒരു പെങ്ങളുമുണ്ടു്."

"പാവം" അവരറിയാതെ പറഞ്ഞുപോയി.

ഈ സമയംകൊണ്ടു് അവൻ പാത്രം പൂശിക്കഴിഞ്ഞു. അവരതെടുത്തു് തിരിച്ചും മറിച്ചും നോക്കി. പൂശൽ ഇഷ്ടപ്പെട്ടു. എങ്കിലും അതങ്ങു തുറന്നു പറഞ്ഞുകൂടല്ലോ! "തരക്കേടില്ല. നീ കൊച്ചല്ലെ, നന്നായി വരും ദൈവം നിന്നെ അനുഗ്രഹിക്കട്ടെ."

അവർ പാത്രവും എടുത്തുകൊണ്ടു് അകത്തേയ്ക്കു പോയി. കുട്ടികൾ മുററത്തു് ഓടിനടന്നു പന്തു കളിയ്ക്കുകയാണ്. രണ്ടു പേർ നക്ഷത്രവിളക്കുണ്ടാക്കുന്നതിൽ വ്യാപൃതരായിരിക്കുന്നു. അവനും അക്കൂട്ടത്തിൽ കൂടണമെന്നുണ്ടു്. കളിച്ചുല്ലസിക്കേണ്ട പ്രായമാണ് അവന്റേതു്. പക്ഷേ, ഒട്ടിയ വയറ് താക്കീതു നല്കി— "അരുതു്. കളിയും ചിരിയും നിനക്കുള്ളതല്ല."

തന്റെ അപ്പച്ചനു് അപകടം വരാതിരുന്നെങ്കിൽ —അവൻ നെടുവീർപ്പിട്ടു.

സൂസന്നാമ്മ അകത്തേയ്ക്കു പോയിട്ടു് സമയം കുറച്ചായി.

"അമ്മാ, കൂലി തരണേ, ഞാൻ പോകട്ടെ." ഒടുവിൽ അവൻ ആവശ്യപ്പെട്ടു.

"നീ ഇതുവരെയായിട്ടും പോയില്ലെ?"

"കൂലി കിട്ടിയില്ല."

"കൂലിയോ! കാലത്തു വയറു നിറയെ കഞ്ഞി തന്നില്ലെ? ഇനിയെന്തു കൂലിയാ?"

"എന്തു കൂലിയെന്നോ?" അവൻ അന്ധാളിച്ചുപോയി.

"ഒന്നര രൂപായ്ക്കു പണുതു. ഒരു രൂപായെങ്കിലും തന്നാട്ടെ."

"ഒരു രൂപായോ! നീ എന്നാ പണുതിട്ടാ ചെറുക്കാ ഈ രൂപാ ചോദിക്കുന്നതു്? നിന്നേക്കൊണ്ടു തൊടീച്ചപ്പോഴെ ഞാൻ വിചാരിച്ചു, ഇതിൽ കൂടുതൽ ചോദിക്കുമെന്നു്. അവർ അകത്തേയ്ക്കു പോയി, ഒരു കാൽരൂപാത്തുട്ടുമായി തിരിച്ചുവന്നു. അതവന്റെ കൈയിൽ വച്ചുകൊടുത്തു.

"ഇതു കൊടുത്തു കാപ്പി കുടിച്ചോളു." അവർ കൃത്രിമമായി ചിരിച്ചു. കൂട്ടത്തിൽ ഒരാശംസയും "ദൈവം അനുഗ്രഹിക്കും. ഇനി കൊച്ചു പൊയ്ക്കോ."

ദൈവം അപ്പോഴെങ്ങും അവനെ അനുഗ്രഹിച്ചില്ല; പാർട്ടിയും പണിമുടക്കും അവനു കൂട്ടില്ലാത്തതുകൊണ്ടായിരിക്കാം. അവൻ കെട്ടും എടുത്തുകൊണ്ടു് ഗയിററു കടന്നു. ഒന്നുകൂടി തിരിഞ്ഞുനോക്കി "ദൈവം അനുഗ്രഹിച്ച" ആ മണിമന്ദിരത്തിലേയ്ക്കു്.

വീണ്ടും ആ പഴയ പല്ലവി അന്തരീക്ഷത്തിൽ മാറെറാലിക്കൊണ്ടു. "ചെമ്പുപാത്രം പൂശാനുണ്ടോ?"

(ശേഷം 219-ൽ)

# കൽപവൃക്ഷം

## X. ഇരിമ്പുചക്കും കരിമ്പിൻതുണ്ടും

ഹെഡ്ഡങ്ങത്ത ചിന്നമ്മയെ തറപ്പിച്ചൊന്നു നോക്കി. അയാളുടെ നെററിയിലെ മറുക് ഒരു കാളമേഘമായി ഉരുണ്ടുകൂടുകയാണെന്നു തോന്നി. ചിന്നമ്മയെ കാണുമ്പോഴൊക്കെയും പുഞ്ചിരിക്കാറുള്ള ആ മുഖത്ത് എന്തൊരുഗ്രത! കാര്യം വന്നപ്പോൾ അയാളുടെ കറുത്ത മുഖം കുറച്ചുകൂടെ ഭീകരമാവുന്നു.

"നീ പിന്നെ ആരാണ്?" അങ്ങത്ത ഒരലർച്ചയുടെ കവാടം തുറക്കുകയായിരുന്നു.

"ഞാൻ തന്റെ പെണ്ണല്ല; പൗരജനങ്ങളെ മാന്യമായി സംബോധനചെയ്യാൻ താൻ ഇനിയും പഠിച്ചിട്ടില്ല."

"പൗരജനങ്ങൾ........മാന്യത........." അങ്ങത്ത പല്ലിറുമ്മി. "നീയാരാണെന്നെ മാന്യത പഠിപ്പിക്കുവാൻ?"

"ഞാനോ? മനുഷ്യത്വം മരവിച്ചിട്ടില്ലാത്ത ഒരു യുവതി; നിങ്ങൾ തല്ലിക്കൊന്ന് കാട്ടിൽ കെട്ടിത്തൂക്കിയ പാവപ്പെട്ട പെൺകുട്ടിയുടെ സഹോദരി, മനസ്സിലായോ?"

അങ്ങത്തയുടെ കോപം എരിയുകയാണ്. എങ്കിലും അയാൾ വികാരങ്ങൾ കടിച്ചമർത്തുന്നതുപോലെ തോന്നി. ഭീകരനായ പോലീസുദ്യോഗസ്ഥൻ ഏകാകിനിയായ ഒരു യുവതിയെ ഭയപ്പെടുകയോ?

എടീ! നീ എന്റെ കൈക്കുള്ളിലാണ്. ഒരു കരിമ്പിൻതുണ്ടുപോലെ നിന്നെ കശക്കിയെറിയുവാൻ എനിക്കു കഴിയും."

"എന്നു വിചാരിച്ച് കുറച്ചു നാൾ പിറകെ നടന്നു; പണ്ടത്തെ കുറുക്കനെപ്പോലെ." ചിന്നമ്മ അനുക്ഷണം മറുപടി നല്കി.

"പെണ്ണേ! തീക്കളി നിറുത്തിയേക്കുകയാണ് നല്ലത്."

"ദേ; ഞാൻ ഒരിക്കൽക്കൂടെ പറയുന്നു." ചിന്നമ്മ എഴുന്നേററുകഴിഞ്ഞു: "നിങ്ങൾ എന്നെ പെണ്ണെന്നു വിളിക്കരുത്. ഞാൻ തന്റെ വേലക്കാരിയൊന്നുമല്ല."

"പിണങ്ങാതെ തങ്കം! അവിടെയിരിക്കു്." പെട്ടെന്ന് അടവു മാറി.

"ഞാൻ തങ്കമല്ല; എനിക്കു തന്റെ പുന്നാരപ്പേരൊന്നും വേണ്ടാ."

"ഞാൻ പിന്നെ എങ്ങനെ വിളിക്കണം?" ഹെഡ്ഡങ്ങത്തയുടെ ഗൗരവം അലിയുകയാണ്.

"മിസ്സ് ചിന്നമ്മയെന്ന്."

"മിസ്സ് ചിന്നമ്മ എന്നാണൊരു മിസ്സിസ്സാകുന്നത്?"

"അക്കാര്യം താൻ അന്വേഷിക്കേണ്ടാ."

"എന്നെ തീരെ ഉപേക്ഷിച്ചോ?"

"അതു തന്റെ കെട്ട്യോളോടു ചോദിക്കു്."

കൊച്ചമ്മ വാതിൽക്കൽ പ്രത്യക്ഷപ്പെട്ടുകഴിഞ്ഞു. വെളുപ്പാൻകാലത്ത് പോലീസുദ്യോഗസ്ഥന്റെ വീട്ടിൽ കയറി വഴക്കുണ്ടാക്കുന്ന ആ കൊച്ചുമിടുക്കിയെ ഒന്നു കാണാൻ.

"ചേച്ചീ" ചിന്നമ്മ ചോദിച്ചു: "ഇയ്യാൾ നിങ്ങടെ ഭർത്താവാണോ?"

"പിന്നെന്നാടീ നിന്റെ കെട്ട്യോനാണോ?" മറെറാരു സ്ത്രീയെ കാണുന്നതുതന്നെ കൊച്ചമ്മയ്ക്കിഷ്ടമല്ല. അവൾ തന്നെക്കാൾ സുന്ദരിയാണെങ്കിൽ പറയാനുമില്ല. പെണ്ണുങ്ങളുടെ ലോകത്തിൽ താൻ മാത്രവും തന്റെ പരിചരണത്തിനു കുറെ ആണുങ്ങളുമായാൽ കൊള്ളാമെന്ന് അവർ ആഗ്രഹിക്കുന്നു. വേലക്കാരി അന്നയെത്തന്നെ പറഞ്ഞുവിട്ടാൽ കൊള്ളാമെന്ന് അവർക്കഭിപ്രായമുണ്ട്. അടുക്കളപ്പണിയറിയാവുന്ന ആരെങ്കിലും ആണുങ്ങളെ നിയമിച്ചാൽ മതി. മത്തായി അതിനു പററിയ ആളാണ്. അവൻ എല്ലാം ഒന്നു പഠിച്ചുകഴിഞ്ഞാൽ കൊച്ചമ്മ തീർച്ചയായും അന്നയെ പറഞ്ഞുവിടും.

അങ്ങനെയിരിക്കെയാണ് ചിന്നമ്മ അവിടെക്കയറിവന്നിരിക്കുന്നത്. അവൾ ചെറുപ്പക്കാരിയാണ്; സുന്ദരിയാണ്.

അങ്ങത്തയും ചിന്നമ്മയും തമ്മിലുള്ള സംഭാഷണം കൊച്ചമ്മ ശ്രദ്ധിക്കുകയായിരുന്നു. ഏതോ ഒരു ചിന്നമ്മയുമായി അദ്ദേഹത്തിനു കൂട്ടുകെട്ടുണ്ടെന്നു കേട്ടിട്ടുണ്ട്. അതിനുവേണ്ടി അങ്ങത്തയുമായി അവർ ശണ്ഠകൂടിയിട്ടുള്ളതാണ്. പല തവണ അയാളെ അകത്തു കയററാതെ വരാന്തയിൽ കിടത്തിയുറക്കിയിട്ടുമുണ്ട്.

ആ ചിന്നമ്മയാണ് വന്നിരിക്കുന്നത് പക്ഷെ അങ്ങത്തയും അവളുമായി പിണക്കത്തിലാണ്; അതു നന്നായി. എന്നിട്ടും അദ്ദേഹം അവളുടെ മുമ്പിൽ ചടഞ്ഞുകൂടുകയാണ്; വെറുമൊരു ശ്വാനനെപ്പോലെ. ഇത

## സ്കൂൾ യൂണിഫാറത്തിനുള്ള തുണിത്തരങ്ങൾക്ക്

Estd: 1934 | സന്ദർശിക്കുക: | PHONE: 841

# ★ കുററിച്ചാക്കു ★

## ലോന അന്തോണി സൺസ്

തുണിച്ചരക്കു കച്ചവടം, ബസ്സ്റ്റാൻറിനു സമീപം, തൃശ്ശൂർ.





## പള്ളിയുടെ അലങ്കാരവസ്തുക്കൾ!

★

മനോഹരമായ കെടാവിളക്കുകൾ, സ്പ്രിങ്ങ്ലാമ്പുകൾ, ക്രൂവററ്സ് മുതലായവ എറണാകുളം ബ്രോഡ്‌വേയിലുള്ള ഞങ്ങളുടെ ഷോറൂമിൽ ലഭിക്കുന്നതാണ്. "താഹിറ" വിക്‌സ്ററ ഞങ്ങളുടെ മേൽനോട്ടത്തിൽ തയ്യാർ ചെയ്യപ്പെടുന്നു. ക്രോക്കറികളുടെ കൂടാരമായ ഞങ്ങളുടെ ഷോറൂമിലേയ്ക്കു സ്വാഗതം!

**MAHEMOOD STORES**
Broadway — ERNAKULAM
Phone: 717
*Branch:* ALUMKADAVU



## സ്റ്റെയിൻലസ്സ് സ്റ്റീൽ ചോററുപാത്രങ്ങൾക്ക്

PHONE: 789

# *Wares*

റൗണ്ടു് സൗത്തു്, :: തൃശ്ശൂർ.



കല്യാണാവശ്യങ്ങൾക്കുള്ള
പെട്ടി, ചെരിപ്പ് മുതലായവയ്ക്കു്
Phone No 987.

**C. R. JOSEPH**
LEATHER MERCHANT
Round, TRICHUR.

ആണുങ്ങൾ പെണ്ണുങ്ങളുടെ മുമ്പിൽ ഇത്ര അന്തസ്സില്ലാത്തവരാകുമോ? എന്നിരുന്നാലും ഒരുത്തരും തന്റെ മുമ്പിൽ ഇത്ര വിധേയത്വം ഭാവിക്കുന്നില്ലല്ലോ. ആ ശൃംഗാരക്കഴമ്പിയോടു നാലു വാക്കു പറഞ്ഞിട്ടേ കൊച്ചമ്മ അടങ്ങുകയുള്ളൂ.

"ഭർത്താവാരാണെന്നു നിശ്ചയമില്ലാത്ത നിങ്ങളോടു്...." തെല്ലും കൂസലില്ലാതെ ചിന്നമ്മ മറുപടി പറയുകയാണു്. അവൾ അതു പറഞ്ഞുതീരും മുമ്പു് കൊച്ചമ്മ കൈയ്യിൽകിട്ടിയ വൾത്തടിയുമായി മുമ്പോട്ടു പാഞ്ഞു. പക്ഷെ ഒരു കസേരയിൽത്തട്ടി അവർ മറിഞ്ഞുവീണുപോയി. പട്ടിൽപ്പൊതിഞ്ഞുവച്ച കരിങ്കൽചക്കപോലെ .......

അങ്ങത്തയും ചിന്നമ്മയും ഓടിയെത്തി. "വല്ലോം പററിയോ?" രണ്ടുപേരും ഒരുമിച്ചാണു ചോദിച്ചതു്. കൊച്ചമ്മ മിണ്ടിയില്ല. അവരുടെ പുറം വേദനിക്കുന്നു. തല പൊട്ടി രക്തം ഒലിക്കുന്നു.

അവർ പെട്ടെന്നു മുറിവു വച്ചുകെട്ടി. കൊച്ചമ്മയെ കട്ടിലിൽക്കൊണ്ടുചെന്നുകിടത്താൻ ചിന്നമ്മയും സഹായിച്ചു.

"ചിന്നമ്മ അവിടെപ്പോയിരിക്കു്." തെല്ലൊരു യാചനാഭാവത്തിൽ ഹെഡ്ഡങ്ങത്ത പറഞ്ഞു: "കാപ്പി കുടിച്ചിട്ടു പോയാൽ മതി; എല്ലാക്കാര്യവും ഞാൻ തുറന്നു പറയാം. ചിന്നമ്മ തെററിദ്ധരിക്കരുതു്. മററെന്തൊക്കെയോ ഓർമ്മിച്ചു ഞാൻ അല്പം ദേഷ്യപ്പെട്ടതാണു്; ക്ഷമിക്കണം."

"ഇത്തരം നല്ല വാക്കുകൾ ചിന്നമ്മ പലപ്പോഴും കേട്ടിട്ടുണ്ടു്. ആ കറുത്ത മനുഷ്യന്റെ ഉള്ളിൽ കെട്ടുപിണഞ്ഞുകിടക്കുന്ന കുറെ കുടിലതകളുണ്ടെന്നു് അവൾക്കറിയാം. അവളുടെ വ്യക്തിത്വം പന്താടുവാൻ അയാൾ ശ്രമിച്ചിട്ടുണ്ടു്. പക്ഷെ അടവുകൾകൊണ്ടു് അവൾ ഇന്നോളം വിജയിച്ചു നില്ക്കുന്നു. ചിന്നമ്മയുടെ തുറന്ന പെരുമാററം കണ്ടു്, ഓടിയടുക്കുന്ന വിടന്മാരെ ചെണ്ട കൊട്ടിക്കുവാൻ അവൾക്കു ശരിക്കറിയാം.

ആ കാക്കിയുടുപ്പുകാരൻ അവളുടെ ശത്രുവാണു്. തുറന്ന ഗോദായിൽ ഇനി അയാളുമായി സമരം ചെയ്യേ പററൂ. തന്റെ പ്രിയപ്പെട്ട അനിയത്തിയെ നശിപ്പിച്ചതു് ആ മനുഷ്യനാണു്. അയാളിൽനിന്നു കുറച്ചു രഹസ്യങ്ങൾകൂടെ പിടിച്ചെടുക്കേ തീരൂ. അതിനാൽ അനുനയത്തിന്റെ അടവിൽത്തന്നെ ഉറച്ചുനില്ക്കണം.

ചിന്നമ്മ വീണ്ടും പൂമുഖത്തു ചെന്നു് കസാലയിലിരുന്നു. അങ്ങത്ത കൊച്ചമ്മയുമായി കുറച്ചുനേരം രഹസ്യം പറഞ്ഞു. അവർ മൂളുകയും ഞരങ്ങുകയും അതിനിടയിൽ അയാളെ ശാസിക്കുകയും ചെയ്തു.

മത്തായി പിൻവശത്തെ വാതിൽ തുറന്നു് പുറത്തേയ്ക്കു പോയി. ചിന്നമ്മ അവനെ കണ്ടുകൂടാ.

കിഴക്കു വെള്ളക്കാലു വീശി. അന്നു മുററം തൂക്കുന്ന 'കരാകരാ'ശബ്ദം കേൾക്കാം.

"മതിയിനി." വിറകുപുരയുടെയരികിൽനിന്നു അങ്ങത്തെ വിളിച്ചു. മത്തായി അങ്ങോട്ടു ചെന്നു.

"ഭാഗ്യം വന്നു മത്തായിയുടെ പടിക്കൽ നില്ക്കുന്നു." വിസ്തരിച്ചൊന്നു ചിരിച്ചുകൊണ്ടാണു് അങ്ങത്തെ പറഞ്ഞതു്.

"എന്നതാ?"

"മത്തായിക്കു പോലീസുവകുപ്പിൽ ഒരുദ്യോഗം വേണോ?"

"വേണ്ടാ."

"കുറെ രൂപ കിട്ടിയാലോ?"

"വേണ്ട."

"അഞ്ചും പത്തുമൊന്നുമല്ല; ഒരു പത്തായിരം...."

"എനിക്കു വേണ്ടാ." അല്പനേരം ആലോചിച്ചിട്ടാണു് അവൻ പറഞ്ഞതു്.

"ആട്ടെ. ആ കുടിയേററക്കോളനിയിൽ ഒരു പത്തേക്കർ സ്ഥലം?"

"വേണ്ടാ."

"നല്ലൊരു പെണ്ണിനെ കല്യാണം കഴിച്ചുതന്നാലോ?"

"അങ്ങത്തേ! വീടും കൂടുമില്ലാത്തോനെന്തിനാ പെണ്ണും പിടക്കോഴിയും?"

"മണ്ടച്ചാരേ! അതൊക്കെയുണ്ടാക്കാമെടാ." അങ്ങത്തെ മത്തായിയോടു കുറച്ചധികം സമയം രഹസ്യം പറഞ്ഞു. പരമരഹസ്യമാണു്; മറുചെവി പൊയ്ക്കൂടാത്ത ഹൃദയരഹസ്യം! അവനു് എല്ലാം മനസ്സിലായി. ഒന്നു കഴിഞ്ഞു; ഒന്നു കൂടെ, അതു തന്റെ കൈകൊണ്ടു തന്നെ വേണമെന്നു്.........

Z Z Z

രാത്രിയുടെ കരിന്തിരിയും കത്തി. ഉഷസ്സിന്റെ പൊൻവെളിച്ചം പൊട്ടിവിടർന്നൊഴുകുകയാണു്. ലോകമായ ലോകമെല്ലാം വെളിച്ചം നിറഞ്ഞു. മത്തായിയുടെ ഹൃദയത്തിലോ?........

പുരവേലിക്കരികിലുള്ള കടലാവണക്കിൻ പത്തലിൽ പിടിച്ചുകൊണ്ടു് അവൻ നിന്നു. പശുവിനെ കറന്നില്ല. വെള്ളം കോരിയിട്ടില്ല.

ചിന്നമ്മ അവനെക്കൊണ്ടു് അടിമയെപ്പോലെ പണിയെടുപ്പിച്ചവളാണു്. ആർക്കും പിടികൊടുക്കാത്ത ഒരു കഴപ്പുക്കാരി. എല്ലാവർക്കും അവളെ പേടിയാണു്. കൊടുംകാലനായ മുക്കണ്ണനങ്ങത്തേയ്ക്കുപോലും....!

അവൾ ഇതാ തന്റെ കാൽച്ചുവട്ടിൽ വീണു കിടക്കുന്നു. ആഞ്ഞൊരു ചവിട്ടു മതി, ആ കണ്ണം ഞെരിയാൻ; അങ്ങത്തെയാണതു പറഞ്ഞുതന്നതു്; ശിക്ഷിക്കാനും രക്ഷിക്കാനുമധികാരമുള്ള ഹെഡ്ഡങ്ങത്ത; പക്ഷെ ....

അങ്ങത്തെ നല്ലവനാണോ? ഒരിക്കലുമല്ല; അയാൾ തന്നെക്കൊണ്ടു് എന്തൊക്കെ ചെയ്യിച്ചിരിക്കുന്നു. മനുഷ്യർക്കു് അറപ്പും വെറുപ്പുമുണ്ടാക്കുന്ന കൊള്ളരുതായ്മ

(ശേഷം 215-ാം പേജിൽ)

# അസ്തിത്വത്തിൻെറ തെളിവുകൾ

— ടി. കെ. —

## III

പ്രാഗ് താത്വിക_സ്വാഭാവികജ്ഞാനം പ്രസ്തുത യുക്തിവിചാരത്തിൻെറ ഫലമെന്നു് പറയാം. വിഷയം അസ്തിത്വവും മാദ്ധ്യമം അന്തർബോധവുമാണെന്നേ വ്യത്യാസമുള്ളൂ. പ്രമിതികളുടെ പരിമിതികളിൽനിന്നും ധാരണകളുടെ ഇടുങ്ങിയ ലോകത്തിൽനിന്നും സ്വതന്ത്രമത്രേ അതു്. പ്രത്യയശാസ്ത്ര (Dialectics) ത്തിൻെറ 'കറയററ' (Innocent) ജ്ഞാനമെന്ന് ഇതറിയപ്പെടുന്നു. ചിന്താപരമായി (Logically) അപക്വവും അപൂർണ്ണവുമെന്നാലും യാഥാർത്ഥ്യത്തെക്കുറിച്ച് തന്മൂലമുണ്ടാകുന്ന 'ഉറപ്പ്'' (Certitude) സുവശ്യ (Compelling) മെന്നു പറയണം. ശാസ്ത്രവൽകൃതമായ ഉറപ്പല്ല—അങ്ങനെയെങ്കിൽ വൈജ്ഞാനികതലത്തിൽ അതേപ്പററി പ്രശ്നങ്ങളുണ്ടാകേണ്ടതില്ലല്ലോ. കാരണം, ധാരണകളുടെ മണ്ഡലത്തിൽ പിന്നീടുണ്ടാകുന്ന വൈഷമ്യങ്ങൾ അന്തർബോധത്തിലില്ലെന്നതുതന്നെ.

അക്വീനാസിൻെറ 'അഞ്ചു മാർഗ്ഗങ്ങളും' ഈ അന്തർബോധത്തെ ആസ്പദമാക്കി മെനഞ്ഞെടുത്ത ശാസ്ത്രീയപ്രതിപാദനങ്ങളാണു്. രൂപത്തിൽ (Formally) പരസ്പരഭിന്നങ്ങളെങ്കിലും അടിസ്ഥാനപരമായി ചിന്തിക്കുന്ന വ്യക്തിയുടെ അസ്തിത്വവ്യവസ്ഥകൾ (Existential Conditions) മാനിച്ചുകൊണ്ടുതന്നെയാണവ പാകപ്പെടുത്തിയിട്ടുള്ളതു്. അഞ്ചു മാർഗ്ഗങ്ങളുടെ ആഴവും അർത്ഥവും ഗ്രഹിക്കണമെങ്കിൽ അവ്യക്തമെങ്കിലും അസ്തിത്വാന്തർബോധം ആത്മാവിനുണ്ടായേ തീരൂ. അസ്തിത്വപരമായ ഈ വസ്തുത വകവെയ്ക്കാത്ത ചിന്ത എത്രതന്നെ ക്ലിഷ്ടവും നിയതവുമായാലും കേവലസത്തയിലേയ്ക്കു് കയറുകയില്ല.

### തെളിവുകൾ—സത്ത—അസ്തിത്വം

'മാർഗ്ഗങ്ങളാ'ണു് 'തെളിവുകള'ല്ല കൂടുതലുചിതമായ പ്രയോഗമെന്ന് ആദ്യം സൂചിപ്പിച്ചു'ല്ലോ. സാധാരണാർത്ഥത്തിൽ മുമ്പില്ലാതിരുന്ന് ഒന്നിൻെറ അസ്തിത്വം സ്ഥാപിക്കാനേ 'തെളിവു നല്കുക' എന്നു പറയൂ. ദൈവാസ്തിത്വമോ ഒരിക്കലും സ്ഥാപിക്കപ്പെടേണ്ട ഒന്നല്ല. അതു് സ്വയം വ്യക്ത (Self-Evident) മത്രേ! മനുഷ്യനെ സംബന്ധിച്ചിടത്തോളം അവിടുത്തെ അസ്തിത്വം കണ്ടെത്തപ്പെടേണ്ട—'തെളിയിക്കപ്പെടേണ്ട' (മലയാളത്തിൽ ''തെളിയിക്കുക" = "മറവു്" മാററുക"യുമാവാമല്ലോ.) ഒന്നാണുതാനും. ദൈവത്തെപ്പററി നമ്മുടെ ജ്ഞാനം വ്യക്തമാകുകയാണതുവഴി. ചിന്തയിലൂടെ പരമസത്തയുടെ വിദൂരവും വികല്പവു (Vague) മായ അറിവേ നമുക്കുണ്ടാകൂ. നിരനുഭവജ്ഞാനം അഭിമുഖദർശനത്തിൽ മാത്രം. അവിടേയും 'ദൈവം ആയിരിക്കുക' എന്നതെന്നല്ല 'ദൈവം ആയിരിക്കുന്നു' എന്ന സത്യമത്രേ കൂടുതൽ ബോദ്ധ്യപ്പെടുന്നതു്.

നമ്മുടെ ആത്മസത്തയെ അമ്പരപ്പിക്കുന്ന മികവും മിഴിവുമുണ്ടു് ദൈവാസ്തിത്വത്തിനു്. ബുദ്ധിക്കു് വിലയിരുത്താനോ, നിർവ്വചിക്കാനോ വഹിയാത്തവിധം അനന്തമാണതിൻെറ പൂർണ്ണത. ദൈവത്തെ അറിയാനുള്ള മനുഷ്യജിജ്ഞാസ അവിടുത്തെ സദാത്മകപൂർവ്വഗാമിത്വവും മനുഷ്യൻെറ സദാത്മകാനുഗാമിത്വവും അല്ലാതെ മറെറാന്നുമല്ല സൂചിപ്പിക്കുന്നതു്. അത്ഭുതവും ആരാധനാഭാവവുമാണ് പരമസന്നിധിയിൽ ബൗദ്ധികസത്തയ്ക്കുണ്ടാകുക _ ഉണ്ടാകേണ്ടതു്.

സ്ഥിതിചെയ്യുക (Ex-sistere) എന്നതിനും സമകാലീനചിന്തകർക്കിടയിൽ — വിശിഷ്യാ അസ്തിത്വവാദത്തിൽ — വ്യത്യസ്താർത്ഥമാണുള്ളതു്. അവർ പറയും "തന്നിൽനിന്നും പുറത്തായിരിക്കുക" (to be outside oneself) യാണു് അസ്തിത്വമെന്നു്. സ്കോളാസ്റ്റിക്കുകളുടെ നോട്ടത്തിലും അതിൻെറ ശരിയായ അർത്ഥം "സ്വകാരണത്തിൽനിന്നും പുറത്തായിരിക്കുക" (to be outside one's cause), "ശൂന്യതയിൽനിന്നും വേറിട്ടുനില്ക്കുക" (to be outside nothingness) എന്നൊക്കെയാണ്. എന്നാൽ ദൈവാസ്തിത്വം "തന്നിലും, തന്നാലും തനിക്കുവേണ്ടിയുമായിരിക്കുക"യത്രേ. തന്മൂലം അസ്തിത്വമെന്ന പദം മാനുഷികാർത്ഥത്തിൽ ദൈവത്തിലാരോപിക്കുക സാധ്യമല്ല. ദൈവത്തിനു് കാരണമോ ശൂന്യതയുടെ പശ്ചാത്തലമോ ഇല്ലല്ലോ! അതേസമയം ദൈവം 'സ്ഥിതിചെയ്യുന്നവനും' 'ആയിരിക്കുന്നവനു'മാണ്.

### ദൈവത്തെ കണ്ടുമുട്ടുക

മനുഷ്യനെ സർവ്വഥാ ദൈവികചൈതന്യം പരിവേഷമണിയിക്കുന്നുണ്ടു്. ആ ചൈതന്യത്തെ കണ്ടെത്തുകമാത്രമാണു് ഓരോ മനുഷ്യൻെറയും കടമ. ഇതെങ്ങനെ സാധിക്കും? ചരിത്രാരംഭം മുതൽ ഇന്നുവരെ മാനവൻ ഈ അന്വേഷണത്തിലേർപ്പെട്ടിരിക്കയാണ്. മതത്തിൻേറയും തത്വവിജ്ഞാനത്തിൻേറയും ലക്ഷ്യം ഇതുതന്നെ. ദൈവവുമായി ആഭിമുഖ്യമുണ്ടാകുക രണ്ടു വിധത്തിലാകാം: നിയതചിന്തയിലൂടെ _ തത്വശാസ്ത്രത്തിൻെറ ധർമ്മമതാണു്. അല്ലെങ്കിൽ, ചേതനയുടെ സ്വാഭാവികചോദനകളാൽ നാം പ്രബുദ്ധരാകുമ്പോൾ. അ

# ചരിത്രം സൃഷ്ടിച്ച ആ കൂടിക്കാഴ്ച

**— ജെ. സി. മാപ്ര —**

V

*ക്രൈസ്തവപുനരൈക്യരംഗത്തിലെ പ്രധാനകക്ഷികളായ ഓർത്തഡോക്സ് സഭകളുടെ ചരിത്രത്തിലേയ്ക്ക് വെളിച്ചം വീശുന്ന വിജ്ഞാനപ്രദമായ ലേഖനപരമ്പരയിൽ അവസാനത്തേതാണിത്. —മേ. പ.*

## ഓർത്തഡോക്സ് സഭകൾ പരസ്പരം

നാമമാത്രമെങ്കിലും ഒരധികാരം കോൺസ്റ്റാൻറിനോപ്പിൾ പത്രിയർക്കീസിനു് ഇതര സഭകളുടെമേലുണ്ടു്. 'എക്യുമെനിക്കൽ പേട്രിയാർക്കു്' എന്ന പേരിലറിയപ്പെടുന്ന ഇദ്ദേഹത്തിനു് ഇതര പാത്രിയാർക്കാസ്ഥാനങ്ങളെല്ലാം ഒരു ബഹുമാനപദവി മാത്രമേ നൽകുന്നുള്ളു. എങ്കിലും അവരാരും ഇദ്ദേഹത്തോടാലോചിക്കാതെ പ്രാധാന്യമുള്ള തീരുമാനങ്ങളൊന്നും എടുക്കാറില്ല. എന്തെങ്കിലും വിവാദവിഷയങ്ങളുണ്ടായാൽ ഇദ്ദേഹത്തിൻെറ സഹായം തേടുന്ന ഒരു പതിവു് ഇതര പാത്രിയർക്കീസുമാർക്കുണ്ടു്. ഈ പതിവു് അവരുടെ എക്യുമെനിക്കൽ പേട്രിയാർക്കിനോടുള്ള ഒരു ബാദ്ധ്യതാബോധത്തിൽനിന്നെന്നതിനേക്കാൾ അദ്ദേഹത്തിൻെറ സ്വാധീനതയിൽനിന്നാണു് ഉത്ഭൂതമാവുക. കാരണം, ഓർത്തഡോക്സു സഭകൾക്കു പൊതുവായി തങ്ങളെടുക്കുന്ന നിഗമനങ്ങളെപ്പററി ആധികാരികമായി പറയാൻ ഏതെങ്കിലും സ്ഥാപനമുണ്ടോ എന്നതിനെ പുരസ്കരിച്ചു നടത്തിയ നീണ്ട ചർച്ചകൾക്കുശേഷം 'ബർട്രാം ലൂക്' (Bertram Luke) കമ്മീഷൻ ജറുസലേമിൽവച്ചു് അങ്ങനെ ഒന്നില്ല എന്ന തീരുമാനത്തിലെത്തിച്ചേരുകയാണുണ്ടായതു്. എന്നാൽ, അങ്ങനെ ഒന്നിൻെറ ആവശ്യകതയെ മനസ്സിലാക്കിയ റുമേനിയൻ, സേർബിയൻ എന്നീ പാത്രിയർക്കീസുമാർ കോൺസ്റ്റാൻറിനോപ്പിൾ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഒരു "സകലസഭാകൗൺസി"ലിൻെറ ആവശ്യകതയെ പ്രകടിപ്പിച്ചു. ഇതിനെ ഗ്രീസൊഴികെ എല്ലാവരും സ്വാഗതംചെയ്തെങ്കിലും ഗ്രീസിൻെറ പ്രതിഷേധം കാരണത്താൽ പ്രസ്തുത ആഗ്രഹം നടപ്പിൽ വന്നില്ല. ഈ സഭകളെയെല്ലാംകൂടി പ്രാതിനിധ്യം വഹിക്കുന്ന ഒരു കൗൺസിൽ വിളിച്ചുകൂട്ടുന്ന കാര്യത്തിൽ ഇവർ പരാജയപ്പെട്ടെന്നു പറയേണ്ടിയിരിക്കുന്നു. 1948-ൽ നടന്ന അഖിലലോക ഓർത്തഡോക്സ് സഭാകൗൺസിലിൽ അലക്സാണ്ഡ്റിയ, അന്ത്യോക്യാ, സേർബിയ, റുമേനിയ, ജോർജിയ, ബൾഗേറിയ, അൽബേനിയ എന്നീ സഭാപ്രതിനിധികൾ ഹാജരായിരുന്നു.

## ഉപസംഹാരം

ഉൽക്കടമായ ദേശീയത്വബോധത്തിൻേറയും ഉദ്ധതമായ ചിന്താഗതിയുടേയും ഫലമായിട്ടാണു് ഏകജീവരസത്താൽ സജീവമാക്കപ്പെട്ടു് പടർന്നുപന്തലിച്ചുവന്ന സഭാതരുവിൽനിന്നു് ഈ വിഭാഗം വിഛേദിക്കപ്പെടാനിടയായതെന്നു് ഇതിനുപരി നടത്തിയ മനനത്തിൽനിന്നു വിശദമായിട്ടുണ്ടല്ലോ. ദേശീയാചാരങ്ങൾക്കു് ആരാധനാക്രമത്തിൽ അതിരുകടന്ന പ്രാഥമ്യം നൽകുവാനും ആരാധനാക്രമത്തിൽ അവസ്തു സത്താപരമായ ഒരു സ്ഥാനം നൽകുവാനും വെമ്പൽകൊണ്ടതിൻെറ ഫലമായിട്ടാണല്ലോ, പൗരസ്ത്യരുടെ മാതൃക പാശ്ചാത്യർ പിൻചെല്ലാതിരുന്നതുകൊണ്ടു്, അവർ പാഷണ്ഡികളാണെന്നു ശഠിച്ചതും അതിനെ ആസ്പദമാക്കി ആരോപണങ്ങൾ അവക്കെതിരായി തൊടുത്തുവിട്ടതും. പുളിച്ച അപ്പം, വൈദികരുടെ താടിവളർത്തൽ മുതലായവ അക്കൂട്ടത്തിൽ ഉൾപ്പെടുന്നതായി നാം ഇതിനുപരി നടത്തിയ വിശകലനത്തിൽ കണ്ടുകഴിഞ്ഞു. ഇങ്ങനെ സഭയുടെ കാതോലിക്കത്വത്തിൻെറമേൽ അടിച്ചേല്പിക്കുവാനൊരുമ്പെട്ട അതിരുകവിഞ്ഞ ദേശീയത്വം വിലപ്പോകയില്ലെന്നു വന്നപ്പോൾ ദേശീയത്വവാദികൾ പിൻവാങ്ങി. ആ പിൻവാങ്ങലോടുകൂടി തെററിദ്ധാരണകളുടെ ഒരു കനത്ത മതിൽ പടുത്തുയർത്തപ്പെട്ടു. അതു മുതൽ ആരാധനപരമോ, ദൈവശാസ്ത്രപരമോ ആയ വസ്തുതകളെപ്പററി, മുൻവിധികൾ തു

---

സ്ഥിതത്തിൻെറ സ്വാഭാവികാന്തർബോധമെന്നും, പ്രാഥമികദർശനമെന്നും പരാമർശിച്ചതു് ഈ ചോദനയെക്കുറിച്ചാണു്. ഇതത്രേ മതങ്ങൾക്കടിസ്ഥാനം.

പക്ഷേ പരിമിതികളുടേയും പരാധീനതകളുടേയും കനത്ത തിരശ്ശീലയാണു് നമുക്കു ചുററും. തന്മൂലം ആ പരാശക്തിയുടെ സാന്നിദ്ധ്യം പ്രത്യക്ഷത്തിൽ അനുഭവപ്പെടുന്നില്ല (directly felt). ഈ പരിമിതികൾക്കപ്പുറം കണ്ണയയ്ക്കാൻ നമുക്കു കഴിവില്ലേ? ഉണ്ടു്, തീർച്ചയായും. അതിനു മുമ്പു് നമ്മുടെ പരിമിതി എന്താണെന്നറിയുക – സ്വയം മനസ്സിലാക്കുക – യാണാവശ്യം. അസ്തിത്വത്തിൻെറ ആഴത്തിലേയ്ക്കു് ഊളിയിട്ടുചെന്നാലേ അതു സാധ്യമാകൂ. തദ്വാരാ പരിമിതികളുടെ കറുത്ത പാളി അല്പമെങ്കിലും വലിച്ചുനീക്കാൻ നമുക്കാവും. അഹോ, അവിടെയാണു് പരമാസ്തിത്വവും പരിമിതാസ്തിത്വവും —സ്രഷ്ടാവും സൃഷ്ടിയും— പരസ്പരം മുഖം കാണിക്കുക! അപ്പോളത്രേ നാം ദൈവത്തെ കണ്ടുമുട്ടുന്നതു്.

തെറിഞ്ഞുകൊണ്ടു് ചർച്ചനടത്തുവാനുള്ള സർവ്വവിധ സാഹചര്യങ്ങളും നഷ്ടീഭവിച്ചു. പരസ്പരസമ്പർക്കമാണല്ലോ ഏതൊരു ചർച്ചയുടേയും അവശ്യാവശ്യകമായ ഘടകം. അതില്ലാതെ വന്നതോടുകൂടി അങ്ങനെയുള്ളൊരു സാധ്യതയും ശരണവും അസാദ്ധ്യമായി ഭവിച്ചു.

എന്നാൽ, പത്രോസിന്റെ പടവിൽ വിശാലവീക്ഷണന്മാരായ പാപ്പാമാർ ആധുനിക നൂററാണ്ടിന്റെ സൂചനകളെ കണക്കിലെടുത്തുകൊണ്ടു് ജനങ്ങളുമായി സമ്പർക്കം പുലർത്തുവാൻ തുടങ്ങിയതോടുകൂടി കാററൊന്നു മാറിവീണു. വിവിധദേശങ്ങളിലെ ആചാരമര്യാദകളും ആശയവിനിമയമാർഗ്ഗങ്ങളും തങ്ങളുടേതായി സ്വീകരിച്ചുകൊണ്ടു് വിവിധ ആരാധനാക്രമങ്ങൾ നിലവിലിരിക്കുക സഭയ്ക്കു് അലങ്കാരമാണെന്നും അവയെ തച്ചുടച്ചുകളയേണ്ട ആവശ്യമില്ലെന്നും അവർ മനസ്സിലാക്കി. ഇതോടുകൂടിത്തന്നെ ജനങ്ങളുടെ ചിന്താഗതിയിലും വ്യതിയാനം സംഭവിച്ചു. ദൈവികാരാധനയാണ് ഏതൊരു റീത്തിലും കാതലായി നിലനില്ക്കേണ്ടതെന്നും ദേശീയാചാരമര്യാദകൾ ആരാധനാപ്രകടനത്തിനുള്ള മാർഗ്ഗങ്ങൾ മാത്രമാണെന്നും അവർ ഗ്രഹിച്ചു. അതെ, ലോകം പുരോഗമിക്കുന്നതോടുകൂടി വിശാലമായ ചിന്താഗതിയും അവരിൽ നാമ്പെടുത്തു് വളർന്നു പൂവണിയുവാൻ തുടങ്ങി. ഇത്തരം ദ്വിവിധചലനങ്ങളുടെ ഫലമായി വിഭാഗീയചിന്താഗതികൾ വച്ചുപുലർത്തുന്ന വിഭാഗങ്ങൾ തമ്മിൽ അനുരഞ്ജനത്തിനുള്ള ഒരു ശാദ്വലഭൂമി തയ്യാറായിവരുന്നുണ്ടു്. ഇത്തരുണത്തിലാണ് ചരിത്രം സൃഷ്ടിച്ച ആ കൂടിക്കാഴ്ചയും, സൗഹാർദ്ദപൂർവ്വമായ ഒരു ഭാവിക്കു കളമൊരുക്കലും നടന്നതു്.

മൈത്രീഭാവം കരഗതമായാൽ ദൈവശാസ്ത്രപരമായി വൈരുദ്ധ്യങ്ങളെന്നു കണക്കാക്കപ്പെടുന്ന ചില ആശയഗതികളെ മുൻവിധി കൂടാതെ വസ്തുനിഷ്ഠമായി സമീപിക്കയും അവരുടെ സാധുത്വാസാധുത്വം വെളിപാടിന്റെ സ്രോതസ്സുകളുമായി തട്ടിച്ചുനോക്കി നിശ്ചയിക്കുകയും ചെയ്യാൻ കഴിയും. തെററിധാരണകളുടെ നീലക്കണ്ണാടിയിലൂടെ വീക്ഷിക്കുമ്പോഴാണ് ആത്മനിഷ്ഠമായവിധം വിശദീകരണവും വ്യാഖ്യാനവും നൽകി യാഥാർത്ഥ്യങ്ങളെ വളച്ചൊടിക്കുക. അതുകൊണ്ടു് തെററിദ്ധാരണകൾ പാകപ്പെടുന്നതോടുകൂടി ദൈവശാസ്ത്രപരമായ ആശയഗതികൾ അനുരഞ്ജനം കണ്ടെത്തി, എതിർ സൃഷ്ടിക്കാനല്ല ഐക്യം സംസ്ഥാപിക്കാനാണു് താൻ വന്നതെന്നു പ്രഖ്യാപിച്ച ക്രിസ്തുനാഥന്റെ കാലടികളുടെ പിന്നാലെ ഐക്യത്തിന്റെ സുമോഹനപാതയിലൂടെ ദൈവത്തിങ്കലേയ്ക്കുള്ള സോപാനങ്ങൾ ചവുട്ടിക്കയറി തോളോടുതോളുരുമ്മി ഏകദൈവത്തിന്റെ സേവനത്തിൽ എല്ലാവരും വരുന്ന ഒരു ദിനം എല്ലാവർക്കും സമാഗതമാകട്ടെ എന്നു നമുക്കു പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യാം.

*കുട്ടികൾക്കൊരു കുഞ്ഞിപ്പാട്ടു്:*

# കുരിശു വരയ്ക്കുമ്പോൾ

(ഗാഥ)

ദൈവത്തിൽ മൂന്നാളുണ്ടെന്നതു വിശ്വസി_
ച്ചായതു മേന്മേലുരച്ചിടും ഞാൻ.
ബാവായ്ക്കും പുത്രനും റൂഹായ്ക്കും സ്വസ്തിയെ_
ന്നേതുനേരത്തിലും ചൊന്നിടും ഞാൻ.
സ്തുത്യനാം രണ്ടാമാളാമൊരു പുത്രൻതാൻ
മർത്ത്യാവതാരമെടുത്തു മന്നിൽ,
താൻ നമ്മെയേററവും സ്നേഹിക്കകൊണ്ടുതാൻ
കന്യതൻഗർഭത്തിൽ ജാതനായി.
പുത്രനാംദൈവം മനുഷ്യരെ സ്നേഹിച്ചു
മൃത്യു വരിച്ചു മരക്കുരിശിൽ.
മർത്ത്യനായ് ക്രൂശിൽ മരിച്ചോരു പുത്രനാം
നിത്യദൈവംതന്നെ ഈശോനാഥൻ.

ക്രൂശിന്നടയാളം ഞാൻ വരച്ചീടുമ്പോൾ
ആശ്വാസപൂർവ്വം താൻ കാണുമെന്നെ.
ഞാനോതും വാക്കുകളോരോന്നും കേട്ടു താൻ
ആനന്ദിച്ചെന്നിൽ കനിഞ്ഞരുളും.

ദൈവമേ, എല്ലാം ഞാനങ്ങേയ്ക്കായ് ചെയ്യുവാൻ
സർവ്വമനസ്സോടും കാത്തിരിപ്പൂ
ഊണിന്നു മുൻപും ഉറങ്ങുന്നതിൻ മുൻപും
അപ്പോലെ ആയതിൻ പിൻപുമെല്ലാം
പാഠങ്ങൾ വായിക്കാനാരംഭിക്കുമ്പോഴും
പാഠം കഴിഞ്ഞീടും വേളയിലും
ഈശോയനുഗ്രഹവർഷം ചൊരിയുവാൻ
ക്രൂശു വരയ്ക്കും ഞാൻ, എന്നുമെന്നും.
താതന്റേയും നിത്യനാം പുത്രൻ തന്റേയും
പൂതനാം ദിവ്യറൂഹായുടേയും
നാമത്തിൽ എന്നുമെന്നേയ്ക്കുമാമ്മേനെന്ന_
ങ്ങാമോദമോടെ ഞാൻ ചൊല്ലുമല്ലോ.
ക്രൂശിന്നടയാളംകൊണ്ടു ഞാൻ എന്നെത്താൻ
ആശീർവ്വദിക്കയും ചെയ്യുമപ്പോൾ.
ആയതുകണ്ടെന്നെ ആനന്ദാശ്ലേഷത്തിൽ
ആമഗ്നനാക്കിടും നാഥനേററം.

— വർഗ്ഗീസ്സ് മാളിയേക്കൽ.

*പുസ്തകാഭിപ്രായം*

# ജീവിതോദ്ദേശ്യം

[ജെ. പുലിക്കോടൻ, എസ്സ്. ജെ. — ലേഖനങ്ങൾ — പേജ്: 62 വില: 50 ന.പ.]

ചരിത്രവും ഞാനും, ചരിത്രവും വേദപുസ്തകവും, ചരിത്രവും ക്രിസ്തുവും, ചരിത്രവും കത്തോലിക്കാസഭയും, ക്രിസ്തുവും കത്തോലിക്കാസഭയും, തിരുസ്സഭയും ഞാനും, ക്രിസ്തുവും ഞാനും എന്ന ഏഴു കനപ്പെട്ട ലേഖനങ്ങൾക്കു പുറമേ "ആദ്ധ്യാത്മികജീവിതത്തിന്റെ അടിസ്ഥാനതത്വം" എന്ന ഒരു ലേഖനംകൂടി അനുബന്ധമായി ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. എല്ലാംതന്നെ വിജ്ഞേയങ്ങളാണ്. എല്ലാ മതസ്ഥർക്കും ഈ ലേഖനങ്ങൾ ഉപകരിക്കുകയും ചെയ്യും. ചരിത്രരേഖകൾകൊണ്ടും ബൈബിൾവാക്യം ഉദ്ധരിച്ചുകൊണ്ടും തന്റെ അഭിപ്രായങ്ങൾ തറച്ചുപറയുവാൻ ഗ്രന്ഥകാരന് കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിലും ഈ ശാഖയിലും പെട്ട പുസ്തകങ്ങൾ ഇനിയും ഗ്രന്ഥകർത്താവിൽനിന്നും പ്രതീക്ഷിക്കട്ടെ. അതു് മലയാളഭാഷയ്ക്കും ജനങ്ങൾക്കും ഒരു മുതൽക്കൂട്ടായിരിക്കും: — അരിമ്പൂർ പാപ്പച്ചൻ.

# മരിയാസഖ്യസഖി

[ഗ്രന്ഥകർത്താ: ഫാദർ മാത്യു മങ്കുഴിക്കരി, പേജ്: 96 വില: 30 ന.പ.]

ഹൃദയംഗമമായ പ്രാർത്ഥനയ്ക്കു് പദങ്ങളുടെ അർത്ഥഗ്രഹണം ഒരത്യാവശ്യഘടകമാണെന്ന ധാരണ മിക്കവർക്കുമുണ്ട്. പക്ഷേ ഇതു മനസ്സിൽമാത്രം കെട്ടിക്കിടന്നു് പാടകെട്ടുകയാണ്. പ്രാവർത്തികരംഗത്തു് കാര്യമായ വ്യതിയാനങ്ങളൊന്നും ഇതേവരെ ഉണ്ടായിട്ടില്ലെന്നതാണ് വാസ്തവം. തന്മൂലം അർത്ഥമറിയാത്ത കുറെ വാക്കുകൾ, ഒരുവാ! ഒഴുകുന്നതിന്റെ ഈണത്തിലും താളത്തിലും ഉരുക്കഴിക്കുന്ന ഒരു കൂട്ടം യന്ത്രങ്ങളായി നാം അധഃപതിച്ചുപോയിട്ടുണ്ടെങ്കിൽ അത്ഭുതപ്പെടുവാനെന്തുണ്ട്?

ബൃഹത്തായ ആശയങ്ങൾ ഉൾക്കൊള്ളുന്ന സൂത്രവാക്യങ്ങൾ (Key sentences) ഉപയോഗിച്ചു് മെനഞ്ഞെടുത്തിട്ടുള്ളതാണ് നമ്മുടെ പ്രാർത്ഥനകളിൽ ഭൂരിഭാഗവും. കുറെയധികം കാര്യങ്ങൾ ചുരുക്കം വാക്കുകൾകൊണ്ടു് അനുസ്മരിപ്പിക്കുവാൻ സാധിക്കുക — അതാണ് നാമഭിലഷിക്കുന്നതു്. പക്ഷെ അവയുടെയെല്ലാം പരിപൂർണ്ണ അർത്ഥം അറിഞ്ഞിരിക്കയെന്നതു് ഇവയേക്കാളധികം പ്രാധാന്യമർഹിക്കുന്നു.

പ്രസ്തുത വസ്തുത അതിന്നടുത്ത ഗൗരവത്തോടെതന്നെ വീക്ഷിച്ചുകൊണ്ടാണ് റവ. ഫാ. മാത്യു മങ്കുഴിക്കരി മരിയാസഖ്യസഖി രചിക്കുന്നതിനു് ഇറങ്ങിത്തിരിച്ചതെന്നു് വ്യക്തം.

ഗ്രന്ഥകർത്താവു് അവകാശപ്പെടുംപോലെ, മാതാവിന്റെ ഒപ്പീസിന്റെ സാമാന്യം സമഗ്രമായ ഒരു വിശദീകരണം ഏവർക്കും ഈ ചെറുപുസ്തകത്തിൽനിന്നു പ്രതീക്ഷിക്കാം. വേദപുസ്തകങ്ങളിൽനിന്നു് ഉദ്ധരണികൾ ചേർത്തുകൊണ്ടും, കഥകൾവഴിയും ഈ കാര്യം ഭംഗിയായി, ലളിതമായി, ഫാ. മങ്കുഴിക്കരി നിർവ്വഹിച്ചിരിക്കുന്നു. സമയക്രമമനുസരിച്ചു് ഒപ്പീസിനെ ആറു് യാമങ്ങളായി തിരിച്ചു് ഓരോ പദങ്ങൾക്കും വിശദീകരണം നല്കുന്നതിനാൽ, മരിയാസഖ്യാംഗങ്ങളേവർക്കും ഈ പുസ്തകം വളരെ പ്രയോജകീഭവിക്കും.

എറണാകുളത്തെ സൊഡാലിററി ശതാബ്ദജൂബിലിയാഘോഷപരിപാടികൾ വിസ്മൃതമായാലും ഈ സ്മാരകഗ്രന്ഥം എന്നെന്നും സൊഡാലിററിയംഗങ്ങൾക്കുപകരിക്കും. പോക്കററു് വലുപ്പത്തിലുള്ള ഈ കൊച്ചുപുസ്തകംവഴി ഒരു വലിയ കാര്യമാണു് ഫാദർ മങ്കുഴിക്കരി നിർവ്വഹിച്ചിട്ടുള്ളതെന്നു് പറയുവാൻ സന്തോഷമുണ്ടു്. — ററി. ഡി. മഞ്ഞളി.

•

# പരീക്ഷ—എന്നും—പരീക്ഷ!

## — പി. ടി. എൽ. —

1

പരമകരുണയാളും, ദൈവമെല്ലാവരേയും
പരമപദനിവാസ,പ്രാപ്തരാക്കും തരത്തിൽ,
ഇരവുപകലൊരേമ,ട്ടേപ്പെട്ടത്തും പരീക്ഷ—
യ്ക്കിരകൾ നരരതീവം, വീപ്പുമുട്ടിത്തുടിപ്പൂ!

2

ക്ഷണികവിഭവയാകും, ലോകമേന്മയ്ക്കു വേണ്ടി—
ത്തുനിയുമൊരു വിഭാഗം, മർത്ത്യരിൽപ്പാർത്തുകണ്ടാൽ,
എനിയുമിവിടെയെന്നും, താൻ പരീക്ഷാ—പരീക്ഷാ!
പ്രണിതഹൃദയമോടും, നേരിടേണ്ടുംവിധത്തിൽ.

3

ചിലവുകഴിയുവാനായ്,മാത്രമിന്നെത്രയോ പേർ
ചിലവുകുറയുമാരോ,ന്നഭ്യസിക്കാൻ ശ്രമിക്കേ,
നിലകളതിനിടയ്ക്കും, നിശ്ചയിക്കാൻ പരീക്ഷ,
ബലമൊടതിനെ വെല്ലാ,നില്ല മറെറാന്നുമല്ലോ.

4

വിമതനിഹനമാണ,ന്നിന്നു നാനാപരീക്ഷാ—
സമരവിജയമത്രേ, മാന്യതാമാനദണ്ഡം;
അമലിയിവയിലേററാ,ൽ വന്നുപോം ലജ്ജപോക്കാൻ
അമരുമിവിടെയാരും, തീവ്രയത്നംനടത്തും.

5

പെരുമ ചെറിയതോതിൽ, കൈവരുത്താൻ കരുത്തിൽ—
പ്പൊരുതുമെവനു കിട്ടാൻ, ജന്മസാഫല്യമോർത്താൽ!
കരുതിയിതുകളീനാ,മേവരും നിത്യരക്ഷാ—
ബിരുദ വിരുതുമൂലം, കൈവരിക്കാൻ ശ്രമിക്കാം.

# നിങ്ങളുടെ സംശയങ്ങൾ

— ഫാദർ ആൻറണി അന്തിക്കാട്ട് എൽ. പിഎച്ച്., എൽ. ഡി., സെമ്മിനാരി, തോപ്പ്, തൃശ്ശൂർ–5. —

54. മിഷൻ പ്രവർത്തനത്തിനു പോകുന്നവർ എങ്ങനെയാണ് മാതാപിതാക്കന്മാരുടെ വാർദ്ധക്യത്തിൽ അവരെ സഹായിക്കുക?

(പ്രീഫെക്ററ്, മുക്കാട്ടുകര സൊഡാലിററി.)

മാതാപിതാക്കന്മാരെ സഹായിക്കാൻ വേറെ ആരുമില്ലെങ്കിൽ, മിഷൻപ്രവർത്തനത്തിനു പോകേണ്ട.

55. കുരിശിൻെറ വഴിയിൽ 5–ാം സ്ഥലത്ത് ശീമോൻ ഈശോയുടെ കൈയിൽ നിന്ന് കുരിശ് വാങ്ങിക്കുന്നതായി കാണുന്നു; എന്നാൽ പിന്നീടുള്ള സ്ഥലങ്ങളിൽ ഈശോയുടെ കൈയിൽ തന്നെയാണല്ലോ കുരിശ് കാണുന്നത്.

(പന്തപ്പാക്കൽ ദേവസ്സി ആന്നി, പുതുക്കാട്)

ശീമോൻ കുരിശു ചുമക്കാൻ ഈശോയെ സഹായിക്കുന്നുവെന്ന് കാണിക്കാനാണ് ശീമോനും ഈശോയും കുരിശിൻെറ ഓരോ ഭാഗം പിടിക്കുന്നതായി 5–ാം സ്ഥലത്തിൽ കാണിച്ചിരിക്കുന്നത്. സഹായിക്കുക എന്നുവെച്ചാൽ, കുരിശു ശീമോൻതന്നെ പൂർണ്ണമായി വഹിക്കുക എന്നർത്ഥമില്ല. 7–ം 9–ം സ്ഥലങ്ങളിലുള്ള വീഴ്ചകൾ വിശദീകരിക്കണമെങ്കിൽ, ഈശോ ആയിരുന്നിരിക്കണം കുരിശ് ചുമന്നിരുന്നത്. ശീമോൻ സഹായിച്ചിരുന്നുവെന്നു മാത്രം.

എന്നാൽ മറെറാരു അഭിപ്രായവുമുണ്ട്. എല്ലാ വീഴ്ചകളും കഴിഞ്ഞതിനുശേഷമാണ് ശീമോൻ കുരിശെടുക്കുന്നത്. പിന്നീട് ഈശോ കുരിശ് ചുമന്നില്ല. അങ്ങനെയെങ്കിൽ, 5-ാം സ്ഥലവും 9–ാം സ്ഥലവും പരസ്പരം മാറേറണ്ടിയിരിക്കുന്നു. മതമർദ്ദനങ്ങൾക്കുശേഷം വിയാസാക്രയുടെ സ്ഥലങ്ങൾ പുനഃപ്രതിഷ്ഠിച്ചപ്പോൾ യാദൃച്ഛികമായ ഒരു മാററം 14 സ്ഥലങ്ങളിൽ സംഭവിച്ചിരിക്കാനുമിടയുണ്ട്.

56. എൻെറ ജീവിതത്തിലെ ഏററവും വലിയ ആഗ്രഹം ഒരു മിഷനറിവൈദികനായി ക്രിസ്തുവിനുവേണ്ടി സേവനം ചെയ്യാനാണ്. പക്ഷെ....ദാമ്പത്യജീവിതത്തിൻെറ മധുരസ്വപ്നങ്ങളുമേന്തി ഒരു പൊൻനക്ഷത്രം എന്നെ സമീപിക്കുന്നു. ഞാൻ എന്തു ചെയ്യണം?

(ജയിംസ് അറയ്ക്കൽ)

ഒരിക്കൽ ക്രിസ്തുനാഥൻ ഒരു ധനികയുവാവിനെ പ്രേഷിതനാകുവാൻ ക്ഷണിച്ചു. എല്ലാം ഉപേക്ഷിച്ച് കർത്താവിനെ അനുഗമിക്കുവാൻ. അവൻ സന്നദ്ധനായില്ല. എന്തുകൊണ്ടെന്നാൽ അവനു ധാരാളം സ്വത്തുണ്ടായിരുന്നു. ജയിംസിനു ഉപേക്ഷിക്കുവാനുള്ളത് ഒരു യുവതിയുടെ സ്നേഹമാണ്. അതിനു തയ്യാറുണ്ടോ? കർത്താവ് ചിലരെ പ്രത്യേകം സ്നേഹിച്ച്, അവർക്കു വൈദികനാകുന്നതിനുള്ള ആഗ്രഹം നൽകുന്നു. ഇത് ഒരു ക്ഷണനമാണ്. ഈ ക്ഷണനം സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യാം. സ്വീകരിച്ചാൽ, കർത്താവ് പ്രത്യേകാനുഗ്രഹങ്ങൾകൊണ്ട്, ഈ ആത്മാവിനെ സമൃദ്ധിയായി അനുഗ്രഹിക്കും. സ്വീകരിക്കാതിരുന്നാൽ ആ പ്രത്യേകാനുഗ്രഹങ്ങൾ നഷ്ടപ്പെടും. ഒരു മിഷനറി വൈദികനാകുവാനുള്ള ആഗ്രഹം ദൈവമാണ് ജയിംസിനു നൽകിയിരിക്കുന്നത്. അതിനു നീ ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ദാമ്പത്യജീവിതത്തിലെ മധുരസ്വപ്നങ്ങളുമേന്തി വരുന്ന പൊൻനക്ഷത്രങ്ങളെ ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. അതിനു സന്നദ്ധനല്ലെങ്കിൽ മിഷനറിയാകുന്നതിനു പോകരുത്.

57. അവിവാഹിതരായ ഒരു കത്തോലിക്കായുവാവും കത്തോലിക്കായുവതിയും സ്നേഹബന്ധത്തിൽ ജീവിച്ചതിൻെറ ഫലമായി യുവതി ഗർഭവതിയായിരിക്കുന്നു. ഇവർക്ക് പള്ളിയിൽവെച്ച് വിവാഹം കഴിക്കുന്നതിനാഗ്രഹമുണ്ട്. പള്ളിയിൽ അതു നടത്തിക്കൊടുക്കുമോ? (എ. ഡി. ആൻറണി, ചിററിലപ്പിള്ളി)

അവർ അവിവാഹിതരും കത്തോലിക്കരും പരസ്പരം വിവാഹം കഴിക്കുന്നതിനു സമ്മതമുള്ളവരുമാകയാൽ പള്ളിയിൽവെച്ച് വിവാഹം നടത്തിക്കൊടുക്കുന്നതാണ്.

58. സിവിൽ കോടതിയിൽ വിവാഹമോചനം ലഭിച്ചിട്ടുള്ള കത്തോലിക്കാ സ്ത്രീപുരുഷന്മാർക്ക് തിരുസ്സഭയിൽ വേറെ വിവാഹം കഴിക്കുവാൻ സാധിക്കുമോ?

(ജോസ് കോനിക്കര, കുക്കഞ്ചേരി)

തിരുസ്സഭയിൽ ശരിയായി വിവാഹിതരായവരാണെങ്കിൽ, ആ ബന്ധം ഒരാളുടെ മരണത്തോടുകൂടിമാത്രമേ അവസാനിക്കുകയുള്ളൂ. അതുകൊണ്ട് അവർ സിവിൽ കോടതിയിൽനിന്ന് വിവാഹമോചനം നേടിയാലും പിന്നീട് വേറെ വിവാഹംചെയ്യുന്നതിനു പാടില്ല. പിന്നീടു കഴിക്കുന്ന വിവാഹം വാസ്തവമാകയില്ല.

59. രാത്രികാലങ്ങളിൽ അറിയാതെ സ്ഖലനമുണ്ടാകുന്നതു പാപമാണോ? അത് ആരോഗ്യത്തെ സാരമായി സ്പർശിക്കുന്നുവെങ്കിൽ, അതിനു പ്രതിവിധിയായി എന്തെങ്കിലും മരുന്നു കഴിക്കാമോ?

(കെ. കെ. ഔസേപ്പ്)

അറിവോടുകൂടി സമ്മതിച്ച് പ്രമാണങ്ങൾ ലംഘിക്കുന്നതാണ് പാപം. അതുകൊണ്ട്, ഉറക്കത്തിൽ അറിയാതെ ഉണ്ടാകുന്ന സ്ഖലനത്തിന്, ഉണർന്നിരിക്കുന്ന അവസരത്തിൽ കാരണങ്ങൾ കൊടുത്തിട്ടില്ലെങ്കിൽ, അത് പാപമല്ല. ആഴ്ചയിൽ ഒന്നിലധികം

പ്രാബല്യം ഇപ്രകാരം സ്ഖലനമുണ്ടാകയും അതു് ആരോഗ്യത്തിനു് ഹാനികരമായിതീരുകയും ചെയ്യുമ്പോൾ, പ്രതിവിധിയായി മരുന്നുകൾ ഉപയോഗിക്കുന്നതിൽ തെററില്ല.

60. പ്രേമവിവാഹം കത്തോലിക്കാസഭയിൽ നിരോധിച്ചിട്ടുണ്ടോ? (ജോസ് ടി. പൈകട, മൂലമററം.)

ഇല്ല, അവിവാഹിതരായ ഒരു കത്തോലിക്കാ യുവാവും കത്തോലിക്കാ യുവതിയും തമ്മിൽ സ്നേഹിച്ചു് വിവാഹത്തിൽ പ്രവേശിക്കുന്നതിനു് ആഗ്രഹം പ്രകടിപ്പിക്കുന്നുവെങ്കിൽ അവർക്കു് സഭയിൽ വിവാഹം നടത്തിക്കൊടുക്കുന്നതാണു്. എന്നാൽ പരസ്പരസ്നേഹം, വിവാഹത്തിനുമുമ്പു് അശുദ്ധ വിചാരങ്ങൾക്കും, ആഗ്രഹങ്ങൾക്കും, പ്രവൃത്തികൾക്കും കാരണമാകുന്നതിനു് ഇടയുള്ളതിനാൽ, വിവാഹത്തിനു മുമ്പു് ഇവർ അടുത്ത സമ്പർക്കം പുലർത്തുന്നതു് അപകടകരമാണു്. അന്ധമായ സ്നേഹം അന്യോന്യം സ്വഭാവഗുണത്തെപ്പററി പഠിക്കുന്നതിനു് വിഘാതമാകുന്നതിനാൽ, പലപ്പോഴും പ്രേമവിവാഹങ്ങൾ പരാജയത്തിലും അവിശ്വസ്തതയിലും തെററിദ്ധാരണകളിലും അസമാധാനത്തിലുമാണു് അവസാനിക്കുന്നതു്.

61. മഹറോൻ ചൊല്ലപ്പെട്ട വൈദികൻ വി. കുർബ്ബാന അർപ്പിച്ചാൽ, അതു വാസ്തവമാകുമോ?

(ജോസ് പൈകട)

മഹറോൻ ചൊല്ലപ്പെട്ട വൈദികൻ വി. കുർബ്ബാന അർപ്പിക്കുന്നതു് ഗൌരവതരമായ പാപമാണു്. എന്നാൽ മഹറോൻശിക്ഷ, വൈദികൻെറ പൌരോഹിത്യത്തെ എടുത്തുമാററുന്നില്ല; അതുകൊണ്ടു് വി. കുർബ്ബാന ചൊല്ലിയാൽ, കുർബ്ബാന വാസ്തവമാകും.

62. ഭർത്താവില്ലാതെ ഒരു സ്ത്രീക്കു് കുട്ടി ജനിക്കുന്നുവെങ്കിൽ, ആ കുട്ടിക്കു് തിരുസ്സഭയിൽ മാമ്മോദീസ നൽകുമോ? (ററി. എം. ചാക്കോ, കോട്ടയം)

ആ കുട്ടി കത്തോലിക്കനായി വളർത്തപ്പെടുമെന്നു് ബോദ്ധ്യമുള്ളപക്ഷം മാമ്മോദീസ നൽകുന്നതാണു്.

63. ചാത്തനെ സേവിച്ച ഒരാൾ വി. കുർബ്ബാന സ്വീകരിച്ചതുകൊണ്ടു് വല്ല ഫലവും കിട്ടുമോ?

(സി. പി. വർഗീസ്, വല്ലകുന്നു്)

ഇല്ല. ചാത്തനെ സേവിച്ച ഒരാൾ, അതിനെപ്പററി മനസ്താപപ്പെട്ടു് കുമ്പസാരിച്ചല്ലാതെ വി. കുർബ്ബാന സ്വീകരിക്കാൻ പാടില്ല. സ്വീകരിച്ചാൽ അതു് ദൈവദോഷമാകും.

★

അഞ്ഞൂർ: സൊഡാലിററി വാർഷികം മേയ് 3-ാംനു- റവ. ഫാ. പോൾ ആലപ്പാട്ടു് B. D. അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. കഥാപ്രസംഗം ഓട്ടംതുള്ളൽ തുടങ്ങിയ കലാപരിപാടികളും 'നല്ല ഭാര്യ' എന്ന ഏകാങ്കവും "ആദർശയുവതി"യെന്ന ഡ്രാമയും ഫാത്തിമായുടേയും കാൽവരിയുടേയും ടാബ്ലോകളും വാർഷികത്തിനു് മോടികൂട്ടി.

# ചിരിക്കാൻ മാത്രം!

ക്ലാസ്സിൽ വർത്തമാനം പറഞ്ഞുകൊണ്ടിരുന്ന ജോസിനോടു് അദ്ധ്യാപകൻ: "എടാ ജോസേ, നിന്നെ ഇത്ര കാര്യമായി അപ്പനും അമ്മയും സ്കൂളിൽ വിടുന്നതു് നീ വല്ലതും പഠിക്കട്ടെ എന്നു വച്ചല്ലേ?"

ജോസ്: "അല്ല, സാർ! വീട്ടിലെ വഴക്കല്പം കുറഞ്ഞോട്ടെ എന്നു വച്ചിട്ടാണെന്നാണു് അമ്മ പറയാറുള്ളതു്." — *തോമസ് കൊക്കപ്പുഴ, മലപ്പുറം.*

X X X

"കുട്ടീ, ഇക്കണക്കിനു് പഠിച്ചാൽ നീ ഇക്കൊല്ലം ജയിക്കില്ല. ഒന്നു് മനസ്സുവെച്ചു് പഠിച്ചാൽ അടുത്ത കൊല്ലം ഇംഗ്ലീഷു പള്ളിക്കൂടത്തിൽ ചേർന്നു പഠിക്കാം."

"സാർ, അച്ഛൻ പറഞ്ഞിട്ടുണ്ടു് ഈ ക്ലാസ്സിൽനിന്നും ജയിക്കേണ്ടെന്നു്."

"അതെന്താടാ ?"

"ഇംഗ്ലീഷ് പള്ളിക്കൂടത്തിലോട്ടു ചെന്നാൽ അവിടെ ഉച്ചക്കഞ്ഞിയില്ല." — *മാത്യൂസ് അരിമ്പൂർ.*

X X X

വീട്ടിൽ കയറിയ കള്ളൻെറ പിന്നാലെ ഇരുട്ടത്തു് കുറെ ദൂരം ഓടി മടങ്ങിവന്ന ഭർത്താവിനോടു് ഭാര്യ:

"നിങ്ങളിങ്ങനെ വീണ്ടുവിചാരമില്ലാതെ കള്ളൻെറ പിന്നാലെ ഓടിയതെന്തിനാ? അവൻെറ പക്കൽ വല്ല കഠാരിയുമുണ്ടെങ്കിൽ, അതെടുത്തു പ്രയോഗിച്ചാൽ എന്തു ചെയ്യും?"

"എടീ അവൻ വല്ലതും തിരിഞ്ഞുനിന്നു് ചെയ്യാൻ എത്താത്തവണ്ണം അകലം കണ്ടല്ലെ ഞാൻ ഓടിയതു്?" — *മറിയാമ്മ ഫ്രാൻസീസ്, മാള.*

X X X

ഭാര്യ: "ദേ, നമ്മുടെ ജോയിമോൻ മണ്ണെണ്ണയെല്ലാം കുടിച്ചുതീർത്തല്ലോ"

ഭർത്താവു്: "അതിനെന്താ? ഇതാ രണ്ടു് പൈസ മെഴുകുതിരി മേടിക്കാൻ."

X X X

ആദ്യമായി റിക്ഷാവണ്ടിയിൽ കയറിയ അന്തോണിച്ചേട്ടൻ വേഗത്തിൽ റിക്ഷ വലിച്ചു് ഓടിയിരുന്ന റിക്ഷാക്കാരനോടു് പറഞ്ഞു: "എടോ, ഇതിൽ ഒരാൾക്കുകൂടി സ്ഥലമുണ്ടു്. തനിക്കും കയറിയിരുന്നുകൂടെ?"

X X X

യാചകൻ: "അമ്മേ, വല്ലതും തരണേ; അല്ലെങ്കിൽ ഞാൻ ഇന്നലെ അങ്ങേ വീട്ടിൽ ചെയ്തതുപോലെ ചെയ്യും."

ഇതു കേട്ടു് ഭയന്നു് വീട്ടുകാരി വേഗം ഭിക്ഷകൊടുത്തതിനു ശേഷം ചോദിച്ചു: "നിങ്ങൾ അടുത്ത വീട്ടിൽ എന്താണു് ചെയ്തതു്?"

യാചകൻ: "ഒന്നുമില്ലെന്നു പറഞ്ഞപ്പോൾ ഞാനെൻെറ സഞ്ചിയുമെടുത്തു് തിരിഞ്ഞുനടന്നു."

— *വർഗ്ഗീസ് ഇമ്മട്ടി, ഒല്ലൂർ.*

ആഗോളവ്യാപകമായ മരിയൻ സൊഡാലിററിയുടെ ആരംഭം വിനീതവും ലളിതവുമാണ്. എല്ലാ മഹത്തായ കാര്യങ്ങളും അങ്ങനെയാണല്ലോ ഉടലെടുത്തിട്ടുള്ളത്. ലെയോണിസ് എന്നു പേരുള്ള ഒരു ഈശോസഭാവൈദികൻ റോമൻ കോളെജിൽ വ്യാകരണം പഠിപ്പിച്ചിരുന്നു. അദ്ദേഹം ദിവസംതോറും ക്ലാസ്സുകൾക്കുശേഷം തൻെറ ശിഷ്യന്മാരിൽ ചിലരെ ദേവാലയത്തിൽ വിസിത്തയ്ക്കായി കൊണ്ടുപോവുക പതിവായിരുന്നു. നമ്മുടെ വൈദികർ കുമ്പസാരങ്ങളും മററും പരിശുദ്ധ കുർബ്ബാന സന്ദർശിക്കാൻ ക്ഷണിക്കാറും ഉപദേശിക്കാറും ഉണ്ടല്ലോ. ഏതാണ്ടതുപോലെതന്നെയായിരുന്നു 'ലെയോണിസ്'' അച്ചനും ചെയ്തതു്. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും അവർ കൂടുതൽ സമയം ഭക്തകൃത്യങ്ങൾക്കായി ചെലവഴിച്ചുപോന്നു. തങ്ങളെത്തന്നെ ദൈവജനനിയ്ക്കായി അർപ്പിക്കുകയും അവിടുത്തെ ശക്തിമത്തായ സംരക്ഷണം തേടുകയുംചെയ്തു സ്വയം വിശുദ്ധീകരണവും ആത്മാക്കളുടെ രക്ഷയുമായിരുന്നു അവരുടെ പ്രധാനലക്ഷ്യം. പുണ്യാഭ്യസനവും പരോപകാരപ്രവൃത്തികളും വഴി അതു് സാധിക്കാൻ അവർ ഉത്സാഹപൂർവ്വം യത്നിച്ചു.

ദൈവം അവരുടെ നല്ല മനസ്സിനേയും ആഗ്രഹങ്ങളേയും യത്നങ്ങളേയും അനുഗ്രഹിച്ചു. ദൈവമാതാവ് കരുത്തേറിയ തൻെറ സംരക്ഷണം അവക്കു നല്കി. ഒരു കൊല്ലത്തിനകം ഈ സഖ്യാംഗങ്ങളുടെ എണ്ണം എഴുപതായിത്തീർന്നു. പതിമൂന്നു കൊല്ലത്തിനുള്ളിൽ അതു് അൻപതിനായിരമായി ഉയർന്നു.

ആരംഭംമുതല്ക്കേ പരിശുദ്ധ പിതാക്കന്മാർ ഈ സഖ്യത്തെ പൈതൃകമായി അനുഗ്രഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും അതിനു് നിരവധി ആനുകൂല്യങ്ങളും ദണ്ഡവിമോചനങ്ങളും കല്പിച്ചനുവദിക്കുകയും ചെയ്തു. മരിയസഖ്യത്തിനു് യൂറോപ്പിലാകെ പ്രചുരപ്രചാരം സിദ്ധിച്ചു. അതു്, യുവാക്കൾക്കു് പ്രത്യേകിച്ചും, വിപ്ലവകാരികളുടെ ആക്രമണത്തിൽനിന്നും രക്ഷപ്പെടുവാനുള്ള ഏററം സുശക്തമായ ഒരു കോട്ടയായിത്തീർന്നു.

വിപ്ലവകാരികൾ ക്രിസ്തുവിൻെറ മാതാവിനേയും ക്രിസ്തുവിൻെറ വികാരിയേയും മാററിനിർത്തിക്കൊണ്ടു് ഒരു ക്രൈസ്തവസഭ കെട്ടിപ്പടുക്കുവാൻ സാഹസികമായി ഒരുമ്പെട്ടപ്പോൾ, മരിയസഖ്യം മറിയത്തിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ടു് മുന്നോട്ടു നീങ്ങി. പ്രോട്ടസ്റ്റാൻറുകാർ കത്തോലിക്കരുടെ മേരീഭക്തിയെ പുച്ഛിച്ചു തള്ളിയപ്പോൾ, ക്രിസ്തുവിൻെറ വികാരിയെ ധിക്കരിച്ചു പ്രവർത്തിച്ചപ്പോൾ, മരിയസഖ്യാംഗങ്ങൾ മേരികീർത്തനങ്ങൾ ഉച്ചൈസ്തരം പാടുകയും ക്രിസ്തുവിൻെറ വികാരിയുടെ നേക്കു് അചഞ്ചലമായ ആദരവും ബഹുമാനവും വിശ്വസ്തതയും പ്രഖ്യാപിക്കുകയുംചെയ്തു. മറിയത്തിൻെറ കൊടിക്കീഴിൽ അണിനിരന്ന സഖ്യാംഗങ്ങൾ സഭയുടെ ഏററം ശക്തിമത്തായ ഒരു സൈന്യവ്യൂഹമായിത്തീർന്നു. മഹത്തായ സേവനമാണ് മരിയസഖ്യം ഇക്കഴിഞ്ഞ നാലു നൂററാണ്ടുകാലത്തു് അനുഷ്ഠിച്ചിട്ടുള്ളതു്. പ്രോട്ടസ്റ്റാൻറ മതവിപ്ലവത്താൽ അലങ്കോലമായ ജർമ്മനിയിലെ കത്തോലിക്കാ ജീവിതത്തെ പുനരുദ്ധരിക്കുവാൻവേണ്ടിവിശുദ്ധ പീററർ കനീസിയൂസിൻെറ നേതൃത്വത്തിൽ അണിനിരന്ന മരിയസഖ്യാംഗങ്ങൾ മുതൽ ഇന്നു മതമർദ്ദനങ്ങൾ നടമാടുന്ന രാജ്യങ്ങൾവരെ അനേകരംഗങ്ങളിൽ അവർ തിരുസഭയ്ക്കുവേണ്ടി രക്തം ചിന്തുകയും വീരോചിതമായ സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ടു്.

മരിയസഖ്യാംഗങ്ങളിൽനിന്നു് മുപ്പത്തൊൻപതു പേർ വിശുദ്ധരായി നാമകരണംചെയ്യപ്പെട്ടിട്ടുണ്ടു്. ദൈവവിളിക്കു് ഏററം ഫലഭൂയിഷ്ഠമായ വിളനിലമാണു് മരിയസഖ്യം. അനേകം വൈദികരെയും സന്യാസിനികളെയും ഏഴു പാപ്പാമാരെയും മരിയസഖ്യം സഭയ്ക്കു നല്കിയിട്ടുണ്ടു്. മാത്രമല്ല, എല്ലാ ജീവിതാന്തസ്സുകളിലുംപെട്ട പ്രഗത്ഭരായ അനേകം വ്യക്തികൾക്കു ക്രൈസ്തവചൈതന്യവും ശുഷ്കാന്തിയും നല്കിയിട്ടുള്ളതു് മരിയസഖ്യമാണു്. നേപ്പിൾസിലെ ഒരു പ്രഭു മരണക്കിടക്കയിൽവച്ചു

# -മരിയൻ റെ

## മോസ്റ്റ് റവ. ഡോക്

— വരാപ്പുഴ

പുത്രനോടു പറഞ്ഞു: "ഞാൻ നേപ്പിൾസിലെ പ്രഭു ആയിരുന്നു എന്നതിനേക്കാൾ അഭിമാനിക്കുന്നതു്, മരിയസഖ്യത്തിലെ അംഗമായിരുന്നു എന്നതിലാണു്."

മഹത്തായ ഈ സംഘടനയെക്കുറിച്ചു് എപ്പോഴും സംതൃപ്തിയും സന്തോഷവുമാണു് മാർപ്പാപ്പാമാർ പ്രകടിപ്പിച്ചിട്ടുള്ളതു്. "എല്ലാ ജീവിതസ്ഥിതികളിലുമുള്ള വിശ്വാസികൾക്കു് പ്രശംസനീയമായ ഈ ഭക്തസംഘടനവഴിയായി ലഭിച്ചുകൊണ്ടിരിക്കുന്ന ഫലങ്ങൾ വിസ്മയനീയങ്ങളത്രെ" എന്നാണു് 14–ാം ബെനഡിക്ട് മാർപ്പാപ്പാ പറഞ്ഞിട്ടുള്ളതു്. "ക്രിസ്തീയ ഭക്തിയുടെ വിശിഷ്ടമായ പരിശീലനക്കളരിയും യുവജനനിഷ്കളങ്കതയുടെ ബലവത്തായ കോട്ടയും" എന്നാണു് 13–ാം ലെയൊ മാർപ്പാപ്പാ അതിനെ വിശേഷിപ്പിച്ചിട്ടുള്ളതു്. ഉൽക്കടമായ ദുഃഖത്തിൽ മരിയസഖ്യം വി. 10–ാം പിയൂസിനു മാധുര്യത്തിൻെറ ഉറവയായിരുന്നു. എല്ലാ കത്തോലിക്കാ ജനസമൂഹങ്ങളിലും പ്രാർത്ഥനയുടെ അരൂപി കൈവരുത്തുന്നതിനു് ശക്തമായിട്ടുള്ളതും നന്മയായിട്ടുള്ളതുമെല്ലാം ഭാവിയിലെ കത്തോലിക്കാസഭയ്ക്കു് കൈവരുന്നതിനും മരിയസഖ്യത്തെ അവി

ടന്നു് ആശ്രയിച്ചിരുന്നു. ദൈവത്തിന്റെ സർവ്വശക്തമായ സംരക്ഷണയാലും പരിശുദ്ധ ദൈവജനനിയുടെ സഹായത്താലും ത്യാഗസന്നദ്ധരും തീക്ഷ്ണത നിറഞ്ഞവരുമായ യഥാർത്ഥക്രിസ്ത്യാനികളുടെ ഒരു തെരഞ്ഞെടുക്കപ്പെട്ട സൈന്യവ്യൂഹത്തെയാണു് മരിയസഖ്യാംഗങ്ങളിൽ അവിടന്നു് ദർശിച്ചതു്. 12-ാം പീയൂസിന്റെ അഭിപ്രായത്തിൽ "മരിയസഖ്യം സ്വയം വിശുദ്ധീകരണത്തിന്റെയും പ്രേഷിതചൈതന്യത്തിന്റെയും ആദർശപരമായ വിദ്യാലയമാണു്."

മരിയാസഖ്യത്തിനാരംഭമിട്ട ഈശോസഭ പല യൂറോപ്യൻ രാജ്യങ്ങളിൽനിന്നും ബഹിഷ്കൃതമായപ്പോൾപോലും മാർപ്പാപ്പാമാരുടെയും തീക്ഷ്ണതയുള്ള ഇടയന്മാരുടെയും പൈതൃകമായ മേൽനോട്ടത്തിലും വാത്സല്യപൂർവ്വമായ പരിലാളനയിലും മരിയസഖ്യം സംരക്ഷിക്കപ്പെട്ടുപോന്നു.

ഭാരതത്തിൽ മരിയസഖ്യത്തിന്റെ പ്രവർത്തനം 17-ാം നൂററാണ്ടിന്റെ ആരംഭത്തോടുകൂടി തുടങ്ങിയതായി ശരിയായ ചരിത്രരേഖകളുണ്ടു്. വിശിഷ്ടമായ

# ഡാലിററി-

## സഫ് അട്ടിപ്പേററി

## പ്പാലീത്ത —

ഈ പ്രസ്ഥാനം യൂറോപ്പിൽ പ്രത്യക്ഷമാകുന്നതിനു മുമ്പുതന്നെ ഒരുവിധത്തിൽ 'ഗോവ'യിൽ മുളയെടുത്തതായും പറയപ്പെടുന്നു. ഏതായാലും, നമ്മുടെ ആദ്ധ്യാത്മികജീവിതത്തിന്റെ ചൈതന്യത്തിനും നിലനില്പിനും മരിയസഖ്യത്തോടു നമുക്കുള്ള കടപ്പാടു് നിസ്സീമമാണു്. മരിയസഖ്യം ശരിയായി പ്രവർത്തിച്ചുപോന്നിട്ടുള്ള പ്രദേശങ്ങളിൽ, വിശേഷിച്ചു്, ഗോവയിലും കൊച്ചിയിലും ഗണ്യമായ മാനസാന്തരങ്ങൾ നടന്നിട്ടുണ്ടെന്നു് പറയപ്പെടുന്നു. 1921-ൽ മദ്രാസിൽവച്ചു നടന്ന മരിയൻ കോൺഗ്രസ്‌വഴി ഈ സഖ്യത്തിനു് കൂടുതൽ പ്രചാരം സിദ്ധിക്കുകയുണ്ടായി. മരിയസഖ്യം 16-ാം നൂററാണ്ടിലെന്നപോലെ ഇക്കാലത്തും അത്യന്താപേക്ഷിതമായ ഒരു സംഘടനയാണു്. അന്നു് ദൈവത്തിന്റെ സഭയ്ക്കെതിരായി ഉയർന്ന വെല്ലുവിളി ഇന്നു് അതിന്റെ ഉച്ചിയെ പ്രാപിച്ചിരിക്കയാണു്. അന്നു് ദൈവത്തിന്റെ സഭയ്ക്കുവേണ്ടി അടരാടാൻ മറിയത്തിന്റെ കൊടിക്കീഴിൽ അണിനിരക്കേണ്ടതു് ആവശ്യമായിരുന്നെങ്കിൽ, ഇന്നു് അതു കൂടുതൽ ആവശ്യമായിത്തീർന്നിരിക്കയാണു്. അന്നു് ജനങ്ങൾക്കു് ദൈവത്തിൽ വിശ്വാസം ഉണ്ടായിരുന്നു; ഇന്നു് അതില്ലാതായിത്തീർന്നിരിക്കുന്നു. അന്നു് പാപത്തേയും തിന്മയേയും ജനങ്ങൾ നിഷേധിച്ചിരുന്നില്ല; ഇന്നു് പാപവും തിന്മയും നിഷേധിക്കപ്പെടുക മാത്രമല്ല, അവ വീരോചിതങ്ങളായ പ്രവൃത്തികളായി പുകഴ്ത്തപ്പെടുന്നു. ഈ ദുർഘടഘട്ടത്തിൽ മുന്നോട്ടു പോകാൻ നമ്മുടെ രക്ഷകൻ നമുക്കു് അമ്മയായിത്തന്ന മറിയത്തെ കൂടാതെ സാദ്ധ്യമല്ല. സത്താപരമായ, അല്ലെങ്കിൽ, യഥാർത്ഥമായ ക്രൈസ്തവതത്തിലേയ്ക്കു തിരിച്ചുപോവുക ("Return to essential Christianity") എന്നുള്ള മുറവിളികൾ ഇന്നു് സർവ്വസാധാരണമാണു്. ഈ യഥാർത്ഥക്രൈസ്തവതം എന്താണു്? മറിയത്തെ മാററിനിറുത്തിക്കൊണ്ടുള്ള ഒന്നാണു് അതെന്നു് ചിലർ പറയുന്നു. ഇതു് തികച്ചും തെററാണു്. ദൈവമാതാവിനെ മാററിനിറുത്തിക്കൊണ്ടുള്ള സഭ എങ്ങനെ ദൈവത്തിന്റെ സഭയാകും? ക്രൈസ്തവതം മറിയത്തോടു് അവിഭാജ്യമായി ബന്ധപ്പെട്ടതാണു്. "Christianity is essentially Marian."

ക്രൈസ്തവസഭായോജിപ്പിനെക്കുറിച്ചും നാം ഇന്നു സാധാരണ കേൾക്കാറുള്ളതാണല്ലോ. പരിശുദ്ധപിതാവു് തീവ്രമായി ആഗ്രഹിക്കുന്ന ഒരു കാര്യമാണിതു്. കത്തോലിക്കരായ നമുക്കു് എല്ലാവർക്കും ഏററം പ്രിയപ്പെട്ടതുമാണു്. എന്നാൽ കത്തോലിക്കരുടെ മേരീഭക്തി ഈ സംയോജനത്തിനു് ഒരു തടസ്സമായി ചിലർ ചൂണ്ടിക്കാണിക്കുന്നു. ആ തടസ്സം മാററിയാൽ അകത്തോലിക്കാക്രൈസ്തവസഭാവിഭാഗങ്ങൾ തിരുസ്സഭയിലേയ്ക്കു തിരിച്ചുവരുമെന്നും പറയുന്നു. അങ്ങനെ മേരീഭക്തി മാററി വിപുലമായ ഒരു ക്രൈസ്തവകുടുംബം കെട്ടിപ്പടുക്കാൻ സാധിക്കുമെന്നും അവർ വിചാരിക്കുന്നു. ഈ ആഗ്രഹം വെറും വ്യാമോഹമാണു്; തെററിദ്ധാരണയിൽ അടിയുറച്ചതാണു്. അമ്മയെ കുടുംബത്തിൽനിന്നു പുറംതള്ളി എങ്ങനെയാണു് കുടുംബൈക്യം സാധിക്കുന്നതു്? എങ്ങനെ അവിടെ കുടുംബസമാധാനമുണ്ടാകും? കുടുംബത്തിലെ എല്ലാ അംഗങ്ങളെയും യോജിപ്പിക്കുന്നതിനുള്ള ഏററം ബലവത്തായ ശൃംഖലയല്ലേ അമ്മ?

ദൈവമാതാവിലൂടെ സ്വയവിശുദ്ധീകരണവും ആത്മാക്കളുടെ രക്ഷയും സാധിക്കുക എന്ന യഥാർത്ഥമായ ആദർശം മുൻനിറുത്തിക്കൊണ്ടു് മുന്നോട്ടു നീങ്ങുന്ന മരിയസഖ്യാംഗങ്ങളായ നിങ്ങളെ ഞാൻ അനുമോദിക്കുകയാണു്. 12-ാം പീയൂസ് മാർപ്പാപ്പാ പറഞ്ഞിട്ടുള്ളതുപോലെ മൂന്നു പ്രത്യേക കാരണങ്ങളാൽ നിങ്ങൾ മറിയത്തിന്റേതാണു്. ഒന്നു്: അവിടുത്തെ പേരു് നിങ്ങൾ എടുത്തിരിക്കുന്നു. രണ്ടു്: മറിയത്തിന്റെ നേരെ ഭക്തിനിർഭരമായ ഒരു ജീവിതം നയിക്കാമെന്നു നിങ്ങൾ പ്രതിജ്ഞചെയ്തിരിക്കുന്നു. മൂന്നു്: മറിയത്തിന്നു് പരിപൂർണ്ണമായി നിങ്ങൾ സ്വയം പ്രതിഷ്ഠിച്ചിരിക്കുന്നു.

മഹത്തായ ഒരു പാരമ്പര്യമുള്ള നിങ്ങൾ, വിപുലമായ കഴിവുകളുള്ള നിങ്ങൾ, സഭയ്ക്കും രാജ്യത്തിനും വേണ്ടി നിങ്ങളുടെ പൂർണ്ണമായ സേവനം അർപ്പിക്കുക.

പാശ്ചാത്യരാജ്യങ്ങളിൽ സഖ്യാംഗങ്ങൾ അനുഷ്ഠിക്കുന്ന നിസ്തുലസേവനം നിങ്ങൾക്കു മാർഗ്ഗദർശനം നല്കട്ടെ. സഭയ്ക്കെതിരായുള്ള ആക്രമണങ്ങളെ സുധീരം അവർ ചെറുക്കുന്നു. നീതിയിലും സത്യത്തിലും അധിഷ്ഠിതമല്ലാത്ത യാതൊന്നും നിയമമാക്കുവാൻ അവർ അനുവദിക്കുന്നില്ല. ദുഷിച്ച സിനിമകളുടെയും അശ്ലീലസാഹിത്യത്തിന്റെയും പ്രചരണം അവർ നിരോധിക്കുന്നു. എന്തുകൊണ്ട് നിങ്ങൾക്കും ഇവ ചെയ്തുകൂടാ? നിങ്ങളുടെ ജീവിതവും പ്രവൃത്തിയും മററുള്ളവർക്ക് നല്ല മാതൃകയായിരിക്കട്ടെ അതാണ് ഏററം നല്ല പ്രേഷിതത്വം. സാധാരണക്രൈസ്തവജീവിതംകൊണ്ട് നിങ്ങൾ തൃപ്തിയടയരുത്. അങ്ങനെയുള്ള മനസ്ഥിതിക്കാർക്കുവേണ്ടിയുള്ളതല്ല മരിയസഖ്യം. "World Federation of Sodalities" എന്ന സാർവ്വലൗകികസംഘടനയുടെ പ്രഥമയോഗം റോമിൽ സമ്മേളിച്ചപ്പോൾ വിവിധ രാഷ്ട്രങ്ങളെ പ്രതിനിധാനംചെയ്ത് പതിനയ്യായിരം സഖ്യാംഗങ്ങൾ അതിൽ സംബന്ധിച്ചു അവരെ അഭിമുഖീകരിച്ച് പരിശുദ്ധ പിതാവ് 12-ാം പീയൂസ് ശ്രദ്ധേയമായ ഒരു പ്രസംഗം ചെയ്യുകയുണ്ടായി. അതിലെ ഒരു ഭാഗം നിങ്ങളുടെ ശ്രദ്ധയിൽ ഞാൻ പെടുത്തിക്കൊള്ളട്ടെ: "മരിയസഖ്യങ്ങൾ കേവലം ഭക്തസഖ്യങ്ങളല്ല. പ്രത്യുത, അവ അപ്പസ്തോലചൈതന്യത്തിന്റെ പരിശീലനക്കളരികളാണ്. നിത്യരക്ഷയ്ക്ക് അവശ്യം ആവശ്യകമെന്ന് തോന്നുന്നതിൽ അല്പം കൂടുതൽമാത്രം ചെയ്യുക്കാമെന്ന് വിചാരിക്കുന്നവർക്കായുള്ള ഒന്നല്ല ഇത്. നേരെമറിച്ച്, ഉദാരമനസ്കതയോടെ ദൈവാനുഗ്രഹത്തിന്റെ പ്രേരണകൾക്കനുസൃതം പ്രവർത്തിക്കാമെന്നും ദൈവതിരുമനസ്സ് പരിപൂർണ്ണമായി നിറവേററാമെന്നും ദൃഢവ്രതമെടുക്കാൻ സന്നദ്ധതയുള്ളവരെ ഉദ്ദേശിച്ചുള്ള ഒരു സംഘടനയാണ് ഇത്. ആകയാൽ, സൊഡാലിററിയിൽ ചേരുന്നതിനുള്ള മാനദണ്ഡം വ്യക്തിപരമായ വിശുദ്ധിയും അപ്പസ്തോലചൈതന്യതീക്ഷ്ണതയുമാണ്."


N. B. എറണാകുളത്തുവച്ചു നടന്ന സൊഡാലിററി നാലാം ശതാബ്ദജൂബിലി സമ്മേളനത്തിലെ അദ്ധ്യക്ഷപ്രസംഗത്തിൽ നിന്ന്.



## ഉപകാരസ്മരണ

By C. J. Chiranellur.


നവീന സാരികൾക്ക്



ഫേഷൻ ഫേബ്രിക്സ്
തൃശ്ശൂർ

# "അപ്പച്ചാ, പത്തിൽ പത്ത്!"

(ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. ഏ.)

മദ്ധ്യവേനൽ അവധി കഴിഞ്ഞ് സ്കൂൾ തുറന്നു. പഠനവും ആരംഭിച്ചു. പരാജയം അനുഭവിച്ചവരും വിജയം കൈവരിച്ചവരും അവനവനർഹതയുള്ള ക്ലാസ്സുകളിൽ പ്രവേശിച്ച് മുൻകൊല്ലത്തേക്കാൾ ഉണർവ്വോടും വാശിയോടും പഠിക്കുന്നു. അടുത്തുതന്നെ ക്ലാസ്സപരീക്ഷകളും ടെസ്റ്റ്പേപ്പറുകളും കുഞ്ഞുമക്കൾക്കു നേരിടേണ്ടിവരും. ഇപ്പോൾ എൻെറ ബാല്യകാലത്തെ ഒരു കാര്യം ഓർമ്മയിൽ വരുന്നു. ഞാൻ രണ്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ ക്ലാസ്സപരീക്ഷയിൽ കണക്കിനു പത്തിൽ പത്തു മാർക്ക് കിട്ടി. സ്ലേററിലാണ് കണക്ക ചെയ്തത്. സാർ വലിയ അക്ഷരത്തിൽ ചോക്കുകൊണ്ടു മാർക്കിട്ടതുംകൊണ്ടു ഞാൻ വീട്ടിലേയ്ക്ക് ഓടി. വഴിക്കുള്ളവർ എല്ലാവരും കാണട്ടെയെന്നു വിചാരിച്ച് മാർക്ക് കാണത്തക്ക വിധത്തിലാണ് ഞാൻ സ്ലേററ പിടിച്ചുകൊണ്ടു നടന്നത്. "ആ ചെറുക്കൻ മിടുക്കനാണ്. അവന് പത്തിൽ പത്തു മാർക്കും കിട്ടിയല്ലോ. എല്ലാ കുട്ടികളും ഇങ്ങനെ പഠിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. വാദ്ധ്യാന്മാർക്ക് എന്തു സംതൃപ്തിയുണ്ടാകുമായിരുന്നു'' എന്നു ചിലർ പറയുന്നത് ഞാൻ കേട്ടു. വീട്ടിലെത്തിയ ഉടനെ അപ്പച്ചൻ അവിടെ ഇല്ലാഞ്ഞതിനാൽ അമ്മച്ചിയോടും സഹോദരീസഹോദരന്മാരോടും ഞാൻ ഈ വിവരം പറഞ്ഞു. ഇതുകേട്ട അമ്മച്ചി എനിക്കൊരു പൂവൻപഴവും അരിയുണ്ടയും സമ്മാനമായി തന്നു. അക്കാലം ഓണത്തിൻെറ ആർഭാടമായിരുന്നു. ഞങ്ങളുടെ അയൽവീട്ടിലെ കുട്ടപ്പച്ചാകൻ ഓണസ്സമ്മാനമായി കൊണ്ടുവന്ന പൂവൻകുലയും നുറു അരിയുണ്ടയും അമ്മച്ചി അപ്പച്ചനെ കാണിക്കുന്നതിനു മുമ്പ് എനിക്കുമാത്രം ഓരോന്ന് എടുത്തുതന്നതാണ്. അപ്പച്ചനും എൻെറ വിജയം അറിയട്ടെയെന്നു കരുതി ഞാൻ മാർക്കുള്ള സ്ലേററ് മാർക്ക് കാണത്തക്കവിധം അപ്പച്ചൻെറ പുകയിലച്ചെല്ലപ്പിൻെറ അടുത്തു വച്ചു. അപ്പച്ചൻ വന്നയുടനെ എന്നെ വിളിച്ച് "മോനേ, അവുതപ്പച്ചാ, നീ മിടുക്കനാണെന്നു നീ വിചാരിക്കുന്നുണ്ടാവാം ഇല്ലേ?" എന്നു ചോദിച്ചു. ഞാൻ ഒന്നും മിണ്ടിയില്ല. രണ്ടാം ക്ലാസ്സിലെ പാഠപുസ്തകമെടുത്തുകൊണ്ടുവരാൻ അപ്പച്ചൻ എന്നോടു പറഞ്ഞു. ഞാൻ പുസ്തകം കൊണ്ടുവന്നു. പുസ്തകത്തിലെ പാഠമായ 'രാമൻ' എന്നതു വായിക്കാൻ എന്നോടു പറഞ്ഞു. ഞാൻ ആ പാഠം വായിച്ചു. "രാമൻ നല്ലവനാകുന്നു. അവൻ രാവിലെ ഉണരും, ഈശ്വരനെ ആരാധിക്കും. പാഠങ്ങൾ വായിക്കും. തോട്ടിൽ പോയി കുളിക്കും. അമ്മ കൊടുക്കുന്നത് യാതൊരു കുററവും പറയാതെ ഭക്ഷിക്കും. ശുചിയായ വസ്ത്രവും ധരിച്ച് സ്കൂളിലേയ്ക്കു പോകും. വഴിയിൽ കുട്ടികളുമായി വഴക്കുപിടിക്കയില്ല. ക്ലാസ്സിൽ ശരിയായി അദ്ധ്യാപകൻ പറയുന്നതു ശ്രദ്ധിക്കും.''

ഞാൻ വായിച്ചുകഴിഞ്ഞപ്പോൾ അപ്പച്ചൻ എന്നോടു ചോദിച്ചു: "എടാ, രാമനെപ്പററി ഈ പാഠത്തിൽ പറയുന്നതുപോലെ നിന്നെപ്പററിയും എനിക്കോ നിൻെറ സാറിനോ പറയാൻ സാധിക്കുമോ?" ഒരു ചോദ്യത്തിനുപോലും ശരിയായ ഉത്തരം പറയാൻ സാധിച്ചില്ല. "എടാ, പിന്നെ നിൻെറ പത്തിൽ പത്തുകൊണ്ട് എന്തു വിശേഷം?" എന്ന് അപ്പച്ചൻ ചോദിച്ചു.

പ്രിയ കുഞ്ഞുമക്കളേ, ഇതുതന്നെയാണ് എനിക്ക് നിങ്ങളോടും ഈ അദ്ധ്യയനവഷത്തിൻെറ ആരംഭത്തിൽ പറയുവാനുള്ളത്. നല്ല മാർക്ക് കിട്ടുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടരുത്. എല്ലാവരും നല്ലവനായും നല്ലവളായും ജീവിക്കാൻ ശ്രമിക്കണം. ഈശോയ്ക്കു ഇഷ്ടമില്ലാത്ത യാതൊരു പ്രവൃത്തിയും ചെയ്യരുത്. ഇപ്പോൾ വേറൊരു സംഭവമോക്കുന്നു. ഒരിക്കൽ ഞാനും അപ്പച്ചനുംകൂടി നടന്നപ്പോൾ കപ്പലുമാങ്ങാ പഴുത്തു കിടക്കുന്ന മരത്തിൽ ഞാൻ ആത്തിയോടൊന്നു നോക്കി. അപ്പച്ചൻ ഇല്ലായിരുന്നുവെങ്കിൽ ഞാൻ ആ മരത്തിൽ കയറി കുറേ പഴങ്ങൾ പറിക്കുമായിരുന്നു. എൻെറ നോട്ടം അപ്പച്ചനൊട്ടും ഇഷ്ടപ്പെട്ടില്ല. ഞങ്ങൾ കുറേക്കൂടി നടന്നപ്പോൾ ഞാൻ ആ മാവിന്മേൽ തിരിഞ്ഞു നോക്കി. അപ്പോൾ അപ്പച്ചൻ പറഞ്ഞു: "എടാ, നിൻെറ ആദ്യത്തെ നോട്ടം ദൈവം ക്ഷമിക്കും. എന്നാൽ There is sin in your second look. നിൻെറ രണ്ടാമത്തെ നോട്ടത്തിൽ പാപമുണ്ട്. അന്യൻെറ വസ്തുക്കളെ അന്യായമായി ആഗ്രഹിക്കയോ കൈവശപ്പെടുത്തുകയോ ചെയ്യരുതെന്നുള്ള ദൈവപ്രമാണലംഘനമാണ് നിൻെറ നോട്ടംകൊണ്ടുണ്ടായത്." പ്രിയ കുഞ്ഞുമക്കളേ, നിങ്ങളുടെ സഹപാഠികളുടെ പേന, പെൻസിൽ മുതലായവ നിങ്ങളിൽ ചിലരെങ്കിലും മോഷ്ടിക്കാറില്ലേ! അത് എത്ര വലിയ പാപമാണെന്ന് ഈ സംഭവം വിളിച്ചറിയിക്കുന്നു. അതിനാൽ നല്ല കുഞ്ഞുങ്ങളായി ജീവിച്ച് ഈശോയ്ക്കു പ്രിയമുള്ളവരായിത്തീരുവിൻ.



*നിത്യസഹായമാതാവിൻെറ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.*

— മിസസ്സ് ആനി വക്കി, തൊയക്കാവ്.

# ഞങ്ങൾ ആഗതർ

('കുട്ടിക്കുപ്പായ'ത്തിലെ "പൊട്ടിച്ചിരിക്കുവാൻ" എ മ)

കാരുണ്യരൂപൻെറ നാഥയാം നീയല്ലൊ
പാപികൾ ഞങ്ങൾക്കൊരാശ്രയം
സ്വർഗ്ഗീയദാനത്തിൻ കേദാരമായി
നിൻസവിധെ ഞങ്ങൾ ആഗതർ
(കാരുണ്യ........

1. ലോകത്തിൻ ഭീകരപാപം ഹനിക്കുന്ന
പരിശുദ്ധ കന്യാമനോജ്ഞെ, നീ
ഉഴലുന്ന മർത്ത്യന്നു വഴി കാട്ടിത്തന്ന
പൊൻതാരമല്ലയോ, തായെ, നീ.
(കാരുണ്യ........

2. കരൾ നൊന്തു നിൻപാദപത്മങ്ങൾ കുമ്പിടാൻ
നൽവരമേകുന്നോരെൻ നാഥേ!
സൗഭാഗ്യമോലുന്ന പൊന്നിൻനിലാവേ, നീ
സ്വർഗ്ഗകവാടം തുറന്നിട്ടു.
(കാരുണ്യ........

3. നരകത്തിൻ സർപ്പത്തെ ഉലകത്തിൽ വെന്ന
ഒരു ഹവ്വായല്ലയോ അമ്മേ, നീ
അഴകാന്ന നിന്നുടെ പദതാർ വണങ്ങുമെൻ
അഴലാകെ പോക്കേണം തായേ, നീ.
(കാരുണ്യ .......

— *ഈ. ഡി. ജോസഫ്, പാവറട്ടി.*

# മാർത്തോമാശ്ലീഹാ!

('സ്കൂൾമാസ്റ്ററി'ലെ "ജയ ജയ ജയ ജന്മഭൂമി" എ. മ)

ജയ ജയ മാർ തോമശ്ലീഹാ
ജയ ജയ ജയ പ്രേഷിതവീരാ. (ജയ ജയ....

1. വിശ്വാസദീപമിവിടെ നാട്ടിടാനായ്
വിശ്വൈകനാഥനിവിടെ വാണിടാനായ്
വിജ്ഞാനദാനം പകർന്നു നൽകിടാനായ്
ഭാരതഭൂവിൽ
വന്നൊരു താതാ! (ജയ ജയ....

2. സത്യത്തിൻ മഹിതവേദമോതിയ താതാ!
സ്വർഗ്ഗത്തിൻ വഴിയൊരുക്കാനെത്തിയ താതാ!
നീ, രക്ത-സാക്ഷിക്കിരീടം നേടിയ താതാ!
ഭാരതഭൂവിൻ
പ്രേഷിതവീരാ! (ജയ ജയ....

3. "പോയിടാം ദിവ്യഗുരുവുമൊത്തു നാമും
ഭയമെന്യേ മൃത്യു വരിക്കാ"മെന്നു നീയും
ധീരതയോടെ മൊഴിഞ്ഞ ത്യാഗധീരാ!
ഭാരതഭൂവിൻ
പ്രേഷിതവീരാ! (ജയ ജയ....

— *ജി. ചിററിലപ്പിള്ളി.*

*Directors' Column*

# LIBERAL LEARNING

A Sodality Director should be a man of high general culture. He does not have to have doctorates in every profession or be a specialist in every branch of learning and art, but it is desirable that he be able to take up a genuine interest in the concerns and labors of those whom he must direct. He should be able to correct or clarify certain general attitudes and explain, when necessary, their connection with religious doctrine properly so called. He should be sufficiently well grounded in the knowledge of principles to be able to stem new tendencies that are dangerous, and sufficiently up-to-date not to be bogged down by prejudices

This need of general culture is the more imperative for the following reasons: If the Director wishes, as he should, to make his Sodalists not only devout men but apostles, he is forced to know the world into which he is sending them, the weapons with which he must arm them, the tactics and strategy of the war to be waged against the powers of evil, the remedy reqnired for every distress. This presupposes a positive knowledge of the world, of contemporary life, and of all types of needs and difficulties. Further, it presupposes a positive knowledge of the obstacles to well-doing, of the resources which sometimes lie dormant where they would not be suspected, of work actually being done, and of other work that is desirable and feasible. Finally, it presupposes a positive knowledge of the progress of mankind from day to day, including all those current questions which immediately or remotely touch the interests of souls. Knowledge of these matters puts the Director in contact with souls Ignorance of them separates him from souls.

REV. EMILE VILLARET S. J.

# ദിവ്യകാരുണ്യസൂര്യൻ

ഭൂമി സ്വയം കറങ്ങിക്കൊണ്ടിരിക്കുമ്പോൾ സൂര്യന്റെ പ്രകാശം നേരിട്ടു പതിക്കുന്ന ഭാഗത്ത് പകലും, എതിർഭാഗത്ത് രാത്രിയും ഉണ്ടാകുന്നുവെന്നു നമുക്കറിയാം. ഭൂമദ്ധ്യരേഖയിലെ ചൂടും, ധ്രുവപ്രദേശങ്ങളിലെ അന്ധകാരവും അതിശൈത്യവും സൂര്യരശ്മികൾ ഭൂമിയിൽ പതിക്കുന്നതിന്റെ വൈവിദ്ധ്യമൂലമാണുണ്ടാകുന്നതു്.

നമ്മുടെ ആദ്ധ്യാത്മികജീവിതത്തിലുമുണ്ട്, രാപകലുകളും കാലാവസ്ഥാവ്യത്യാസങ്ങളും. അവ സംഭവിക്കുന്നതു് ഇപ്രകാരമാണ്:

സക്രാരിയാകുന്ന ആകാശതലത്തിൽ ദിവ്യകാരുണ്യദൈവമാകുന്ന സൂര്യൻ വരപ്രസാദമാകുന്ന പ്രഭാരശ്മികൾ തൂകിക്കൊണ്ടു സ്ഥിതിചെയ്യുകയാണ്. ആ രശ്മികൾ നേരിട്ടു പതിക്കുന്ന ആത്മാവിൽ പകലും, ഒട്ടും പതിക്കാത്ത ആത്മാവിൽ രാത്രിയും അനുഭവപ്പെടുന്നു. പകൽ ആത്മാവിന്റെ വരപ്രസാദസ്ഥിതിയേയും, രാത്രി ആത്മാവ് മാരകപാപത്തിലായിരിക്കുന്ന ഭയങ്കരമായ അവസ്ഥയേയുമാണ് സൂചിപ്പിക്കുക. ഈ രണ്ടു മേഖലകൾക്കുമിടയ്ക്കു് പ്രകാശം മങ്ങിയ ഒരവസ്ഥയും ആത്മാവിൽ അനുഭവപ്പെടാം. ആത്മാവ് മാരകപാപത്തിലല്ലെങ്കിലും, മനഃപൂർവ്വമായ ലഘുപാപങ്ങളിൽ ആയിരിക്കുമ്പോളാണ് അപ്രകാരം സംഭവിക്കുക. കാരണം, ലഘുപാപങ്ങൾ ദിവ്യകാരുണ്യസൂര്യന്റെ പ്രകാശം ആത്മാവിൽ മങ്ങുവാൻ ഇടയാക്കുന്ന മേഘങ്ങളാണ്.

നാം ഇവയിൽ ഏതവസ്ഥയാണ് തെരഞ്ഞെടുക്കുക? പ്രകാശത്തിന്റെ തരിപോലുമില്ലാതെ ഇരുൾ കുമിയുന്ന രാത്രിയോ, മേഘത്തിൽ മറയ്ക്കപ്പെട്ട് പ്രകാശം മങ്ങിയ അവസ്ഥയോ, അല്ലെങ്കിൽ പ്രകാശപൂരിതമായ പകലോ?

ആദ്യത്തെ അവസ്ഥ അന്ധകാരത്തിന്റെ സ്ഥലമായ നരകത്തിന്റെ മുന്നോടിയാണ്. രണ്ടാമത്തേതു് ശുദ്ധീകരസ്ഥലത്തിലേയ്ക്കും, മൂന്നാമത്തേതു് സ്വർഗ്ഗരാജ്യത്തിലേയ്ക്കും നമ്മെ നയിക്കുന്ന വഴികാട്ടികളാണ്.

വിനാശകരമായ ആദ്യാവസ്ഥ നാം ഇഷ്ടപ്പെടുന്നില്ലെങ്കിൽ, നാം നമ്മുടെ ആത്മാവിനെ മാരകപാപത്തിൽനിന്ന് എന്നന്നേയ്ക്കുമായി സ്വതന്ത്രമാക്കണം. ആത്മാർത്ഥമായ പശ്ചാത്താപവും നല്ല കുമ്പസാരവുമാണ് അതിന്നാവശ്യം. പ്രകാശം മങ്ങിയ രണ്ടാമത്തെ സ്ഥിതി നാം ആഗ്രഹിക്കുന്നില്ലെങ്കിൽ, മനഃപൂർവ്വമായ ലഘുപാപങ്ങളിൽനിന്നുകൂടി ഒഴിയുവാൻ നാം പരിശ്രമിക്കണം.

അപ്പോൾ നാം ആഗ്രഹിക്കുന്നതു് പ്രകാശപൂരിതമായ മൂന്നാമത്തെ അവസ്ഥയാണ്. ആത്മാവു് വരപ്രസാദത്താൽ പ്രകാശപൂരിതമാകുകയും സുകൃതങ്ങളാകുന്ന സുരഭിലസുമങ്ങൾ വിരിയുകയും ചെയ്യുന്ന അവസ്ഥ. നാം അഭിലഷിക്കേണ്ടതും യത്നിക്കേണ്ടതും ജാഗരൂകരായിരിക്കേണ്ടതും അതിനുവേണ്ടിയാണ്. നമ്മുടെ ക്രിസ്തീയജീവിതത്തിന്റെ ആനന്ദവും സായൂജ്യവും അതിലാണ്. സക്രാരിയിലെ ദിവ്യകാരുണ്യനാഥനോടു നാം അടുക്കുന്നതിന്റെ തോതനുസരിച്ചായിരിക്കും നമ്മുടെ ആത്മാവിൽ വന്നു പിറക്കുന്ന വസന്തത്തിന്റെ മനോഹാരിതയും ഹൃദയാഞ്ചിതത്വവും.

— പ്രേഷിതൻ

Phone : 310

*Approach*

**TRICHUR MEDICAL STORES**

Chemists, Trichur

for all your requirements in Medicine Both Wholesale & Retail.

Stockists in everything best.

കല്യാണസാരികൾക്ക്

വെള്ളാനിക്കാരൻസ്

മോഡേൺ ഫേബ്രിക്സ്

PHONE 90

ചാലക്കുടി

ദേവാനന്ദ്

# പ്രഭുദാസികൾ

1956_ൽ ആണ് പ്രഭുദാസികൾ തങ്ങളുടെ സന്യാസിനീസഭയുടെ സുവർണ്ണജൂബിലി ആഘോഷിച്ചത്. അന്ന് ഈ സഭയിൽ 175 അംഗങ്ങളുണ്ടായിരുന്നു. ഇവരിൽ 135 പേരും കേരളത്തിൻെറ അരുമസന്താനങ്ങളായിരുന്നുതാനും. കേരളസഭയ്ക്ക് അഭിമാനനിദാനമായ പ്രഭുദാസികൾ എണ്ണത്തിൽ വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ഇന്ന് പ്രഭുദാസികളുടെ എണ്ണം 223 ആണ്.

വളരെ ലളിതമായ ഒരു ജീവിതരീതിയാണ് പ്രഭുദാസികളുടേത്. പ്രഭുവിൻെറ പരിസേവികമാരായി ത്യാഗത്തിൻെറ ബലിവേദിയിൽ ആത്മാർപ്പണം ചെയ്തിരിക്കുന്ന ഇവർ വി. ഫ്രാൻസീസ് അസ്സീസിയുടെ മാതൃകയെ അനുകരിച്ച്, അദ്ദേഹത്തിൻെറ ജീവിതരീതിയും ലക്ഷ്യവും സ്വീകരിച്ചു പ്രവർത്തിക്കുന്നു. ഏററവും എളിയരീതിയിലാണവർ വസ്ത്രധാരണം ചെയ്യുന്നത്. മോടിയായി വെള്ളസാരിയുടുത്ത് അതിൻെറ ഒരററംകൊണ്ട് തലമുണ്ടുമിട്ട്, കഴുത്തിൽ ഒരു വലിയ കൊന്തയും ധരിച്ചിരിക്കുന്ന ഇവർ മിഷനറി സിസ്റ്റേഴ്സാണെന്ന് അധികമാരും കരുതിപ്പോകയില്ല. ഇവരെപ്പററി കൂടുതൽ അറിയുന്നത് വിജ്ഞാനപ്രദമായിരിക്കും.

## സ്ഥാപനം

1906_ലാണ് ആജ്മീറിൽ പ്രഭുദാസികളുടെ സഭ ആരംഭിച്ചത്. ആരംഭത്തിൽ കേവലം 6 അംഗങ്ങളാണുണ്ടായിരുന്നത്. ആജ്മീർ മെത്രാനായിരുന്ന മോൺ. ഫോത്തുനാത്തുസ് ഹെൻറി കോമാം ആയിരുന്നു ഇതിൻെറ സ്ഥാപകൻ. ഫ്രഞ്ചുകാരായ മിഷനറിമാരുടെ സംരക്ഷണയിൽ ഈ സഭ ഉത്തരോത്തരം അഭിവൃദ്ധിപ്രാപിച്ചുകൊണ്ടിരുന്നു.

## പ്രവർത്തനരംഗം

രാജസ്ഥാനിലുള്ള ആജ്മീർ രൂപതയിലും മദ്ധ്യപ്രദേശിലുള്ള ഇൻഡോർ രൂപതയിലെ ഒന്നുരണ്ട് മിഷനിലും പ്രഭുദാസികൾ പ്രേഷിതവേല ചെയ്തുവരുന്നു. മിഷനറിമാർക്കു കടന്നുചെല്ലാൻ കഴിയാത്ത കുടുംബാന്തർഭാഗങ്ങളിൽ ചെന്ന് സ്ത്രീകളെയും കുട്ടികളെയും സന്ദർശിച്ച് ക്രിസ്തുവിൻെറ ദിവ്യസന്ദേശം അവരെ അറിയിക്കുന്നതിനു പ്രഭുദാസികൾക്കു കഴിയുന്നു. സാധാരണക്കാരുടെ ഭക്ഷണം കഴിക്കുകയും സാധാരണജനങ്ങളുടെ ഭാഷ നന്നായിട്ടു സംസാരിക്കുകയും ചെയ്യുന്നതിനാൽ സാമാന്യജനങ്ങൾക്ക് ഇവരിൽ സ്നേഹവും ബഹുമാനവും വിശ്വാസവും വർദ്ധിച്ചുവരുന്നു.

സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും മതപരവും സാംസ്കാരികവുമായ വിദ്യാഭ്യാസവും ജീവകാരുണ്യപ്രവർത്തനവുമാണ് ഇവരുടെ പ്രവർത്തനലക്ഷ്യം. നവക്രിസ്ത്യാനികളും, അനാഥരും, രോഗികളും, ശിശുക്കളും ഇവരുടെ ശ്രദ്ധയിൽ പെടുന്നു. പതിയെ പരമേശ്വരനായി പൂജിച്ചുകൊണ്ട് പുരുഷൻെറ വെറും അടിമയായി കഴിഞ്ഞിരുന്ന സ്ത്രീകൾക്ക് സമുദായത്തിൽ പുരുഷനോടൊപ്പം സ്ഥാനവും അവകാശവുമുണ്ടെന്നു പൊതുജനങ്ങളെ മനസ്സിലാക്കുവാൻ ഈ സഹോദരികൾ ഉററുശ്രമിക്കുന്നു. ഇവരുടെ പരിശ്രമഫലമായി ബഹുഭാര്യത്വവും ശിശുവിവാഹവും നാട്ടിൽ കുറഞ്ഞിട്ടുണ്ട്. സ്ത്രീത്വത്തിൻെറ വില സമുദായം ഗ്രഹിക്കുവാൻ തുടങ്ങിയിട്ടുണ്ട്.

ഇവരുടെ മറെറാരു പ്രവർത്തനരംഗമാണ് വിദ്യാഭ്യാസസ്ഥാപനങ്ങൾ. എല്ലാ ആശ്രമ(മഠം)ത്തോടും അനുബന്ധിച്ച് ഇവർ സ്കൂളുകൾ നടത്തുന്നുണ്ട്. ഇവരുടെ പ്രവർത്തനം മിക്കവാറും അപരിഷ്കൃതരുടെയും ആദിവാസികളുടെയുമിടയിലാകയാൽ വിദ്യാഭ്യാസത്തിൻെറ മഹത്വം മാതാപിതാക്കന്മാരെ മനസ്സിലാക്കുവാൻ വീടുതോറും ഇവർ കയറിയിറങ്ങുന്നു. ഈ വിഷയത്തിൽ ഈ സഭാംഗങ്ങൾ സഹിക്കുന്ന കഷ്ടനഷ്ടങ്ങൾ ചില്ലറയൊന്നുമല്ല. അക്രൈസ്തവകുട്ടികളാണ് സ്കൂളുകളിൽ അധികവും. 'ബായി'മാരുടെ (അങ്ങനെയാണിവർ വിളിക്കപ്പെടുന്നത്) മാതൃകാപരമായ പ്രവർത്തനം കുട്ടികളുടെ സ്വഭാവരൂപവൽക്കരണം എളുപ്പത്തിൽ സാധിക്കുകയും അതു ക്രൈസ്തവമതാദർശങ്ങളിലേയ്ക്കു വഴിതെളിക്കുകയും ചെയ്യുന്നു.

വിപുലമായ തോതിൽ ആസ്പത്രികൾ നടത്തുന്നതിനുള്ള സാമ്പത്തികസ്ഥിതിയില്ലാത്ത പ്രഭുദാസികൾ ഡിസ്പെൻസറികൾ നടത്തി സാധുക്കൾക്കു വൈദ്യസഹായം നല്കുന്നു. പകർച്ചവ്യാധിയുടെ കാലത്ത് സ്വജീവനെപ്പോലും ബലികഴിച്ചുള്ള ഇവരുടെ സേവനം അക്രൈസ്തവരിൽപോലും അത്ഭുതമുളവാക്കുവാൻ പര്യാപ്തമാണ്. മരണക്കിടക്കയിൽ ശരീരസൗഖ്യത്തിന് ഔഷധം നല്കുന്നതോടൊപ്പം നിത്യജീവിതത്തിനുതകുന്ന വിശ്വാസസത്യങ്ങളെപ്പററിയും ഇവർ ഉപദേശം നല്കുന്നു. ഇങ്ങനെ ദരിദ്രലക്ഷങ്ങൾക്ക് ഇവർ അഭയസ്ഥാനമാണ്.

എന്നാൽ കർത്താവിൻെറ ഈ എളിയ ദാസികൾ ഏററമധികം വിലമതിക്കുന്നത് മിഷൻഗ്രാമങ്ങൾതോറുമുള്ള വീടുസന്ദർശനമാണ്. ഈരണ്ടു പേരായി സഹോദരികൾ ഗ്രാമങ്ങളിലേയ്ക്കു പോകുന്നു. ആവശ്യം വേണ്ടുന്ന മരുന്നുകളും മററുംകൊണ്ടാണു പോവുക. ആളുകളുമായി സ്നേഹത്തോടും രമ്യതയോടുംകൂടി "ബായി"മാർ പെരുമാറുന്നു. അവരുടെ ക്ഷേമം അന്വേഷിക്കുകയും ദുരിതങ്ങളിൽ അവരെ ആശ്വസിപ്പിക്കുകയും ചെയ്യുന്നു. ഏപ്രിൽ_മെയ് മാസങ്ങളിലേ ചുട്ടുപഴുത്ത വെയിലിൽ നട്ടുച്ചനേരത്ത് ജപമാല ഒരു കൈയ്യിലും മരുന്നുകൾ മുതലായവ ഉൾക്കൊള്ളുന്ന സഞ്ചി മറുകൈയ്യിലുമായി മിഷൻപ്രവർത്തനത്തിനുശേഷം ഗ്രാമങ്ങളിൽനിന്നും തിരിക്കുന്ന വിവശരായ 'ബായി'മാരെ

## കൽപവൃക്ഷം

*(201-ാം പേജിൽനിന്നു തുടർച്ച)*

കൾ........ അത്തരമൊക്കെ ഇനിയും ചെയ്യണമെന്ന്. കാര്യം കണ്ടുകഴിയുമ്പോൾ ആ കാക്കിക്കാരൻ തന്റെ കഴുത്തിനും കയറിടുകയില്ലെന്നാരറിഞ്ഞു........?

വേണ്ടാ, ഒന്നും വേണ്ടാ! ഇവിടെനിന്നൊന്നു രക്ഷപെട്ടിരുന്നെങ്കിൽ....

അമ്മയെ ഒന്നു കണ്ടിരുന്നെങ്കിൽ! അമ്മ ഇപ്പോൾ ജയിലിലായിരിക്കും. ആർക്കുവേണ്ടി.... പ്രിയപ്പെട്ട മകനുവേണ്ടി....

ചിന്തകളുടെ പച്ചക്കിളികൾ ചില്ലകൾ മാറി മാറി ചാടുകയാണ്; അവസാനിക്കാത്ത ആ ചാട്ടം അസ്വാസ്ഥ്യതയിൽനിന്ന് അസ്വാസ്ഥ്യതയിലേയ്ക്ക് അവന്റെ ഹൃദയത്തെ വലിച്ചുനീക്കിയതേയുള്ളു.

---

കാണുവാൻ സാധിക്കുന്നതാണ്. അകലെയകലെയുള്ള ഗ്രാമങ്ങൾ സന്ദർശിക്കുന്ന അവസരങ്ങളിൽ വല്ല പീടികയുടെ വരാന്തയിലോ വൃക്ഷങ്ങളുടെ ചുവട്ടിലോ ദിനരാത്രങ്ങൾ കഴിക്കേണ്ടിവരിക സാധാരണമാണ്.

നിർധനനായി ജീവിച്ചുമരിച്ച ക്രിസ്തുവിനെ അനുകരിച്ചുകൊണ്ട് അവിടുത്തെ രക്ഷാകരവേല തുടർന്നുകൊണ്ടുപോകുവാൻ, പ്രേഷിതദാസികളുടെ സമൂഹത്തിൽ ചേരുവാൻ, ആഗ്രഹിക്കുന്ന യുവതികൾ S. S. L. C. എങ്കിലും പാസ്സായിരിക്കണം. നിയോഗശുദ്ധിയും നല്ല ആരോഗ്യവും എന്തു ത്യാഗവും സന്തോഷത്തോടെ ദിവ്യനാഥനുവേണ്ടി സഹിക്കുവാനുള്ള സന്നദ്ധതയും അർത്ഥിനികൾക്കുണ്ടായിരിക്കണം. അർത്ഥിനികളുടെ കഴിവും അഭിരുചിയുമനുസരിച്ച് വിവിധജോലികളിൽ പരിശീലനം നൽകുവാനുള്ള കേന്ദ്രങ്ങൾ സഭയ്ക്കുണ്ട്. ഒരു കൊല്ലത്തെ നൊവിസ്യാത്തിനു ശേഷം നവശിഷ്യകൾ വ്രതവാഗ്ദാനം നടത്തുന്നു. പന്നീട് പ്രതിവർഷം വ്രതവാഗ്ദാനം നവീകരിക്കുകയാണ് പതിവ്.

ഇപ്പോൾ സഭയുടെ മാതൃഭവനം ആജ്മീറിലാണ്. ഇതു കൂടാതെ രാജസ്ഥാനിലും ഇൻഡോർ രൂപതയിലുമായി 16 മഠങ്ങൾകൂടി സഭയ്ക്കുണ്ട്. രാജസ്ഥാനിലെ സ്ത്രീകൾ ക്രിസ്തുവിനെ അറിയാതിരിക്കുന്നിടത്തോളം കാലം അവിടെ തിരുസ്സഭയെ കരുപ്പിടിപ്പിക്കുക സാദ്ധ്യമല്ല. ദൈവപരിചരണത്തിനായി സമർപ്പിക്കപ്പെട്ട സന്യാസിനികൾക്കു മാത്രമേ ക്രിസ്തുവിനെപ്പറ്റി അവരോടു പറയുവാൻ കഴിവുള്ളു എന്നതാണ് പരമാർത്ഥം.

കൂടുതൽ വിവരങ്ങൾക്ക് എഴുതുക:-

Rev. Mother General,
Christ Raj Ashram,
Madar, Ajmer,
Rajastan.

"മത്തായി!...." അങ്ങത്ത വിളിച്ചു. അവൻ അടുത്തു ചെന്നു. അയാൾ ഒരു കടലാസുപൊതി കൈയ്യിൽ കൊടുത്തു. അവന്റെ ചെവിയിൽ എന്തോ മന്ത്രിച്ചു. രഹസ്യമാണ്; പരമരഹസ്യം!!.......

ഒരു കത്തിയുടെ ഒരു വശത്ത് വിഷം തേച്ചിട്ട് ആ ഭാഗം സ്പർശിച്ച റൊട്ടികൊടുത്ത് ആരെയോ തീന്മേശയ്ക്കരികിൽവച്ചുതന്നെ മരിപ്പിച്ച സംഭവം മത്തായി ഓർമ്മിച്ചുപോയി. അവന്റെ ഹൃദയം ശക്തിയായി ഇടിച്ചു. ചെകുത്താന്റെ തുടികൊട്ടുപോലെ.

എങ്ങനെയായാലും അതു ചെയ്യണം. അവൻതന്നെ ചെയ്യണം! ചെയ്തില്ലെങ്കിൽ അപകടമാണ്. ചെയ്താലോ?..........ഉത്തരമില്ലാതെ നീണ്ടുപോകുകയാണ് ആ ചോദ്യം.

അങ്ങത്തയും ചിന്നമ്മയും കാപ്പികുടിക്കാനിരുന്നു. മത്തായി രണ്ടു കപ്പുകളിൽ കാപ്പിയെടുത്തു. ഒന്നിൽ ആ കടലാസുപൊതിയിലുണ്ടായിരുന്ന പൊടിയിട്ടു. അതിനൊരു വല്ലാത്ത കടുംനീലനിറം! അവൻ കുറച്ചു പാൽക്കൂടെച്ചേർത്തു. ഇപ്പോൾ രണ്ടും തമ്മിൽ വ്യത്യാസമില്ല.

വലത്തുകൈയ്യിൽ ആ പ്രത്യേക പൊടിയിട്ട കാപ്പിയും ഇടത്തുകൈയ്യിൽ സാധാരണ കാപ്പിയുമായി അവൻ ഊൺമേശയ്ക്കരികിലേയ്ക്കു ചെന്നു. ചിന്നമ്മ അവനെ കാണും; കണ്ടുകൊള്ളട്ടെ.

മത്തായിക്ക് ഒട്ടും പിശകു പററിയില്ല. വലത്തുകൈയ്യിലിരുന്ന കാപ്പി അങ്ങത്തയുടെ മുമ്പിൽ അവൻ വച്ചു. ഇടത്തുകൈയ്യിലേതു ചിന്നമ്മയ്ക്കും.

ചിന്നമ്മ മത്തായിയെ നോക്കി ഒന്നു പുഞ്ചിരിതൂകി. അവനും! 'പഹയാ' നീയിവിടെയാണോ? എന്നു ചോദിക്കണമെന്നവൾക്കു തോന്നി. പക്ഷെ മിണ്ടിയില്ല.

അങ്ങത്ത മത്തായിയെ ഒന്നുസൂക്ഷിച്ചുനോക്കി. അവൻ തലകുലുക്കി; എല്ലാം ശരിയായി; ഭദ്രം!

"കുടിക്കു ചിന്നമ്മേ"! അങ്ങത്തതന്നെ കാപ്പി എടുത്തുകൊടുത്തു! മത്തായി ഞെട്ടിയില്ല. അങ്ങത്തയും കാപ്പിപ്പാത്രം കൈയ്യിലെടുത്തു. അതാണു മത്തായി പ്രത്യേകം തയ്യാറാക്കിയ കപ്പ്. അദ്ദേഹം അതു കുടിക്കാൻ പോകുകയാണ്. അടുത്തു സംഭവിക്കുന്നതെന്തായിരിക്കും? അതു കണ്ടുനില്ക്കുവാൻ മത്തായിക്കു സാദ്ധ്യമല്ല.

പെട്ടെന്ന് അവൻ അടുക്കളയിലേയ്ക്കു ചെന്നു. അന്നു അരി കഴുകിക്കൊണ്ടിരിക്കുകയാണ്. അവൾ ചോദിച്ചു: "മത്തായിച്ചാ, കൊച്ചമ്മയ്ക്കു ഈ പാലൊന്നു കൊണ്ടുകൊടുക്കാമോ?"

"നീ കൊണ്ടുപോയിക്കൊട്." അവൻ പെട്ടെന്നു മുററത്തിറങ്ങി. പുറവേലിയിറമ്പിലേയ്ക്കോടി. കടലാവണക്കിൻ പത്തൽ ചവിട്ടിച്ചായ്ച്ച് അവൻ വഴിയുണ്ടാക്കി. റോഡിലിറങ്ങിയപ്പോൾ മത്തായിയുടെ നടത്തത്തിനു വേഗത കൂടി. ഏതോ അഭയകേന്ദ്രത്തി

# ഒരു സഖ്യാംഗത്തിൻെറ ആത്മശോധന

**— മരിയദാസ്**

എന്തിനാണ് ഞാനൊരു മരിയസഖ്യാംഗമായത്? അംഗങ്ങളുടെ ആദ്ധ്യാത്മിക വിശുദ്ധീകരണമാണ് സൊഡാലിററിയുടെ ഒന്നാംലക്ഷ്യമെന്ന് 'മാനുവലി'ൻെറ ഒന്നാം പേജിൽ കാണുന്നു. ഈ ലക്ഷ്യം എൻെറ മനസ്സിൽ ആഴമായി പതിഞ്ഞിട്ടുണ്ടോ? ഈ ലക്ഷ്യം നേടുവാൻ സ്ഥിരമായ ആഗ്രഹവും നിരന്തരമായ പരിശ്രമവും എന്നിലുണ്ടോ? വിശുദ്ധിസമ്പാദനത്തിനു ഞാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ എന്തൊക്കെയാണ്?

വിശുദ്ധീകരണം എന്നുവച്ചാൽ എന്താണ്? പൂർണ്ണതയുള്ള ക്രിസ്തീയത്വം നേടുകയാണതു്. പൂർണ്ണവും അപൂർണ്ണവുമായ ക്രിസ്തീയത്വമുണ്ടോ? ഉണ്ട്. പൂർണ്ണരും അപൂർണ്ണരുമായ ക്രിസ്ത്യാനികളുമുണ്ട്. "വിളിക്കപ്പെട്ടവർ അനേകം; തെരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കം." ആ ചുരുക്കം പേരിൽ ഞാനും ഉൾപ്പെടുമോ? ഇപ്പോൾ, ഇല്ല. അതിന് ഇനി ഞാൻ എന്തു ചെയ്യണം? പുണ്യപൂർണ്ണത നേടണം.

പൂർണ്ണക്രൈസ്തവത്വം പ്രാപിക്കുവാൻ ഞാൻ രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ടെന്നു കാണുന്നു. എന്നിലുള്ള തെററുകൾ തിരുത്തുകയും, എനിക്കില്ലാത്ത സുകൃതങ്ങൾ അഭ്യസിക്കുകയുമാണതു്.

എൻെറ തെററുകൾ എല്ലാം ഒന്നു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ! അതിനെന്താണു വഴി? കുമ്പസാരങ്ങളിൽ ഞാൻ ആവർത്തിച്ചു പറയേണ്ടിവരുന്ന പാപങ്ങൾ ഏതൊക്കെയാണ്?.... എന്നെപ്പററി വീട്ടുകാരും കൂട്ടുകാരും പറയാറുള്ള കുററങ്ങൾ എന്തൊക്കെയാണ്?.... അഹംഭാവം, അസൂയ, മടി, ചീത്ത സംസാരം, കൊതി, മുൻകോപം, ചീത്ത പുസ്തകങ്ങളോടും ചീത്ത സിനിമകളോടുമുള്ള താല്പര്യം.... ഓ, ഇത്രമാത്രം തെററുകൾ എനിക്കുണ്ടെന്നു ഞാനൊട്ടും കരുതിയിരുന്നില്ല.

എനിക്കിനിയും ശീലമായിട്ടില്ലാത്ത സുകൃതങ്ങൾ ഏതൊക്കെയാണ്? ഭക്തി, പ്രാർത്ഥനാശീലം, ശാന്തത, സഹോദരസ്നേഹം, സേവനസന്നദ്ധത, വിനയം, ഉത്സാഹം.... എത്രയോ സുകൃതങ്ങൾ ഞാൻ ഇനി അഭ്യസിക്കേണ്ടതായി കിടക്കുന്നു! — ഇക്കാര്യങ്ങളെല്ലാം എപ്പോഴും ഓർക്കാൻ കഴിഞ്ഞാൽ കുറേക്കൂടി സൂക്ഷിച്ചു ജീവിക്കാമായിരുന്നു. അതിനെന്താണൊരു വഴി?.... ഓ, ശരി, ഞാനൊരു കാര്യം ചെയ്യും. ഒരു കൊച്ചു പുസ്തകം വാങ്ങിച്ച്, എൻെറ തെററുകൾ അതിൻെറ ഒരു ഭാഗത്തും ഞാൻ സമ്പാദിക്കേണ്ട സുകൃതങ്ങൾ മറുഭാഗത്തും എഴുതിവെയ്ക്കും. ദിവസത്തിലൊരിക്കൽ അതെടുത്തു വായിക്കണം.

എൻെറ തഴക്കമായ വീഴ്ചകൾ ഞാനിനി ആവർത്തിക്കാതെ നോക്കും. സുകൃതം പരിശീലിക്കാനുള്ള ഒരു ചാൻസുപോലും ഞാനിനി വിട്ടുകളയുകയില്ല. എന്നോളം ബുദ്ധിയോ കഴിവോ ഇല്ലാത്ത എത്രയോപേർ മഹത്തുക്കളായിത്തീർന്നിരിക്കുന്നു. എനിക്കും എന്തുകൊണ്ട് അപ്രകാരമായിക്കൂടാ? ഒരു വിഡ്ഢിയെപ്പോലെ ദിവസങ്ങൾ ഞാൻ ചുമ്മാ വിട്ടുകളയുകയില്ല. മെച്ചപ്പെട്ട മനുഷ്യനായിത്തീരുവാൻ ഓരോ ദിവസവും ഞാൻ പരമാവധി പരിശ്രമിക്കും. അതേ, ഉത്തമനായ മനുഷ്യൻ — ഉത്തമനായ മരിയസഖ്യാംഗം — ഉത്തമനായ ക്രിസ്ത്യാനി — അതാണെൻെറ ലക്ഷ്യം. അതിനായി ഞാൻ സദാ പരിശ്രമിക്കും.

നല്ലയീശോ! എൻെറ ഉത്സാഹത്തെ വർദ്ധിപ്പിക്കുകയും പരിശ്രമങ്ങളിൽ നിലനില്ക്കാൻ സഹായിക്കുകയും ചെയ്യണമേ! മറിയമേ, എൻെറയമ്മേ! സുകൃതമാർഗ്ഗത്തിൽ എന്നെ നയിക്കേണമേ. സഖ്യതാരാജ്ഞി! എനിക്കുവേണ്ടി അപേക്ഷിക്കേണമേ.

---

ലേശ്ശ് അവൻ പായുകയാണ്.

"ഭോ....ഭ്ര....ഭ്രഹാ...." അങ്ങത്ത ഓക്കാനിച്ചു. പക്ഷെ ഛർദ്ദിക്കാൻ കഴിയുന്നില്ല. ഒന്നു ഛർദ്ദിച്ചിരുന്നെങ്കിൽ.

"എന്താണങ്ങുന്നേ?" ചിന്നമ്മ ചോദിച്ചു. മറുപടി പറയുംമുമ്പ് അദ്ദേഹം വയററത്തമർത്തിപ്പിടിച്ചുകൊണ്ട് അകത്തെ മുറിയിൽച്ചെന്നു കട്ടിലിൽ വീണു.

ചിന്നമ്മ അമ്പരന്നു. അവൾ വാതില്ക്കൽ ചെന്നുനോക്കി. അങ്ങത്ത കട്ടിലിൽക്കിടന്നു പുളഞ്ഞുതിരിയുന്നു: കൂടെക്കൂടെ ഓക്കാനവുമുണ്ട്. പക്ഷെ അല്പം പോലും ഛർദ്ദിക്കുന്നില്ല.

"മുടിഞ്ഞ കുടി കാലത്തേ തുടങ്ങിയല്ലോ?" അടുത്ത മുറിയിൽക്കിടന്ന് കൊച്ചമ്മ മുരണ്ടു. അവർ എഴുന്നേററിട്ടില്ല. വീഴ്ച നല്ലതുപോലെ പററി. ദേഹമാകെ നൊമ്പരമാണ്.

ആ വീട്ടിൽ എന്തൊക്കെയോ സംഭവിക്കാൻ പോകുന്നു. ഇനി അവിടെ നിന്നുകൂടാ. ചിന്നമ്മ അതിവേഗം ഇറങ്ങിനടന്നു.

**അടുത്ത ലക്കത്തിൽ:**

**'ചുരുളുകൾ അഴിയുന്നു'**

**മണിമല കഥ തുടരുന്നു.**

We are happy to announce to Our Patrons, Our opening of a Dyeing Section for restoring Original Look to worn-out portions of your garments like Pants, Shirts, Sarees and Blouses Etc.

# SNOW WHITE

## DRY CLEANERS & DYERS

**NEAR NADUVILAL - TRICHUR.**

സ്വാതന്ത്ര്യം അപകടത്തിലായിരിക്കുന്നു, നിങ്ങളുടെ സർവ്വശക്തിയുമുപയോഗിച്ച് അതു സംരക്ഷിക്കുവിൻ

— ജവഹർലാൽ നെഹ്റു



**ഉല്പാദനം കൂട്ടുക**
**ഉപഭോഗം കുറയ്ക്കുക**

ദേശവികസനത്തിന്റെ ഫലങ്ങളിൽ ഒന്നാമത്തെ ഓഹരി ദേശരക്ഷയ്ക്കുള്ളതാണ്. രാജ്യരക്ഷക്കായി കൂടുതൽ ഉല്പന്നങ്ങളും വിഭവങ്ങളും കിട്ടുമാറാക്കാൻ നാം കൂടുതൽ ഉല്പാദിപ്പിക്കുകയും ഉപഭോഗം കഴിയുന്നത്ര കുറയ്ക്കുകയും ചെയ്യേണ്ടതുണ്ട്. സാധനവില കുറയ്ക്കാനും ഇതുപകരിയ്ക്കും. ധൂർത്തും പാഴ്ച്ചിലവും കഴിയുന്നത്ര ഒഴിവാക്കുക.

രാഷ്ട്രത്തിന്റെ കരുത്തിന്ന്
നിങ്ങളുടെ ത്യാഗം ആവശ്യം

DA 64/F 3

# ഭൂമിമാർക്ക് കുടകൾ

നോക്കി വാങ്ങുവിൻ!

കച്ചവടക്കാർക്ക് പ്രത്യേക നിരക്ക്.

## ജോസ് അമ്പ്രല്ലാ മാനുഫാക്ചറിങ്ങ് കമ്പനി

ഹൈറോഡ് :: തൃശ്ശൂർ-1.

# സിസ്റ്റർ അൽഫോൻസ

— സിസ്റ്റർ മേഴ്സി —

സിസ്റ്റർ അൽഫോൻസാ എന്ന മധുരനാമം കേരളീയർക്കു സുപരിചിതമാണ്. ആ പുണ്യചരിതയെപ്പററി ലോകർ കീർത്തിച്ചുതുടങ്ങിയിട്ട് ഈ ജൂലൈ 18ന് പതിനേഴു വർഷം തികയുന്നു. ഈ ശുഭാവസരത്തിൽ എന്തെന്തു മധുരസ്മരണകളാണ് പരിചിതരുടെ ഹൃദയാന്തരാളത്തിൽ പൊന്തിവരുന്നത്. ഒരു സ്വർഗ്ഗീയസമാധാനവും സൗന്ദര്യവും തുളുമ്പുന്ന മുഖകമലം, അസാധാരണമായ പ്രസന്നത, സ്നേഹം നിറഞ്ഞ മൃദുവചസ്സുകൾ, ദൈവദൂതസമാനമായ പെരുമാററം ഇവയെല്ലാം ഒത്തിണങ്ങിയ ഒരുവളായിരുന്നു ആ നിഷ്കളങ്ക കന്യക. ആ മാടപ്രാവിനെ സംവഹിച്ച ഭരണങ്ങാനം ക്ലാരക്കന്യാലയമേ നിന്റെ ഭാഗ്യം! ആ പ്രാവ് അതിന്റെ നിത്യകൂടാരത്തിലേയ്ക്കു പറന്നുപോയി.



അവൾ ഇഹത്തിൽവച്ച് സസ്നേഹം സഹിച്ച ദുരന്തദുരിതങ്ങൾക്ക് തക്ക പ്രതിഫലം നൽകുവാൻ ഔദാര്യനിധിയായ ദിവ്യരക്ഷകൻ തിരുമനസ്സായി. ഈ ലോകത്തിലെ സകല ചക്രവർത്തികളേയും അതിശയിക്കുന്ന ഉദാരമനസ്സോടുകൂടി യേശുനാഥൻ അവളെ അനുഗ്രഹിച്ചു. സിസ്റ്റർ അൽഫോൻസായുടെ മരണശേഷം അവളുടെ കുഴിമാടത്തിങ്കലേയ്ക്കു തീർത്ഥകർ അനുസ്യൂതം പ്രവഹിക്കയായി, മലവെള്ളംപോലെ. അവരുടെ പ്രാർത്ഥനാഫലമായി മുടന്തർ നടക്കയും കുരുടർ കാണുകയും ചെകിടർ കേൾക്കയും ചെയ്തു. നാനാവിധ രോഗികൾ പരിപൂർണ്ണസ്വസ്ഥരായി. ഭരണങ്ങാനം മറെറാരു ജറുശലമോ എന്നു കാണികൾ അത്ഭുതപ്പെട്ടു. "എന്നിൽ വിശ്വസിക്കുന്നവൻ ഞാൻ ചെയ്യുന്ന പ്രവൃത്തികൾതന്നെ ചെയ്യും. അതിനേക്കാൾ വലിയവയും ചെയ്യു"മെന്നു യേശുനാഥൻ തന്റെ പരസ്യജീവിതകാലത്ത് അരുളിച്ചെയ്ത വാക്യങ്ങൾ എത്ര അന്വർത്ഥങ്ങൾ.

ഹൃദയത്തിന്റെ പൂർണ്ണതയിൽനിന്ന് അധരങ്ങൾ സംസാരിക്കുന്നു. സമർത്ഥനായ ഡോക്ടർ രോഗിയുടെ നാവിൽ നോക്കി രോഗസ്ഥിതി മിക്കവാറും മനസ്സിലാക്കുന്നു. അതുപോലെ ഒരാളുടെ സംസാരത്തിൽനിന്ന് അയാളുടെ അന്തരംഗമാഹാത്മ്യം മനസ്സിലാക്കാം. ആന്തരികജീവിതം നയിക്കുന്നവരുടെ വാക്കുകൾക്ക് മററ് ആത്മാക്കളെ സ്പർശിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനുമുള്ള കഴിവുണ്ട്.

അൽഫോൻസാമ്മയുടെ വചനങ്ങൾ അവളുടെ ഹൃദയത്തിലിരുന്ന സ്നേഹനാഥന്റേതാണെന്ന് കേൾവിക്കാർക്കു ഗ്രഹിക്കാൻ കഴിഞ്ഞിരുന്നു. അവളുടെ സംസാരം യാദൃച്ഛികമായി കേൾക്കാനിടയായ ഒരു ബ. വൈദികൻ "ഈ കന്യാസ്ത്രീ ഇങ്ങനെയൊക്കെ പറയുന്നതെന്താണെ"ന്നു ചോദിച്ചതിന് അതു ലക്കില്ലായ്"മയാണ എന്ന് മറെറാരു സിസ്റ്റർ പറയുകയുണ്ടായി. എന്നാൽ അദ്ദേഹം ഒരല്പംകൂടി ശ്രദ്ധിച്ചിട്ട് "ഇതു് ഓർമ്മക്കേടൊന്നുമല്ല. ദൈവാനുഗ്രഹം പൊഴിയുന്നതാണ്" എന്നു പ്രസ്താവിച്ചു.

"അൽഫോൻസാമ്മയുടെ സംഭാഷണമാധുരിയിൽ ലയിച്ച് ശ്രോതാക്കൾ സമയം പോകുന്നതു അറിയുകയില്ല. ആ മാലാഖയുടെ മധുരഭാഷണം ശ്രവിച്ച ഭാഗ്യപൂർണ്ണമായ വിനാഴികകൾ എത്ര വേഗം കടന്നുപോയെന്നു ഞാൻ അറിഞ്ഞില്ല" എന്നു മറെറാരു സഹോദരി പറയുന്നു. ശിശുക്കളോടെന്നപോലെ നിഷ്കപടമായും സ്നേഹസ്വാതന്ത്ര്യത്തോടെയും ആരും അവളോടു സംസാരിക്കാം. മാനസികവിഷമങ്ങളെ തുടച്ചുനീക്കുന്നതിന് അവളുടെ സ്നേഹം നിറഞ്ഞ ഒരൊററ വാക്കു മതി. എന്നാൽ മററുള്ളവരുടെ കുററം പറയുന്നതിന്ന് അവൾ ഇഷ്ടപ്പെട്ടില്ല. കുററം പറയുന്നവർ ആ മുറി വിട്ടുപോകുന്നതിന് അവൾ നിർബ്ബന്ധിച്ചിരുന്നു. അല്ലെങ്കിൽ സംസാരവിഷയം മാററിയിരുന്നു. അപ്രകാരം ചെയ്തതുമൂലം ചിലരുടെ പരുഷമായ ശാസനകളേററ് മനഃപ്രയാസം അനുഭവിക്കുന്നതിനും അവൾക്കിടയായിട്ടുണ്ട്. ഓർമ്മക്കേടിന്റെ കാലത്തുപോലും അൽഫോൻസാമ്മ അന്യരെ വിധിച്ചിട്ടില്ല. അനാവശ്യങ്ങളൊന്നും പറഞ്ഞുവിടാതെ ആ ചുണ്ടുകൾ മുദ്രയിടപ്പെട്ടിരുന്നു. നാം വായിലേയ്ക്കിടുന്ന ഭക്ഷണപദാർത്ഥങ്ങൾ എത്ര സൂക്ഷ്മത്തോടെ നോക്കുമോ അതിലും കൂടുതൽ പരിശോധിച്ചിട്ടു വേണം വാക്കുകൾ വായിൽനിന്നു പുറത്തേയ്ക്കു വിടുവാൻ എന്നവൾ പറയാറുണ്ടായിരുന്നു. അൽഫോൻസാമ്മയുടെ വാക്കുകൾക്ക് ആദ്ധ്യാത്മികചൈതന്യമുണ്ട്. എന്നാൽ ആദ്ധ്യാത്മികകാര്യങ്ങളെ സംബന്ധിച്ച് താൻ ഒരു ജ്ഞാനിയാണെന്നുള്ള ഭാവം അവൾക്കില്ല. മററാരുടേയും ഉപദേശങ്ങൾ അവൾ സന്തോഷത്തോടെ കേട്ടിരുന്നു. ആരുടേയും ഹൃദയത്തെ

*ചെറുകഥ*

# വേദനിക്കുന്ന നിമിഷങ്ങൾ

*(198_ൽ നിന്നു തുടച്ച്)*

ക്രിസ്മസ് രാത്രിയിൽ ഉയർത്തിക്കെട്ടാനുള്ള നക്ഷത്രവിളക്കിന്റെ നിർമ്മിതിയിൽ ജാഗരൂകരാണ് കുട്ടികളെല്ലാം. പാതിരാവിന്റെ കൂരിരുളിൽ ആനന്ദത്തിന്റെ വെള്ളിനക്ഷത്രമായി അതു് പൂമുഖത്തു മിന്നിത്തിളങ്ങുമ്പോൾ, അതിനു കീഴിൽ അവർ നൃത്തംവയ്ക്കും, ഹല്ലേലൂയ്യകൾ പാടും. അപ്പോൾ അവരുടെ ഹൃദയാഭിലാഷങ്ങൾ പൂവണിയും. അവൻ മാത്രം ചിറകൊടിഞ്ഞ പൈങ്കിളിയെപ്പോലെ വേദനകൊണ്ടു പിടയും. എവിടെയും പ്രതീക്ഷയുടെയും ആഹ്ളാദത്തിന്റെയും കൊച്ചോളങ്ങൾ അലയടിക്കുന്നു. അവൻ മാത്രം നൈരാശ്യത്തിന്റെയും വേദനയുടെയും നീർക്കയത്തിലേയ്ക്കു് ഇഴഞ്ഞിറങ്ങുന്നു.

വീണ്ടും വിളിച്ചു ചോദിക്കണമെന്നവനു തോന്നിയില്ല. ഇടിഞ്ഞുപൊളിഞ്ഞു കിടന്ന ആ പീടികത്തിണ്ണയിൽ തന്റെ കൊച്ചുചാക്കുകെട്ട് തലയ്ക്കു വച്ചുകൊണ്ടു് അവൻ കിടന്നു, വേദനിക്കുന്ന നിമിഷങ്ങൾ...... അങ്ങകലെ തന്റെ ആഗമനം പ്രതീക്ഷിച്ചിരിക്കുന്ന പത്തു കണ്ണുകൾ........ നിമിഷങ്ങൾ ആരേയും കാത്തു നില്ക്കാതെ കടന്നുപോയി. അവൻ തേങ്ങിത്തേങ്ങി കരഞ്ഞു. ആരുണ്ടതു കേൾക്കാൻ? അവൻ ആ കിടപ്പിൽ ഒന്നു മയങ്ങി.

അടുത്തുള്ള ദേവാലയത്തിൽനിന്നു്, പാതിരാവിന്റെ ശ്മശാനമൂകതയിൽ സമാധാനത്തിന്റെയും ആനന്ദത്തിന്റെയും സുവിശേഷവാർത്തയറിയിച്ചുകൊണ്ടു് കതിനാവെടികളുടെ ഇരമ്പലുകളും മണിമുഴക്കങ്ങളും അന്തരീക്ഷത്തിൽ മാറ്റൊലിക്കൊണ്ടു. ജീവലോകം പിടഞ്ഞെണീററു. ഒരു രാക്കിളി ആ പീടികത്തിണ്ണയിലേയ്ക്കു പറന്നുവന്നു, ഇനിയും ഉണർന്നിട്ടില്ലാത്ത ആ ക്ഷീണിതഗാത്രനെ പുതിയ മംഗളവാർത്തയറിയിക്കുവാൻ........അവൻ ഞെട്ടിയുണർന്നു. നൂററാണ്ടുകൾക്കു മുൻപ് മാലാഖമാർ പാടിയ ആ സുന്ദരഗാനം, മനുഷ്യക്കുഞ്ഞുങ്ങൾ മൈക്കിലൂടെ ആലപിക്കുന്നതവൻ കേട്ടു: "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ നല്ല മനസ്സുള്ളവർക്കു സമാധാനം."

ഉറക്കം അവനു് അല്പം ഉന്മേഷം നല്കിയിരുന്നു. അവൻ ദേവാലയത്തെ ലക്ഷ്യംവച്ചു നടന്നു. കഴിഞ്ഞ വർഷത്തെ ആനന്ദപ്രദമായ ക്രിസ്മസ് വെറുമൊരു യക്ഷിക്കഥപോലെ അവനു തോന്നി. അവൻ പള്ളിനടകൾ ചവുട്ടിക്കയറി, തന്നെപ്പോലെ നിസ്സഹായനായ തന്റെ ഏകസ്നേഹിതനെക്കണ്ടു്, തന്റെ ആകെയുള്ള സമ്പാദ്യം—ആ നാലണത്തുട്ട്—പൊന്നുണ്ണിക്കു് കാഴ്ചവച്ചു് കൃതാർത്ഥനാകുവാൻ. അവന്റെ "നല്ലമനസ്സിനു്" അവിടുന്നു് സമാധാനം നൽകാതിരിക്കുമോ?

വി. കുർബ്ബാനയും വാഴ്‌വും കഴിഞ്ഞു് മററുള്ളവരോടുകൂടി അവനും പുറത്തിറങ്ങി. എല്ലാവരും തങ്ങളുടെ വീടുകളിലേയ്ക്കു തിരിച്ചു. അവൻ എങ്ങോട്ടു പോകാനാണു്. പള്ളിനടയിൽ ഇരുന്നു, എന്തു ചെയ്യണമെന്നു നിശ്ചയമില്ലാതെ.

"നീ വീട്ടിൽ പോയില്ലേ കൊച്ചേ?"

അവൻ തല ഉയർത്തി നോക്കി. സൂസന്നാമ്മയും കൊച്ചുമോനും അവന്റെ മുൻപിൽ നില്ക്കുന്നു.

"നീ കുർബ്ബാന കണ്ടതാണോ?" അവർ വീണ്ടും ചോദിച്ചു.

"അതെ." അലക്ഷ്യമായി അവൻ മറുപടി കൊടുത്തു.

"ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. നിന്നാൽ കുർബ്ബാനയുടെ സമയം തെററും." അവർ ധൃതിയിൽ നടന്നു പള്ളിയിലേയ്ക്കു്.

"അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ നല്ല മനസ്സുള്ളവർക്കു സമാധാനം!" ആ ദിവ്യസൂക്തി അപ്പോഴും അവന്റെ ചെവികളിൽ മുഴങ്ങുന്നുണ്ടായിരുന്നു.

അവൻ ഒന്നുകൂടി തിരിഞ്ഞുനോക്കി, "ദൈവം അനുഗ്രഹിച്ച" ആ സ്ത്രീയെ. ഒരു നിമിഷവും അവിടെ നിന്നില്ല. അവൻ നടയിറങ്ങി നടന്നു, ദൈവാനുഗ്രഹത്തെമാത്രം പ്രതീക്ഷിച്ചുകൊണ്ടു്.

●

---

വേദനിപ്പിക്കുന്ന വാക്കുകൾ അവളിൽനിന്നു പുറപ്പെട്ടിട്ടില്ല. തേനീച്ചകൾ പുഷ്പങ്ങളിലെ തേൻമാത്രം ആസ്വദിച്ചു് ഉന്മേഷചിത്തരായി പാടിപ്പറന്നു നടക്കുന്നു. അവ മലിനസാധനങ്ങളെ സ്പർശിക്കുന്നില്ല. അതുപോലെ അൽഫോൻസാമ്മ ലൗകികങ്ങളായവയെ ഉപേക്ഷിച്ചു് ആദ്ധ്യാത്മികങ്ങളായവയിൽ ശ്രദ്ധചെലുത്തി. ദിവ്യഈശോയുടെ ഇഷ്ടംമാത്രം ആരാഞ്ഞു. അദ്ദേഹത്തിനു അനിഷ്ടം വരാവുന്ന യാതൊന്നും അവൾ ഉരിയാടിയില്ല. അതിൽനിന്നുണ്ടാകുന്ന ക്ലേശങ്ങൾ നാം സഹിക്കയും ക്ഷമിക്കയും മറക്കയും അതേപ്പററി മററാരോടും പറയാതിരിക്കയും ചെയ്യുന്നതു ഉപവിയാകുന്നു എന്നവൾ മററുള്ളവരെ ഉപദേശിച്ചിരുന്നു. അൽഫോൻസാമ്മയുടെ ജീവിതം ആജീവനാന്തം അപ്രകാരംതന്നെയായിരുന്നല്ലോ.

ഇത്തരം ചിട്ടകളോടെ അവൾ ജീവിച്ചിരുന്നെങ്കിലും സംസാരകലയിൽ അവൾക്കു് അസാധാരണമായ പാടവമുണ്ടായിരുന്നു. അസ്സീസി പുണ്യവാനെക്കുറിച്ചു് ഒരു പ്രസംഗം പറയുവാൻ ഒരു ബ. വൈദികൻ അവളോടു് ആവശ്യപ്പെട്ടു. ഉടൻതന്നെ പറഞ്ഞ പ്രസംഗം കേട്ടു് അദ്ദേഹവും അടുത്തു നിന്ന കന്യാസ്ത്രീകളും അതിശയിച്ചുപോയി. ആശയഗാംഭീര്യവും വാചാലതയും തുളുമ്പുന്ന ആ പ്രസംഗത്തിനു് ബ. അച്ചൻ സന്തോഷപൂർവ്വം അഞ്ചു രൂപ സമ്മാനിക്കയുണ്ടായി. അവൾ സ്വയം നിർമ്മിച്ച മംഗളഗാനങ്ങളും മംഗളപ്രസംഗങ്ങളും മൂലം ശ്രോതാക്കളെ അവസരോചിതം ആനന്ദിപ്പിച്ചിട്ടുണ്ടു്.

# സൊഡാലിററി വാർത്തകൾ

**മണിക്കടവ്:** സൊഡാലിററി-സൺഡേ സ്കൂൾ സംയുക്ത വാർഷികം 27-4-64-ൽ റവ. ഫാ. ജെ. നെടുമ്പള്ളിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു. റവ. ഫാ. സഖറിയാസ് തയ്യിൽപ്പറ B. A., റവ. ഫാ. തോമസ് ചിറാങ്കുഴി, മാസ്റ്റർ എബ്രഹാം ചാണ്ടി, പി. എം. മാത്യു, ററി. എം. മേരി എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികളും "വെളിച്ചം വീശുന്നു" എന്ന നാടകവും സമ്മേളനത്തെ സമാകർഷകമാക്കി.

**അരക്കുഴ:** മരിയാസഖ്യത്തിൻെറ 36-ാം വാർഷികം മേയ് 16, 17 തീയതികളിൽ ആഘോഷിച്ചിരിക്കുന്നു. 17-ാംനു ഉച്ചതിരിഞ്ഞു നടത്തിയ പൊതുയോഗത്തിൽ റവ. ഫാ. തോമസ് തുടിയൻപ്ലാക്കൽ B. D. ആദ്ധ്യക്ഷ്യം വഹിച്ചു. ശ്രീ. കെ. സി. മാത്യു B. A., B. Ed, കുമാരി കാതറൈൻ ജോർജ്ജ് B. Sc. എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം "ഒരു ഹൃദയവും രണ്ടു കണ്ണുകളും" എന്ന സാമൂഹ്യനാടകം സൊഡാലിററി അംഗങ്ങൾ അഭിനയിക്കുകയുണ്ടായി.

**പോത്തന്നോർ:** മേയ് 17-ാംനു വൈകിട്ട് സൊഡാലിററിയുടേയും മററു ഭക്തസംഘടനകളുടേയും വാർഷികം റവ. ഫാ. ജി. എഫ്. ചൂണ്ടൽ അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു. ശ്രീ. ഇ. എ. ചാക്കുണ്ണി D. E. E. പ്രസംഗിച്ചു. റവ. ഫാ. ജോസ്, എ. വാഴപ്പിള്ളി സ്വാഗതവും കുമാരി ചിയാമ ജോൺ കൃതജ്ഞതയും പറഞ്ഞു. കുട്ടികളുടെ ലഘുകലാപരിപാടികളും പ്രഹസനവും ആഘോഷങ്ങൾക്കു മാറേററി.

**മരിയാപുരം:** സൊഡാലിററിയുടെ ഇക്കൊല്ലത്തെ വാർഷികധ്യാനം മേയ് 22, 23, 24 തീയതികളിൽ നടത്തിയിരിക്കുന്നു. 25-ാംനു കാലത്തു് പൊതു ദിവ്യകാരുണ്യസ്വീകരണം, പ്രതിഷ്ഠാനവീകരണം എന്നിവയോടുകൂടി പരിപാടികൾ അവസാനിച്ചു. ധ്യാനഗുരു റവ. ആൻറണി ചെമ്മണ്ണൂർ അവർകൾ ആയിരുന്നു.

**മടത്തുംപടി:** 31-5-64. റവ. ഫാദർ തോമസ് വാഴപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച പൊതുയോഗത്തിൽവച്ചു് സൊഡാലിററിയും കത്തോലിക്കാ കോൺഗ്രസ്സിൻെറ ഒരു ശാഖയും ഉൽഘാടനം ചെയ്യപ്പെട്ടു. 50 പേർ പുതിയ സൊഡാലിററിയിൽ അംഗങ്ങളായി ചേർന്നു. സർവ്വശ്രീ കെ. ഒ. ദേവസ്സി, ജോസ് മൂഞ്ഞേലി എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ കലാപരിപാടികൾ പലതുണ്ടായിരുന്നു. സംഘടനകളുടെ ഡയറക്ടർ റവ. ഫാ. ജോൺ ചെമ്മണ്ണൂർ സമ്മേളനത്തിനു് സ്വാഗതവും കൃതജ്ഞതയും ആശംസിച്ചു.

**ഇരിങ്ങാലക്കുട:** ഫൊറോനപ്പള്ളിയിലെ മരിയൻ സൊഡാലിററിവാർഷികം മേയ് 24-ാംനു ആഘോഷിച്ചിരിക്കുന്നു. അദ്ധ്യക്ഷൻ റവ. ഫാ. എസ്. തേർമഠം M. O. L. അവർകളും പ്രാസംഗികൻ ശ്രീ. ജോസഫ് കോളേങ്ങാടനും ആയിരുന്നു. ബാലികാബാലന്മാരുടെ കലാപരിപാടികൾ യോഗത്തെ മോടിപിടിപ്പിച്ചു. സമ്മേളനാനന്തരം "പാപമില്ലാത്തവൻ കല്ലെറിയട്ടെ" എന്ന ഡ്രാമ അഭിനയിക്കപ്പെട്ടു.

**മൈലക്കൊമ്പ്:** മരിയസഖ്യത്തിൻെറ 23-ാം വാർഷികം മേയ് 22, 23, 24 തീയതികളിൽ വിവിധ പരിപാടികളോടെ ആഘോഷിച്ചിരിക്കുന്നു. 23-ാംനു സൊഡാലിററി ഡയറക്ടർ റവ. ഫാദർ ജോർജ്ജ് പിട്ടാപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽവച്ചു് പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു. 24-ാംനു റവ. ഫാദർ സി. എൽ. ഞറളക്കാട്ട് അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുസമ്മേളനം ചേർന്നു. റവ. സിസ്റ്റർ ജോൺ മേരി, ശ്രീ. വി. സി. ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. വേദോപദേശപ്പരീക്ഷയിലും കലാ-കായികമത്സരങ്ങളിലും വിജയികളായവർക്കും സൊഡാലിററിയിൽ നന്നായി പ്രവർത്തിക്കുന്നവർക്കും സമ്മാനങ്ങൾ നല്കുകയുണ്ടായി.

**തൊയക്കാവ്:** 28-5-64. സൊഡാലിററിയുടേയും മററു ഭക്തസംഘടനകളുടേയും സംയുക്തവാർഷികം റവ. ഫാ. മാത്യു തൈപറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു. "നീറുന്ന ഹൃദയങ്ങൾ" എന്ന നാടകം സൊഡാലിസ്ററുകൾ അവതരിപ്പിച്ചു. വിവിധ മത്സരങ്ങളിൽ വിജയിച്ച 146 പേർക്ക് സമ്മാനങ്ങൾ നല്കപ്പെട്ടു.

**ആലപ്പുഴ:** സെൻറ് ജോസഫ്സ് കനോസ്യൻ കോൺവെൻറ് ഗേൾസ് ഹൈസ്കൂൾ സൊഡാലിററിയുടെ രണ്ടാം മദ്ധ്യസ്ഥയായ വി. ആഗ്നസിൻെറ തിരുനാൾദിനം (ജനു: 21) 62 സാധുകുട്ടികൾക്കു് ഉച്ചഭക്ഷണം നല്കി. ഭക്ഷ്യവിഭവങ്ങൾ പാകംചെയ്തതു് സൊഡാലിററിയംഗങ്ങൾതന്നെയാണ്. ഈ സൊഡലിററിയുടെ 62-ാം വാർഷികദിനമായ ഫെബ്രുവരി 2-ാംനു രണ്ടു സാധുവീട്ടുകാർക്കു് പുര മേയുന്നതിനുള്ള സാധനസാമഗ്രികൾ നല്കി സഹായിച്ചു. ഈ സൊഡാലിററിയിലെ അംഗങ്ങൾ ഗ്രൂപ്പുകളായി ഇടയ്ക്കിടെ സാധുഭവനങ്ങൾ സന്ദർശിക്കുകയും കഴിയുന്നത്ര സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നുണ്ട്. കേരളാ റീജ്യനൽ സൊഡാലിററി പ്രമോട്ടർ റവ. ഫാ. ചുമ്മാർ വടക്കൂട്ട് S. J. യാണു് ഈ സൊഡാലിററിയുടെ ഡയറക്ടർ.

**മാപ്രാണം:** മരിയാസഖ്യവാർഷികം മേയ് 17-ാംനു- ആഘോഷിച്ചു. അദ്ധ്യക്ഷൻ: വെരി റവ. ഫാദർ ജോർജ്ജ് അക്കര. പ്രാസംഗികൻ: ശ്രീ. ഏ. പി. ജോർജ്ജ് B. A., B. L. കുട്ടികളുടെ കലാപരിപാടികൾ ഒട്ടേറെ. നാടകം: "മാനം തെളിഞ്ഞു."

**മഞ്ഞപ്ര:** മരിയാസഖ്യത്തിന്റെ 33-ാം വാർഷികം മേയ് 3-ാംനു- റവ. ഫാ. സേവ്യർ ചെറുവള്ളിക്കാട്ട് B. Sc. യുടെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു. പ്രാസംഗിക മിസ്സ് കൊച്ചുത്രേസ്യ Bc. S., B. Ed. ആയിരുന്നു. കുട്ടികളുടെ ലഘുകലാപരിപാടികൾ സമ്മേളനത്തിനു കൊഴുപ്പു കൂട്ടി. "ബന്ധം ബന്ധനമല്ല" എന്ന നാടകം പരിപാടികൾക്കു തിലകം ചാർത്തി.

**പരിയാരം:** തൃശ്ശൂർ രൂപതാ വികാരി ജനറാൾ മോൺ സഖറിയാസ് വാഴപ്പിള്ളി L. Ph., D. D. അവർകളുടെ അദ്ധ്യക്ഷതയിൽ സൊഡാലിററിയുടേയും മററു ഭക്തസംഘടനകളുടേയും സംയുക്തവാർഷികം ജൂൺ 7-ാംനു- ആഘോഷിച്ചു. ശ്രീ പി. കെ. ഇട്ടൂപ്പ് B. A., B. L. പ്രസംഗിച്ചു. റവ. ഫാ. ഫ്രാൻസിസ് കരിപ്പേരി സദസ്സിനു സ്വാഗതമാശംസിച്ചു. പി. കെ. ജോർജ്ജ് നന്ദി രേഖപ്പെടുത്തി. "കലപ്പില്ലാത്ത പുരാഗമനം" എന്ന നാടകം പൊതുയോഗത്തിനു പരിവേഷമണിയിച്ചു.

**കുറിയച്ചിറ:** മേയ് 17. ജൂനിയർ-സീനിയർ സൊഡാലിററികളുടെ വാർഷികം ആഘോഷിച്ചു. അദ്ധ്യക്ഷൻ: റവ. ഫാ. ജോസഫ് കുണ്ടുകുളം. ബാലികാബാലന്മാരുടെ ലഘുകലാപരിപാടികൾ വളരെയുണ്ടായിരുന്നു. നാടകം: "മാനം തെളിഞ്ഞു"

## ശതാബ്ദജൂബിലിയാഘോഷം

**ചിറയ്ക്കൽ:** കണ്ണൂർ ജില്ലയിൽ ചിറയ്ക്കൽ മിഷനിൽപ്പെട്ട 10 ഇടവകകളിലെ സൊഡാലിററികൾ ഒരുമിച്ച് 10 ദിവസത്തെ പരിപാടികളോടെ സൊഡാലിററി സ്ഥാപനത്തിന്റെ നാലാം ശതവാർഷികം കെങ്കേമമായി ആഘോഷിച്ചിരിക്കുന്നു. ധ്യാനം, സ്റ്റഡിക്ലാസ്സുകൾ, ജപമാലപ്രദക്ഷിണം, പൊതുദിവ്യകാരുണ്യസ്വീകരണം മുതലായവ പരിപാടികളിൽ പ്രാധാന്യമർഹിക്കുന്നവയാണ്.

അവസാനദിവസമായ മേയ് 10-ാംനു- സായാഹ്നദിവ്യബലിയോടുകൂടി സമാപനച്ചടങ്ങുകൾ ആരംഭിച്ചു. താവം ദേവാലയാങ്കണത്തിൽ പ്രത്യേകം തയ്യാറാക്കിയ 'മരിയനഗറി'ൽ ചേർന്ന പൊതുസമ്മേളനത്തിൽ റൈററ് റവ. മോൺ. ജെ. ബി. റോഡ്രിഗ്സ് അദ്ധ്യക്ഷത വഹിച്ചു. വിവിധ സഖ്യങ്ങളുടെ വകയായി ഒട്ടേറെ കലാപരിപാടികളുണ്ടായിരുന്നു. ചിറയ്ക്കൽ മരിയാസഖ്യത്തിന്റെ കൈയ്യെഴുത്തു മാസികയായ "മരിയഹാരം" അദ്ധ്യക്ഷൻ ഉൽഘാടനം ചെയ്തു. "ചിതച്ചതു കൊയ്യുന്നു" എന്ന സാമൂഹ്യനാടകം യോഗാവസാനം ഭംഗിയായി അഭിനയിക്കപ്പെട്ടു

# സൊഡാലിററി ഒപ്പീസ്

*(196-ൽനിന്നു തുടർച്ച)*

ഇപ്പോൾ ഭാഗ്യവതിയായ കന്യകയുടെ സ്തുതികൾ പാടുവിൻ."—ഭക്തിയോടും ഉത്സാഹത്തോടുംകൂടി മാതാവിനെ സ്തുതിക്കുവാനുള്ള ഒരാഹ്വാനമാണിതു്. മരിയമക്കൾ നിരനിരയായി നിന്ന് ഉയർന്നസ്വരത്തിലും മനോഹരമായ വിധത്തിലും ഒപ്പീസ് ചൊല്ലേണ്ടതാണ്. അലസതയും ദുരഭിമാനവും മൂലം ഈ വിശിഷ്ടപ്രാർത്ഥന അലങ്കോലമാകാതിരിക്കട്ടെ.

ഈ യാമത്തിലെ കീർത്തനങ്ങളിൽ മാതാവിന്റെ മഹനീയസ്ഥാനങ്ങൾ അനുസ്മരിക്കപ്പെടുന്നു. അവിടുന്ന് സ്വർഗ്ഗരാജ്ഞിയും ലോകനാഥയും ദൈവമാതാവും പരിശുദ്ധാത്മാവിന്റെ വധുവും ഉത്തമകന്യകയും പ്രഭാതതാരവുമാണെന്ന് നമ്മൾ ഏററുപറയുന്നു. ഈ മഹത്വത്തിനെല്ലാം നിദാനം ദൈവദത്തമായ പ്രസാദവരവും ദിവ്യപ്രകാശവുമാണെന്ന സത്യം അനുസ്മരിക്കയും ചെയ്യുന്നു. അങ്ങനെ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം പരി. മറിയത്തെ മഹത്വപ്പെടുത്തിയെന്ന് ആഹ്ളാദപൂർവ്വം നമ്മൾ പ്രസ്താവിക്കുന്നു. അതെ, "ദൈവം അവളെ മുൻകൂട്ടിത്തന്നെ തെരഞ്ഞെടുത്തു് തന്റെ കൂടാരത്തിൽ വസിപ്പിച്ചു."

ഓരോ യാമത്തിലേയും കീർത്തനങ്ങൾക്കു ശേഷം വരുന്ന "പ്രാർത്ഥിക്ക"യിൽ രണ്ടു കാര്യങ്ങൾ മാതാവിന്റെ മാദ്ധ്യസ്ഥ്യംവഴി അപേക്ഷിക്കുന്നു: നമ്മുടെ പാപങ്ങളുടെയെല്ലാം മോചനവും നിത്യഭാഗ്യപ്രാപ്തിയും.

ഇപ്രകാരം, ഈ പ്രഭാതജപത്തിൽ പരി. അമ്മയുടെ ഔന്നത്യത്തെ പ്രകീർത്തിക്കുന്നതോടുകൂടി എല്ലാവരും ഈ മഹാമാതാവിനെ ബഹുമാനിക്കാൻ ഇടയാകണമെന്ന് ഒരു നിയോഗം വയ്ക്കുന്നതു് നന്നായിരിക്കും. (തുടരും)




# സൊഡാലിററിലോകം

•

## സൊഡാലിററി എക്സിബിഷൻ

റോമിലെ സൊഡാലിററി സെൻട്രൽ സെക്രട്ടറിയേററിൽ ഒരു സ്ഥിരം സൊഡാലിററി എക്സിബിഷൻ ഏർപ്പെടുത്തുവാൻ നടപടികൾ എടുത്തുവരുന്നു. എല്ലാ രാജ്യങ്ങളിലുമുള്ള സൊഡാലിററി മാസികകൾ, മററു സൊഡാലിററി പ്രസിദ്ധീകരണങ്ങൾ, സൊഡാലിററി പ്രവർത്തനങ്ങളെ വ്യക്തമാക്കുന്ന ചിത്രങ്ങൾ, സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്ന ചാർട്ടുകൾ—എന്നിങ്ങനെ സൊഡാലിററിയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അതിൽ ഉൾപ്പെടുത്തുന്നതാണ്.

## പ്രീമാ പ്രിമാരിയ

ലോകത്തിൻെറ നാനാഭാഗങ്ങളിലുമുള്ള 38 രാജ്യങ്ങളിൽനിന്നായി 1963_ൽ റോമിലെ "പ്രീമാ പ്രിമാരിയാ"യോട് സംയോജിപ്പിച്ചിട്ടുള്ള മരിയാസഖ്യങ്ങളുടെ എണ്ണം 243 ആണ്. അതിൽ ഇൻഡ്യയ്ക്ക് നാലാം സ്ഥാനമാണുള്ളത്. ചില പ്രധാന രാജ്യങ്ങളുടെ കണക്ക് താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| അമേരിക്ക (U. S. A.) | 87 | ഫിലിപ്പൈൻസ് .... | 33 |
| സ്പെയിൻ .... .... | 17 | ഇൻഡ്യ .... .... | 11 |
| കാനഡ .... .... | 10 | ജർമ്മനി .... .... | 9 |

നാളിതുവരെ 'പ്രീമാ പ്രിമാരിയാ'യുമായി അഫിലിയേററു ചെയ്തിട്ടുള്ള സൊഡാലിററികളുടെ എണ്ണം 85,182 ആകുന്നു.

**ബോംബെ:** സൊഡാലിററി ഹൗസിൽ പ്രവർത്തിക്കുന്ന പുരുഷന്മാരുടെ സൊഡാലിററിയുടെ ആഭിമുഖ്യത്തിൽ "ക്രൈസ്തവപ്രാർത്ഥന" എന്ന വിഷയത്തെ ആസ്പദമാക്കി, അക്രൈസ്തവരെ ഉദ്ദേശിച്ച്, ഒരു സിമ്പോസിയം നടത്തുകയുണ്ടായി. നാല്പത്തെട്ട് അക്രൈസ്തവർ ഇതിൽ സംബന്ധിച്ചു. മി. മൈക്കിൾ പാർവേ പ്രാർത്ഥനയുടെ സത്തയേയും, ബൈബിളിൽനിന്നുദാഹരിച്ചുകൊണ്ട് ക്രിസ്തുവിൻെറ പ്രാർത്ഥനാരീതിയേയും പററി പ്രതിപാദിച്ചു. മനുഷ്യാത്മാവിൻെറ ആഗ്രഹങ്ങളുടേയും മാനുഷികാവശ്യങ്ങളുടേയും പശ്ചാത്തലത്തിൽ പ്രാർത്ഥിക്കേണ്ട വിധത്തേയും പ്രാർത്ഥനയുടെ വിവിധ ഭാവങ്ങളേയും പുരസ്കരിച്ച് മി. നസാരിയോ പെരെയ്ര സംസാരിച്ചു. അദ്ധ്യക്ഷത വഹിച്ചിരുന്ന റവ. ലാൻസലോട്ട് S. J. ഭാരതീയ പ്രാർത്ഥനാരീതിയും ക്രൈസ്തവപ്രാർത്ഥനാരീതിയും തമ്മിൽ ചില കാര്യങ്ങളിലുള്ള സംയോജ്യതയെപ്പററി പ്രസംഗിക്കുകയുണ്ടായി.

**തെക്കേ ആഫ്രിക്ക:** തെക്കെ ആഫ്രിക്ക, റൊഡേഷ്യ എന്നീ രാജ്യങ്ങളിലെ മെത്രാന്മാർ ചേർന്ന് "തെക്കേ ആഫ്രിക്കയ്ക്കു വേണ്ടിയുള്ള സൊഡാലിററി നിയമങ്ങൾ"ക്ക് അംഗീകാരം നൽകിയിരിക്കുന്നു. മെത്രാന്മാരുടെ ഒരു പ്രാദേശികസമിതി, പ്രാദേശികമായ സൊഡാലിററി നിയമങ്ങളുണ്ടാക്കി അംഗീകരിക്കുക ഒരുപക്ഷേ ചരിത്രത്തിലാദ്യമായിരിക്കണം. ഈ നിയമങ്ങൾ, സൊഡാലിററിയുടെ സാധാരണ നിയമങ്ങളേക്കാൾ ദീർഘവും, കൂടുതൽ വ്യക്തവും പ്രാദേശികാവശ്യങ്ങളെ നേരിടുവാൻ തക്ക വിധത്തിലുമാണ് തയ്യാറാക്കിയിട്ടുള്ളത്.

**ജപ്പാൻ:** ടോക്കിയോ മേജർ സെമ്മിനാരിയിലെ ശെമ്മാശ്ശന്മാരുടെ സൊഡാലിററി ഈയിടെ അവരുടെ പത്താം വാർഷികം ആഘോഷിച്ചിരിക്കുന്നു. സൊഡാലിററിയംഗത്വം വൈദികവിദ്യാർത്ഥികളെ പൗരോഹിത്യത്തിനു കൂടുതൽ നന്നായി ഒരുക്കുന്നുവെന്ന് അധികാരികൾക്കു ബോദ്ധ്യമായിട്ടുണ്ട്. ഈ സൊഡാലിററിയിൽപ്പെട്ട ശെമ്മാശ്ശന്മാർ മററു ഇടവകസൊഡാലിററികളുമായി പലതരത്തിലും ബന്ധം പുലർത്തി അവയുടെ ചൈതന്യം ഉയർത്തിക്കൊണ്ടുവരുവാൻ പരിശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്യുന്നുണ്ട്. ജപ്പാനിലെ ഔദ്യോഗിക സൊഡാലിററി ബുള്ളററിൻ (കൊല്ലത്തിൽ രണ്ടു പ്രാവശ്യം വീതം) പ്രസിദ്ധീകരിക്കുന്നത് ശെമ്മാശ്ശന്മാരുടെ ഈ സൊഡാലിററിയാണ്.

**തെക്കൻ റൊഡേഷ്യ:** സാലിസ്ബറി സർവ്വകലാശാലാ വിദ്യാർത്ഥി സൊഡാലിററിയുടെ ആഭിമുഖ്യത്തിൽ "ആഫ്രിക്കയിലെ വിദ്യാഭ്യാസം" എന്ന വിഷയത്തെ അധികരിച്ച് ഒരു ചർച്ചാസമ്മേളനം സംഘടിപ്പിച്ചിരിക്കുന്നു. മൂന്നു ദിവസത്തെ ചർച്ചകളിൽ 120 വിദ്യാഭ്യാസപ്രവർത്തകർ പങ്കെടുത്തു. ജാതിമതവ്യത്യാസമെന്യെ എല്ലാ വിദ്യാർത്ഥികളേയും കത്തോലിക്കാ സ്കൂളുകളിൽ പ്രവേശിപ്പിക്കുക, ആഫ്രിക്കൻ ഭാഷകൾക്കും ജീവിതസമ്പ്രദായങ്ങൾക്കും പാഠപദ്ധതിയിൽ കൂടുതൽ സ്ഥാനം നൽകുക, സ്ത്രീവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക, ഒരു കത്തോലിക്കാ വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുക, രക്ഷിതാക്കളുടേയും അദ്ധ്യാപകരുടേയും ഒരു സംഘടന കെട്ടിപ്പടുക്കുക — എന്നിവയായിരുന്നു സമ്മേളനതീരുമാനങ്ങൾ. (നാടിൻെറ ജീവൽപ്രശ്നങ്ങൾക്ക് സഭയുടെ കാഴ്ചപ്പാടിലൂടെ പ്രതിവിധികൾ കണ്ടുപിടിച്ച് പ്രവർത്തിക്കുവാൻ ഈ കാപ്പിരികൾക്കുപോലും സാധിക്കുന്നു. നമ്മുടെ സ്ഥിതിയോ?)

**സ്പെയിൻ:** മാഡ്രിഡിൽ ഉദ്യോഗസ്ഥന്മാർക്കു വേണ്ടിയുള്ള സൊഡാലിററി ഇക്കൊല്ലം നടത്തിയ 30 ദിവസത്തെ ഏകാന്തധ്യാനത്തിൽ 75 പേർ പങ്കുകൊണ്ടു. എട്ടാമത്തെ കൊല്ലമാണ് അവരിങ്ങനെ ഒരു മാസത്തെ ധ്യാനം നടത്തുന്നത്. ചിലർ അവധിക്കാലവും ചിലർ ഒന്നോ രണ്ടോ കൊല്ലത്തെ അവകാശാവധി ഒന്നിച്ചെടുത്തുമാണ് ധ്യാനത്തിൽ സംബന്ധിച്ചത്. (രണ്ടു മാസത്തെ ഒഴിവുകാലമുണ്ടായിട്ട് കേരളത്തിലെ എത്ര വിദ്യാർത്ഥിസൊഡാലിററികൾ ഒരാഴ്ചത്തെ വാർഷികധ്യാനം നടത്തിക്കാണും?)


സുരഭിലമായ സ്നാനത്തിനും
നിൎമ്മലമായ ചൎമ്മത്തിനും



അജന്ത
നാല്പാമര
സോപ്പ്

AJANTA CHEMICALS (REGD.) POONITHURA

മഞ്ഞിലാസിന്റെ ആട്ടമാക്ക്



ശീലക്കുടകൾ
ഉപയോഗിക്കുക.
ആട്ടമാക്ക് കുടകൾ എല്ലാ കച്ചവട
ക്കാരിൽനിന്നും ലഭിക്കുന്നു.
മിതമായ വിലയ്ക്ക് മികച്ച സേവനം

മഞ്ഞിലാസ് അമ്പ്രല്ലാ മാട്ട്
പോസ്റ്റ്ഓഫീസ്റോഡ് തൃശ്ശൂർ-1

*PERMISSU SUPERIORUM*

Edited & Published by Fr. J. Chemmanoor B. A., Printed at the Union Press, Mariapuram, Trichur-5.




പോസ്റ്റ് ഓഫീസ്സ് സേവിങ്ങ്സ് ബേങ്ക്

നിങ്ങളുടെ വീട്ടുപടിക്കൽ ഒരു ബേങ്ക്

* നിങ്ങളുടെ പണത്തിന്നു് പരിപൂർണ്ണമായ സംരക്ഷണം
* ഇഷ്ടമുള്ളപ്പോൾ നിങ്ങൾക്ക പണം നിക്ഷേപിക്കാം
* നിങ്ങൾക്കാവശ്യമുള്ളപ്പോൾ പണം പിൻവലിക്കാം
* കൊല്ലത്തിൽ മൂന്നു ശതമാനം നികുതിയില്ലാത്ത പലിശ

DA 64/63

ദേശീയ സമ്പാദ്യ സംഘടന